# കരയോഗ സൗഹൃദം

*സത്യം പരം ധീമഹി*

**Rs. 6**

**മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം**

**Pages 52**

വാല്യം - 15 | ലക്കം - 8 | കർക്കിടകം - 1198 | ആഗസ്റ്റ് 2023





എറണാകുളം കരയോഗം
എൽഡർ സിറ്റിസൺസ് ഫോറത്തിന്റെ
വാർഷികാഘോഷം പ്രസിഡണ്ട് ഭദ്രദീപം
കൊളുത്തി ഉത്ഘാടനം ചെയ്യുന്നു.



എറണാകുളം കരയോഗത്തിൽ നടന്ന
അഖണ്ഡ രാമായണ പാരായണം
പ്രസിഡണ്ട് ഭദ്രദീപം കൊളുത്തി
ഉത്ഘാടനം ചെയ്യുന്നു.


# THOTTEKKATT DIWAN'S MEMORIAL A/C HALLS

## (TDM HALLS)

1. GANGA
2. PERIYAR – DINING HALL
3. KAVERY
4. SOORYA – DINING HALL
5. YAMUNA
6. NILA – DINING HALL
7. PAMBA
8. NARMADA
9. SARASWATHY – DINING HALL
10. GODAVARY – CONFERENCE HALL
11. KRISHNA – EXHIBITION HALL
12. SARAYU

For Details Contact: 0484 2361160, 9447171160

Email: ekmkgm@gmail.com, Web: www.ernakulamkarayogam.com



## എഡിറ്റോറിയൽ

# ഓണം എങ്ങനെ ആഘോഷിക്കും.

**ആ**ഗസ്റ്റ് 17ന് മലയാളത്തിന്റെ പുതുവർഷം പിറക്കുകയാണ്. 29ന് തിരുവോണവും. ഓണം എന്നത് നമ്മുടെ മലയാളിയുടെ ദേശീയോത്സവമാണല്ലോ എവിടെ മലയാളിയുണ്ടോ അവിടെ ഓണവും ഉണ്ട്. ഇന്ന് കേരളത്തിലുള്ള നാം ആഘോഷിക്കുന്നതിനേക്കാൾ എത്രയോ കേമമായിട്ടാണ് മറുനാട്ടിലുള്ളവർ ഓണം ആഘോഷിക്കുന്നത്. നമ്മുടെ ഈ ഓണാഘോഷത്തിന് രണ്ടായിരം വർഷങ്ങൾക്ക് മേൽ പഴക്കമുണ്ടെന്നാണ് രേഖകൾ സൂചിപ്പിക്കുന്നത്. ക്രിസ്തുവർഷാരംഭത്തിൽ തന്നെ രചിക്കപ്പെട്ടതെന്ന് കരുതപ്പെടുന്ന തമിഴിലെ പതിറ്റിപത്ത് പാട്ടുകളിലെ 'മതുരൈകാഞ്ചിയിൽ' ഓണത്തെപറ്റിയുള്ള പരാമർശങ്ങളുണ്ട്. ഇത്രയും പഴക്കമുള്ളതും സർവ്വമാന ജനങ്ങളും ഒരുപോലെ ആഘോഷിക്കുന്നതുമായ മറ്റൊരാഘോഷം മലയാളിക്കില്ല. ഓണാഘോഷത്തെ പറ്റിയും അതിന്റെ ഉത്ഭവത്തെപറ്റിയും ഒട്ടേറെ ഐതീഹങ്ങൾ നിലവിലുണ്ട്. അതിൽ ഏറ്റവും പ്രധാനവും പ്രചുരപ്രചാരം നേടിയിട്ടുള്ളതുമായ കഥ, പ്രഹ്ളാദന്റെ പൗത്രനും ഭക്തോത്തമനുമായിരുന്ന മഹാബലി ജനങ്ങൾക്ക് സർവ്വവിധ ഐശ്വര്യങ്ങളും പ്രദാനം ചെയ്തുകൊണ്ട് നാടു ഭരിച്ചിരുന്നുവെന്നും അദ്ദേഹത്തെ വിഷ്ണുഭഗവാൻ പാദാനുഗ്രഹം നല്കി അനുഗ്രഹിച്ച്, അടുത്ത മന്വന്തരത്തിലേ ഇന്ദ്രനാ യി സ്ഥാനം നല്കുകയും അതുവരെ പാർക്കുവാൻ സുതലത്തിലേക്കയച്ചുവെന്നും, വർഷത്തിലൊരിക്കൽ തന്റെ പ്രജകളെകാണുവാൻ വേണ്ടി ചിങ്ങമാസത്തിലെ തിരുവോണനാളിൽ അദ്ദേഹം എഴുന്നെള്ളുന്നുവെന്നുമുള്ളതാണ്. ബലിയുടെ കാലത്തേ പോലെ ഓണക്കാലം

# ഉള്ളടക്കം

വാല്യം 15 | ലക്കം 8 | ആഗസ്റ്റ് 2023


| | |
|---|---|
| എഡിറ്റോറിയൽ | 3 |
| സെക്രട്ടറിയുടെ പംക്തി | 5 |
| ബാലലോകം | 8 |
| വാസ്തു. | 9 |
| ക്ഷേത്രങ്ങളിലൂടെ. | 11 |
| മോചനം | 13 |
| തുർക്കിപർവ്വം 3 | 14 |
| യൗവ്വനയുക്തമായ ഓജസ്സോടെയുള്ള ദീർഘായുസ്സ് | 17 |
| ചട്ടമ്പിസ്വാമി തിരുവടികൾ | 20 |
| ഒപ്റ്റിക്കൽ ഫൈബർ | 23 |
| ദൃക്ക് ദൃശ്യ വിവേകം | 25 |
| മറവിയിലെ ഓർമ്മകൾ | 27 |
| ലളിത ജീവിതം | 31 |
| ആഗോളതാപനം | 34 |
| പ്രകൃതിയും മനുഷ്യനും | 38 |
| കർമ്മവും ജ്യോതിശാസ്ത്രവും | 39 |
| ചതികൾ വിരലറ്റത്ത് | 43 |
| മറക്കില്ലൊരിക്കലും | 46 |
| ബ്ലാവേലിപാട്ട് | 48 |
| മാസഫലം | 49 |
| മാട്രിമോണിയൽ. | 50 |



## പത്രാധിപസമിതി

**ആലപ്പാട്ട് മുരളീധരൻ**
(മാനേജിംഗ് എഡിറ്റർ)

**എം. ശ്രീവല്ലഭൻ നായർ**
(എഡിറ്റർ)

**പി. രാമചന്ദ്രൻ (വേണു)**

**കെ.ടി. മോഹനൻ**

സന്തോഷസമൃദ്ധമായി ആഘോഷിക്കുന്നതും അന്നത്തെ സ്മരണയിലാണെന്നുമാണ് വിശ്വാസം. കേരളത്തിലെ ഓണാഘോഷത്തിന്റെ കേന്ദ്രം തൃക്കാക്കരക്ഷേത്രമാണല്ലോ. തൃക്കാക്കര, കാക്കനാട് എന്നീ സ്ഥലനാമങ്ങൾ തന്നെ വിഷ്ണുഭഗവാന്റെ പാദസ്പർശത്തെ സൂചിപ്പിക്കുന്നതാണല്ലോ. ആ പേരുകളുടെ യാഥാർത്ഥരൂപം തൃക്കാൽകരയെന്നും കാൽക്കരനാട് എന്നുമാണെന്നാണ് പല ചരിത്രകാരന്മാരുടെയും അഭിപ്രായം. ഇത് ഒരു ഐതീഹ്യം. എന്നാൽ ഭാഗവതം അടക്കമുള്ള ഹൈന്ദവ പുരാണഗ്രന്ഥങ്ങളിൽ പറഞ്ഞിരിക്കുന്ന വാമനാവതാരവും, മഹാബലിയെ പാദാനുഗ്രഹം ചെയ്ത് സുതലത്തിലേയ്ക്ക് യാത്രയാക്കിയതും മറ്റും നടന്നത് മലയാള മണ്ണിൽവെച്ചാവാൻ സാധ്യതയില്ല. കാരണം നർമ്മദാ തീരത്തുള്ള ഭൃഗുകച്ഛത്തിൽ വെച്ചാണ് ബലി വാമന സംഗമം ഉണ്ടാകുന്നത്. ശ്രീ മഹാഭാഗവതം വാമനപുരാണം തുടങ്ങിയ എല്ലാ പുരാണങ്ങളിലും ഈ സംഭവങ്ങൾ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്.

തമിഴ്നാട്ടിലെ മഹാബലിപുരം കേന്ദ്രമാക്കി മഹാബലിയുടെ പിന്തുടർച്ചക്കാരനായ ഒരു ചക്രവർത്തി രാജ്യം ഭരിച്ചിരുന്നെന്നും അദ്ദേഹത്തിന്റെ സാമ്രാജ്യം തിരുവിതാംകൂറിന്റെ ഭൂരിഭാഗവും ഉൾപ്പെട്ടതായിരുന്നെന്നും പറയപ്പെടുന്നു. മാവേലിക്കര തുടങ്ങിയ സ്ഥലനാമങ്ങൾ അന്നുണ്ടായതുമാണെന്നു അഭിപ്രായമുണ്ട്. മഹാബലിപുരം എന്ന സ്ഥലം തമിഴ്നാട്ടിൽ ഉണ്ട്. അത് കൊല്ലത്തുനിന്നും തമിഴ്നാട്ടിലെ എഗ്മോർസ്റ്റേഷനിലേക്കുള്ള ട്രെയിൻ യാത്രാമദ്ധ്യേ നമുക്കു കാണുവാനും കഴിയും. ആ ബലിയാണോ നമ്മുടെ കഥാപുരുഷൻ എന്നത് ആരും വ്യക്തമാക്കിയിട്ടില്ല. ഇതൊന്നുമല്ല ഇതൊരു വിളവെടുപ്പുൽസവമാണെന്നും ചിലർ അഭിപ്രായപ്പെടുന്നുണ്ട്. മണ്ണും മനുഷ്യനുമായുള്ള ബന്ധത്തെ ഊട്ടി ഉറപ്പിച്ചിരുന്ന ഇത്തരം ആഘോഷങ്ങൾ എല്ലാ സ്ഥലങ്ങളിലും വിളവെടുപ്പും ഋതുഭേദങ്ങളും അനുസരിച്ച് നടത്തി പോന്നിരുന്നു. മനുഷ്യൻ സാമൂഹ്യജീവിതം ആരംഭിച്ചകാലം മുതൽ തുടങ്ങിയ ദേശീയതയുടേയും ഐക്യത്തിന്റെയും സാഹോദര്യഭാവത്തിന്റെയും വിളംബരമായ ഇത്തരം ഉത്സവങ്ങളെ ഏതു മതരാഷ്ട്രീയശക്തികൾ വിചാരിച്ചാലും ഇല്ലായ്മ ചെയ്യാൻ സാധിക്കില്ല. ഭൂമിശാസ്ത്രപരമായും സാംസ്കാരികമായുമുള്ള എത്രയോ അധിനിവേശങ്ങൾ ഇവിടെ നടന്നു. അവയെല്ലാം അതിജീവിച്ച് നമ്മുടെ പൊന്നോണം പതിന്മടങ്ങ് ശോഭയോടെ ഇന്നും നിലനില്ക്കുന്നു. കേരളത്തിൽ മാത്രമല്ല എല്ലാ സ്ഥലങ്ങളിലും എല്ലാ ജനസമൂഹങ്ങൾക്കിടയിലും ഇത്തരം ചില പൗരാണികാഘോഷങ്ങൾ കാലാതീതമായി നിലനില്ക്കുന്നുണ്ട്. അതങ്ങനെ നിലനില്ക്കണം. അതാണ് എത്ര ശ്രമിച്ചാലും മായ്ക്കാൻ പറ്റാത്ത ചരിത്രസത്യങ്ങൾ ആയി എന്നെന്നും നിലകൊള്ളുന്നത്.

ഓണം നമ്മുടെ ദേശീയോത്സവമാണ്. ഏറ്റവും വലിയ മഹോത്സവുമാണ്. പക്ഷെ ഈ വർഷം നാം എങ്ങനെ ഓണം ആഘോഷിക്കും. സകല സാധനങ്ങളുടെയും വില മുമ്പെങ്ങും ഇല്ലാത്തവിധം വർദ്ധിച്ചിരിക്കുകയാണ്. ഓണത്തിന് പ്രധാനമായും വേണ്ടത് പച്ചക്കറികളും പഴവർഗ്ഗങ്ങളുമാണ്. മിക്ക പച്ചക്കറികളുടേയും വില നൂറിനു മുകളിലുമാണ്. പെട്രോൾ ഗ്യാസ് വിലയും അതുപോലെ സാധാരണക്കാരന്റെ നടുവൊടിക്കുന്നതാണ്. അമിതമായ പെട്രോൾ വിലയുടെ മേൽ കേരളം ഏർപ്പെടുത്തിയിരിക്കുന്ന അധികനികുതിയും കൂടിയാകുമ്പോൾ 'കൂനിന്മേൽ കുരു' എന്നു പറഞ്ഞ അവസ്ഥയിലാണ് ജനം. വിലക്കയറ്റം ഇങ്ങനെപോയാൽ ഈ വർഷത്തെ ഓണാഘോഷം 'പപ്പടവും കഞ്ഞിയിലും' ഒതുക്കേണ്ടി വരുമോ എന്ന വിഷമത്തിലാണ് സാധാരണക്കാർ. അങ്ങനെ ആകാതിരിക്കട്ടെ എല്ലാവർക്കും സന്തോഷസമൃദ്ധമായി ഓണം ആഘോഷിക്കുവാൻ ഇടവരട്ടെ.

കാറും കോളും മാറി തെളിഞ്ഞ ആകാശവും വിലക്കയറ്റവും വിഷമതകളും മാറി സന്തോഷകരവുമായ ഓണക്കാലം എല്ലാവർക്കും ആശംസിക്കുന്നു

*****



# ജനറൽ സെക്രട്ടറിയുടെ പംക്തി

പി. രാമചന്ദ്രൻ (വേണു)

പ്രിയ കരയോഗാംഗങ്ങളെ,

**പൊ**തുയോഗതീരുമാനങ്ങളനുസരിച്ച് പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ ആയ സൂര്യതാപ വൈദ്യുതി പൂർത്തിയാവുന്നു. Erection സംബന്ധിച്ച ജോലികൾ പൂർത്തിയായി. ഇലക്ട്രിസിറ്റി ബോർഡിൽ നിന്നുള്ള അനുമതി പത്രം കിട്ടിയാലുടൻ വൈദ്യുതി ഉല്പാദനം ആരംഭിക്കുവാൻ കഴിയും. അതു പോലെ തന്നെ പമ്പ ഹാൾ നവീകരിച്ച് ചിങ്ങം 1 മുതൽ പൊതുജനങ്ങൾക്ക് ഉപയോഗത്തിനായി തുറന്നു കൊടുക്കും. അതോടൊപ്പം ജനറേറ്റർ, ട്രാൻസ്ഫോർമർ എന്നിവ ഉയർത്തി വെയ്ക്കുന്ന ജോലികളും പൂർത്തിയാക്കിയിട്ടുണ്ട്. കഴിഞ്ഞ പൊതുയോഗത്തിൽ പ്രത്യേകമായി അനുമതി ലഭിച്ച സരയൂ എന്ന ഹാളിന്റെ നവീകരണവും പൂർത്തിയാക്കുവാൻ കഴിഞ്ഞിട്ടുണ്ട് എന്ന വിവരം സന്തോഷപൂർവ്വം അറിയിച്ചു കൊള്ളട്ടെ.

ടി.ഡി.എം ഹാൾ കോംപ്ലക്സിൽ വിവിധ ആവശ്യങ്ങൾക്കായി വ്യത്യസ്തമായ രീതിയിൽ ലഭ്യമായിട്ടുള്ള ഹാളുകളും മറ്റു സേവന പ്രവർത്തനങ്ങളും പരമാവധി പ്രയോജനപ്പെടുത്തണമെന്ന് കരയോഗാംഗങ്ങളോട് ഒരിക്കൽകൂടി അഭ്യർത്ഥിക്കുകയാണ്.

കരയോഗത്തിന്റെ വിവിധ പ്രവർത്തനങ്ങൾ കരയോഗാംഗങ്ങൾക്കും പൊതുജനങ്ങൾക്കും ഉപകാരപ്രദമാകുന്ന രീതിയിലാണ് ക്രമീകരിച്ചിട്ടുള്ളത് എന്നതുകൊണ്ട് നമ്മുടെ സേവനമേഖലകൾ എന്തെല്ലാമാണെന്നും ആയത് എങ്ങനെ പൊതുനന്മക്കായി പ്രയോജനപ്പെടുത്തണമെന്നും പൊതുജനങ്ങളെ അറിയിക്കേണ്ടതും നമ്മുടെ ഓരോരുത്തരുടെയും കടമയാണെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ.

2023–24 ലെ ഭരണസമിതിയുടെ സുഗമമായ പ്രവർത്തനങ്ങൾക്കായി 29 ഉപസമിതികളുടെയും 3ട്രസ്റ്റുകളുടെയും കൂട്ടായ ശ്രമവും പ്രവർത്തനവും ഏകോപിപ്പിച്ച് എറണാകുളം കരയോഗത്തിന്റെ സേവനമേഖലകൾ കൂടുതൽ കാര്യക്ഷമമമായി മുന്നോട്ടു കൊണ്ടു പോകുകയാണ് ഞങ്ങളുടെ ലക്ഷ്യം.

2023 ലെ നവരാത്രി ആഘോഷത്തോടനുബന്ധിച്ച് പുരാണങ്ങൾ-ഇതിഹാസങ്ങൾ, സംഗീതം, നൃത്തം എന്നീ വിവിധ മത്സര പരിപാടികൾ ഓഗസ്റ്റ് 6 മുതൽ ഒക്ടോബർ 8 വരെ ടിഡിഎം ഹാളിൽ നടത്തപ്പെടും.

ഈ വർഷത്തെ ഓണാഘോഷത്തോടനുബന്ധിച്ചുള്ള വിപണനമേള ഓഗസ്റ്റ് മാസം 11–ാം തീയതി മുതൽ തിരുവോണദിവസമായ ഓഗസ്റ്റ് 29 വരെ വിപുലമായ രീതിയിൽ വിവിധ സ്റ്റാളുകളിലായി ടി.ഡി.എം ഹാളിൽ സമാരംഭിക്കുന്നു. വിശദമായ വിവരങ്ങൾ ഈ ലക്കം സൗഹൃദത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

എറണാകുളം കരയോഗം സാംസ്കാരിക വേദിയുടെ ആഭിമുഖ്യത്തിൽ ഓഗസ്റ്റ് മാസം 13–ാം തീയതി ഞായറാഴ്ച 4.00 മണിക്ക് സംഗീത സായാഹ്നം ടി.ഡി.എം യമുന ഹാളിൽ നടത്തുന്നതാണ്.

എറണാകുളം കരയോഗം ഹെറിറ്റേജ് ഗ്രൂപ്പിന്റെ ആഭിമുഖ്യത്തിൽ കേരളത്തിലെ പഴയകാല കൊമ്പനാനകൾ മുതൽ ഇന്നത്തെ സൂപ്പർ സ്റ്റാർ ഗജേന്ദ്രന്മാരുടെയും പാപ്പാന്മാരുടെയും വീരകഥകളും പടങ്ങളും ആനമർമ്മങ്ങളും ചികിത്സാരീതികളും ആനപകയും പൂരപറമ്പിലെ ആനച്ചന്തവും എല്ലാം വിവരിച്ചു കൊണ്ട് ഓഗസ്റ്റ് മാസം 19–ാം തീയതി ശനി

യാഴ്ച ടി.ഡി.എം ഹാളിൽ വൈകുന്നേരം 5.00ന് ആനപ്രേമി എം. ബാലചന്ദ്രൻ വിശദമായി സംസാരിക്കുന്നു. ഈ പരിപാടിയിലേക്ക് ഏവരേയും സ്വാഗതം ചെയ്യുതുകൊള്ളുന്നു.

എറണാകുളം കരയോഗം സാഹിതി യോഗം ഓഗസ്റ്റ് 20-ാം തീയതി ഞായറാഴ്ച രാവിലെ 10.30 ന് എം.ടി. വാസുദേവൻ നായരുടെ രണ്ടാംമൂഴം എന്ന നോവലിനെ ആസ്പദമാക്കിയുള്ള അവലോകനം ശ്രീ. ആർ. എസ്. കുറുപ്പ് അവതരിപ്പിക്കും.

എറണാകുളം കരയോഗവും ബീമും സംയുക്തമായി സംഘടിപ്പിക്കുന്ന പ്രതിമാസ പരിപാടിയിൽ ഓഗസ്റ്റ് 22 ചൊവ്വാഴ്ച വൈകുന്നേരം 6.30 ന് മാംഗോസ്റ്റിൻ ക്ലബ്ബ് കോഴിക്കോട് അവതരിപ്പിക്കുന്ന സംഗീത വിരുന്ന് ടിഡിഎം ഹാൾ ഗംഗയിൽ നടത്തുന്നു.

കരയോഗത്തിന്റെ എല്ലാ പ്രവർത്തനങ്ങളിലും നിങ്ങളുടെ വിലയേറിയ നിർദ്ദേശങ്ങളും ഉപദേശങ്ങളും സഹകരണവും ഉണ്ടാവണമെന്ന് അഭ്യർത്ഥിക്കുന്നു.

എല്ലാവർക്കും സന്തോഷസമൃദ്ധമായ ഓണാശംസകൾ നേർന്നുകൊണ്ട്

ജനറൽ സെക്രട്ടറി

*****




# എറണാകുളം കരയോഗം

## ടി.ഡി.എം ഹാളിൽ നടത്തുന്ന പ്രതിമാസ കലാ-സാഹിത്യ-സാംസ്കാരിക പരിപാടികൾ

## ആഗസ്റ്റ് – സെപ്തംബർ



| | | | | |
|---|---|---|---|---|
| 1. | 10-08-2023<br>17-08-2023<br>24-08-2023<br>31-08-2023<br>07-09-2023 | വ്യാഴം | എറണാകുളം കരയോഗം<br>എൽഡർ സിറ്റിസൺസ് ഫോറം | 4.00 p.m. - 6.00 p.m. |
| 2. | 13-08-2023 | ഞായർ | സാംസ്കാരിക വേദി - സംഗീത സായാഹ്നം | 4.00 pm |
| 3. | 19-08-2023 | ശനി | ഹെറിറ്റേജ് | 5.00 pm |
| 4. | 20-08-2023 | ഞായർ | സാഹിതിയോഗം – രണ്ടാമൂഴം | 10.30. a.m. |
| 5. | 22-08-2023 | ചൊവ്വ | ബീം - മ്യൂസിക് | 6.30 pm |
| 6. | 12-08-2023<br>19-08-2023<br>26-08-2023<br>02-09-2023<br>09-09-2023 | ശനി | വേദാന്ത പഠന ക്ലാസ്സ് - ശ്രീമദ് ഭഗവത്ഗീത<br>– ആചാര്യൻ കെ.ആർ. നമ്പ്യാർ | 10.a.m. - 11.30 a.m. |
| 7. | 09-08-2023<br>16-08-2023<br>23-08-2023<br>30-08-2023<br>06-09-2023 | ബുധൻ | ദേവിഭാഗവത ക്ലാസ്സ് – വത്സല.പി.പി | 3.00 p.m - 4.30 p.m. |

# എറണാകുളം കരയോഗം

# ഓണം

# വിപണനമേള 2023

## ടി. ഡി. എം. ഹാളിൽ

## ആഗസ്റ്റ് 11 വെള്ളിയാഴ്ച മുതൽ 29 ചൊവ്വാഴ്ച വരെ

2023 ലെ ഓണത്തോടനുബന്ധിച്ചുള്ള ഓണം വിപണനമേള ആഗസ്റ്റ് മാസം 11-ാം തീയതി രാവിലെ 10.30ന് ടി.ഡി.എം. ഹാളിൽ ഭദ്രദീപം തെളിയിച്ച് ഉദ്ഘാടനം ചെയ്യുന്നു. ഉപ്പേരികൾ, കൊണ്ടാട്ടങ്ങൾ, പാലട, വിവിധയിനം പ്രഥമനുകൾ എന്നിവ ഈ വിപണന മേളയിൽ നിന്നും ലഭിക്കുന്നതാണ്. എല്ലാ ദിവസവും രാവിലെ 10.30 മുതൽ വൈകുന്നേരം 7.00 മണി വരെയായിരിക്കും വിപണനമേളയുടെ കൗണ്ടർ പ്രവർത്തിക്കുന്നത്.

വിപണനമേളയിൽ നിന്ന് ഉൽപന്നങ്ങൾ വാങ്ങുവാൻ വരുന്നവർ ക്യാരീബാഗ് കൊണ്ടുവരേണ്ടതാണ്.

## തിരുവോണം പ്രഥമനുകൾ ആഗസ്റ്റ് 29-ാം തീയതി

തിരുവോണത്തിന് പ്രഥമനുകൾ മുൻകൂട്ടി ബുക്കു ചെയ്യുവാൻ ആഗസ്റ്റ് 21-ാം തീയതി മുതൽ 26-ാം തീയതി വരെ രാവിലെ 11.00 മണി മുതൽ വൈകുന്നേരം 4.00 മണി വരെ ടി.ഡി.എം. ഹാളിൽ സൗകര്യം ഉണ്ടായിരിക്കുന്നതാണ്.

## 4 പേർക്കുള്ള തിരുവോണ സദ്യ - 1400/- രൂപ

(2023 ആഗസ്റ്റ് 29-ാം തീയതി രാവിലെ 9 മണി മുതൽ 10 മണി വരെ മാത്രം)

വിഭവങ്ങൾ:- ചോറ്, പ്രഥമനുകൾ, സാമ്പാർ, അവിയൽ, കാളൻ, ഓലൻ, എരിശ്ശേരി, പച്ചടി, കിച്ചടി, തോരൻ, അച്ചാർ (3 തരം), ഉപ്പേരി (2 തരം), പരിപ്പ്, നെയ്യ്, മോര്, രസം, പപ്പടം, പഴം, ഇല എന്നിവ അടങ്ങിയ കിറ്റൊന്നിന് 1400/- രൂപ നിരക്കിൽ സദ്യകിറ്റ് മുൻകൂറായി ബുക്കു ചെയ്യുവാൻ ആഗസ്റ്റ് മാസം 21 മുതൽ 26 വരെ രാവിലെ 11.00 മണി മുതൽ വൈകുന്നേരം 4.00 മണി വരെ ടി.ഡി. എം ഹാളിൽ സൗകര്യം ഒരുക്കിയിട്ടുണ്ട്. തിരുവോണ ദിവസം രാവിലെ 9 നും 10 നും ഇടയ്ക്ക് മാത്രമേ സദ്യ കിറ്റ് വിതരണം ഉണ്ടായിരിക്കുകയുള്ളൂ അതുകൊണ്ട് സദ്യകിറ്റുകൾ ബുക്കു ചെയ്യുന്നവർ കൃത്യസമയത്ത് തന്നെ എത്തി കിറ്റുകൾ ഏറ്റുവാങ്ങേതാണ് എന്ന് അറിയിക്കുന്നു.

മാംഗല്യ ട്രസ്റ്റ്



# ബാലലോകം

പറവൂർ രാജഗോപാൽ (ഫോൺ: 9847291483)

## വിജയരഹസ്യം

പ്രിയപ്പെട്ട കൂട്ടുകാരേ,

**വേ**നലവധി കഴിഞ്ഞ് വിദ്യാലയങ്ങൾ തുറന്ന് കുഞ്ഞുമക്കൾ പഠനത്തിരക്കിലാവും ഇല്ലേ. ഇടയ്ക്ക് ഒരു കഥവായിച്ചാലോ? വായിച്ചോളൂ. കഥയുടെ പേരാണ് വിജയരഹസ്യം.

ഒരു രാജാവുണ്ടായിരുന്നു. രാജാവിന് ഒരു കണ്ണും ഒരു കാലുമില്ല. ഒരു നാൾ രാജാവിനൊരു മോഹമുദിച്ചു. തന്റെയൊരു ശിൽപം നിർമ്മിച്ചു കാണണമെന്ന്. കൂടുതലൊന്നും ചിന്തിക്കാൻ നിൽക്കാതെ അദ്ദേഹം തന്റെ മോഹം കൊട്ടാരം ശിൽപിമാരെ അറിയിച്ചു.

"നമ്മുടെ മനോഹരാകൃതിയിലുള്ള ഒരു ശിൽപം തീർത്താലും നിങ്ങൾ."

കേട്ടപാടെ ശിൽപികൾ ഞെട്ടി.

'ഇത് സാഹസികമായ ഒരേർപാടാവും. സംശയമില്ല.'

"രാജന്റെ വൈകല്യങ്ങൾ ശിൽപത്തിൽ വരില്ലേ. അതു കാൺകേ, ഉടൻ നമ്മുടെ ഗളഛേദമാവും നടക്കുക."

"ഏയ് ഇതു പറ്റിയ പണിയല്ലാട്ടോ. സ്ഥലം വിടുന്നതാവും ബുദ്ധി."

ശിൽപികൾ പലരും പരസ്പരം പറഞ്ഞു. എന്നു മാത്രമല്ല രാവുക്കുരാവെ അവരെല്ലാം നാടുവിട്ടു. പിറ്റേന്ന് ഇതറിഞ്ഞ് രാജാവ് ദുഃഖിതനായി. 'എന്ത്? നമ്മുടെ ശിൽപം ചെയ്യാൻ നിൽക്കാതെ ശിൽപികൾ നാടുവിട്ടു പോയേന്നോ?' - അദ്ദേഹത്തിന് സങ്കടവും ദേഷ്യവും ഒക്കെയായി.

"നാടുകടന്നു പോയവരെയൊക്കെ പിടിച്ചുകെട്ടി കൊണ്ടുവരണം" - രാജാവിന്റെ ഉഗ്രശാസന വന്നു.

"അവരൊക്കെ എവിടെ പോയി ഒളിച്ചാലും നമ്മുടെ സേനാംഗങ്ങൾ അവരെ കണ്ടെത്തി കൈയ്യാമം വച്ചു കൊണ്ടു വന്നിരിക്കും രാജൻ" - സേനാധിപൻ രാജാവിന് ഉറപ്പു നൽകി.

അപ്പോൾ ഒരു ശിൽപി മുന്നോട്ടു വന്ന് പറഞ്ഞു. "അവിടുത്തെ ശിൽപ്പം ഞാൻ നിർമ്മിക്കാം പ്രഭോ. ഈയുള്ളവന് കുറച്ചു ദിനങ്ങൾ തന്നാലും." രാജാവ് ശിൽപിയെ സൂക്ഷിച്ചു നോക്കി.

"ഭേഷ്, ഇവനാളു കൊള്ളാമല്ലോ. ശരി നീ നിർമ്മിച്ചോളൂ നമ്മുടെ മനോഹരാകൃതിയിലുള്ള ശിൽപം." രാജാവ് ശിൽപിക്ക് പന്ത്രണ്ടുവാരക്കാലം അതിനായി അനുവദിച്ചു.

ഇക്കുറി കേട്ടുനിന്നവരാണ് ഞെട്ടിയത്. അവർ പരസ്പരം പിറുപിറുത്തു.

"ഇവന്റെ കാര്യം പോക്കാ. ശിൽപം തീരുന്നതോടെ രാജാവ് ഇവന്റെ കഥ കഴിക്കും."

"കണ്ടുതന്നെ അറിയണം കാര്യം." - മന്ത്രിയുടെ ചുണ്ടുകൾ പിറുപിറുത്തത് അങ്ങിനെയായിരുന്നു.

പിറ്റേന്നു മുതൽ ശിൽപി പണി തുടങ്ങി. മൂന്നുമാസക്കാലം കൊണ്ട് രാജശിൽപം പൂർത്തിയായി. ഒരു കാൽ മടക്കിവെച്ച് ഒറ്റക്കാലിൽ നിന്ന്, ഒരു കണ്ണടച്ചു പിടിച്ചുകൊണ്ട് ദൂരെ ഉന്നം നോക്കി വില്ല് കുലച്ചുനിൽക്കുന്ന രാജാവ്. ശിൽപം കണ്ട രാജാവ് അതിയായി സന്തോഷിച്ചു. ശിൽപിയുടെ

ഭാവന അദ്ദേഹം മുക്തകണ്ഠം പ്രശംസിച്ചു. അയാളെ അദ്ദേഹം മുഖ്യശിൽപിയാക്കി. കുറവുകളെ മറ്റൊരു തരത്തിൽ കാണാൻ ആ ഒരു ശിൽപിക്കു കഴിഞ്ഞതാണ് അയാളുടെ വിജയരഹസ്യം.

കൂട്ടുകാർക്കും പഠനത്തിൽ ഇത്തരം പരീക്ഷണങ്ങളുണ്ടാവാം. വിജയം മുന്നിൽ കണ്ടുകൊണ്ടുള്ള ഏതൊരു കാൽവെയ്പും വിജയത്തിലേക്കു തന്നെ നിങ്ങളെ കൊണ്ടുചെന്ന് എത്തിക്കും. കുറവുകളൊക്കെ ആർക്കാണ് ഇല്ലാത്തത്? എല്ലാം തികഞ്ഞവർ ആരാണുള്ളത്. ആരും കാണില്ല. കുറവുകളെ ഉള്ള കഴിവുകൾക്കൊണ്ട് പരിഹരിക്കാനാവുമെന്നതാണ് സത്യം. കഥ പറഞ്ഞു തന്നതും അതുതന്നെ. മനസ്സിലായില്ലേ? ഉന്നത വിജയം സന്തോഷം നൽകുന്ന കാര്യമാണ്. ഏതിലായാലും ഉയർന്ന മാർക്കുനേടിയ എല്ലാ കുട്ടികൾക്കും അതിന് അവരെ പ്രാപ്തരാക്കിയവർക്കും അഭിനന്ദനങ്ങൾ.

ആഗസ്റ്റ് ഓണാഘോഷത്തിന് കൂടി ഉള്ളതാണ്. ആഘോഷങ്ങളൊന്നും ആഘോഷിക്കാതെ പോകണ്ടാ. ആഘോഷനാളുകളാവട്ടെ ഈ ഓണക്കാലം! എല്ലാവർക്കും 'ഓണാശംസകൾ.'

*****

**തന്ത്രി ബ്രഹ്മശ്രീ പുലയന്നൂർ ശശിതിരുമേനിയുടെ കാർമ്മികത്വത്തിൽ ടി.ഡി.എം. ഹാളിൽ**



**2023 ആഗസ്റ്റ് 16 (1198 കർക്കിടകം 31) രാവിലെ 6.00 മുതൽ 6.30 വരെ**

**ഗണപതിഹോമവും**

**തുടർന്ന്**

**6.30 മുതൽ 9.00 വരെ ഭഗവത്സേവയും 9.30ന് ബ്ലാവേലി വായനയും നടത്തുന്നു.**

*എല്ലാ കരയോഗാംഗങ്ങളും ഭരണസമിതിഅംഗങ്ങളും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.*



# വാസ്തുശാസ്ത്രം

ശ്രീ. പ്രഭാകരമേനോൻ പര്യാടത്ത്, റിട്ടയേർഡ് എഞ്ചിനീയർ, വാസ്തു വിദ്ഗദ്ധൻ
(ഫോൺ: 9447032434)

പനമ്പിള്ളിനഗറിൽ ഒരു വീട്ടിൽ പോയപ്പോൾ പല തരത്തിലുള്ളള പ്രശ്നങ്ങൾ കാരണം ആകെ വലഞ്ഞിരിക്കുകയാണ്. വീടുപണിക്ക് ഉപയോഗിച്ചിരിക്കുന്നത് പഴയവീടു പൊളിച്ച കല്ലും, മരങ്ങളും ഉപയോഗിച്ചതുകൊണ്ടുള്ള കുഴപ്പമാണ് എന്ന് ഒരു വാസ്തു ആചാര്യൻ വന്നു നോക്കി എഴുതി കൊടുത്തിട്ടുണ്ട്. പ്രതിവിധിയായി മുൻവശത്തെ കതക് പൊളിച്ച് പുതിയ കട്ടളയും കതകും വയ്ക്കണമെന്ന് നിർദ്ദേശിച്ചു.


ഈ കാര്യത്തിൽ എനിക്കു പറയാനുള്ളത് വീടു പണിക്കുപയോഗിക്കുന്ന കല്ല്, മണ്ണ്, മരം എന്നിവ പഴയതായാലും, പുതിയതായാലും ഗുണമേന്മയുള്ളതായിരിക്കണം. പഴയവീടുപൊളിച്ചകല്ലും, മരവും വിൽക്കുന്നന ധാരാളം സ്ഥാപനങ്ങൾ മലബാർ ഭാഗത്ത് ധാരാളമുണ്ട്. ഞാനും പല വീടുകൾക്കു വേണ്ടി പഴയത് ഉപയോഗിച്ചിട്ടുണ്ട്.

വീടു പരിശോധിച്ചപ്പോൾ എല്ല മുറികളും, വാതിലുകളും, ജന്നലുകളും ശരിയായസ്ഥാനത്താണ്. യാതൊരു കുഴപ്പവും കണ്ടില്ല. എന്നാൽ പ്ലോട്ടിന്റെ വടക്കു മാറിയാണ് വീടു നിൽക്കകുന്നത്. കിഴക്കുറോഡും, പടിഞ്ഞാറ് തോടുമാണ്. തോടു നിറയെ വെള്ളമുണ്ട്. വീടിന്റെ തെക്കു പടിഞ്ഞാറെ മൂലയിൽ കുഴിയെടുത്ത് വീട്ടിൽ ഉപയോഗിക്കുന്നന വെള്ളവും മഴവെള്ളവും ഈ കുഴിയിൽ സംഭരിച്ച് പൈപ്പുവഴി തോട്ടിലേക്കു വിടുന്നു. പറമ്പിന്റെ വടക്കുകിഴക്കെ മൂലമുറിഞ്ഞു പോയിട്ടുണ്ട്. വീടുപണിയുമ്പോൾ കിഴക്കുള്ള റോഡും, പറമ്പും ഒരേ ലവൽ ആയിരുന്നു. ഓരോ കൊല്ലവും റോഡു നന്നാക്കുമ്പോൾ പൊന്തി ഇപ്പോൾ റോഡ് 8 ഇഞ്ച് ഉയരത്തിലാണ്.

താഴെപ്പറയുന്ന കാര്യങ്ങൾ ചെയ്താൽ എല്ലാ പ്രശ്നങ്ങളും തീരുന്നതായിരിക്കും. പടിഞ്ഞാറ് തോടുവന്നതുകൊണ്ട് തോടിനും, വീടിനുമിടക്ക് ചെറിയമതിൽ കെട്ടുക. ചിത്രത്തിൽ B to D. റോഡ് ഉയർന്നു നിൽക്കുന്നതുകൊ് കിഴക്കു വശത്ത് വീടിനും, റോഡിനുമിടയിൽ വീടിനു സമാന്തരമായി ചെറിയ മതിൽ കെട്ടുക. ചിത്രത്തിൽ A to C. വീടിന്റെ തെക്കുവശത്ത് വടക്കിനേക്കാൾ കൂടുതൽ സ്ഥലമുള്ളതുകൊണ്ട് തെക്കുവശത്ത് വടക്കുള്ള ദൂരത്തതിനേക്കാൾ കുറഞ്ഞ അളവിൽ വീടിനു സമാന്തരമായി മതിൽ കെട്ടുക ചിത്രം C to D. പറമ്പിന്റെ വടക്കുകിഴക്കെ ഭാഗം മുറിഞ്ഞു പോയിട്ടുള്ളതുകൊണ്ട് വടക്കുവശത്ത് ചെറിയമതിൽ ചിത്രത്തിൽ കാണുന്നതുപോലെ കെട്ടുക. A to B. ഉപയോഗിക്കുന്ന വെള്ളവും, മഴവെള്ളവും വടക്കുവന്നിട്ട് പടിഞ്ഞാറെ തോട്ടിലേക്കുവിടാം.

ഇപ്പോൾ ഗേറ്റ് നിൽക്കുന്നത് വീടിൻെറ കിഴക്കുതെക്കാണ്. ഗേറ്റ് കിഴക്കുവടക്കോട്ടു മാറ്റുകയോ, അവിടെ പുതിയ ഗേറ്റ് വയ്ക്കുകയോ ആവാം.

വീട്ടിലേക്കു വരുന്ന റോഡ് വടക്കുവശത്തും, കിഴക്കുവശത്തും പൊന്തി നിൽക്കുവാൻ പാടില്ല. തെക്കും, പടിഞ്ഞാറും റോഡ് പൊന്തിനിൽക്കുന്നത് നല്ലതാണ്. വീടുപണിയുമ്പോൾ തെക്കിനെക്കാൾ കൂടുതൽ കിഴക്കും വേണം. വീടിന്റെ പറമ്പിന്റെ വടക്കു കിഴക്കെ മൂലയും, തെക്ക് പടിഞ്ഞാറെമൂലയും, മുറിഞ്ഞുപോകുന്നത് നല്ലതല്ല.




വാസ്തു സംബന്ധമായ എല്ലാ സംശയങ്ങളും എല്ലാ മാസവും 10-ാം തിയതിക്കു മുൻപ് കരയോഗം ഓഫീസിൽ ലഭിക്കേണ്ടതാണ്. കരയോഗം മെമ്പർമാർക്ക് രാവിലെ 10 മണി മുതൽ 5 മണി വരെ 9447032434 എന്ന നമ്പറിൽ വിളിക്കാവുന്നതാണ്. ഈ സേവനം തികച്ചും സൗജന്യമായിരിക്കും. എല്ലാ മാസവും രണ്ടാം ഞായറാഴ്ച എഞ്ചിനീയർ പ്രഭാകരമേനോൻ എറണാകുളം കരയോഗം ഓഫീസിൽ രാവിലെ 9.30 മുതൽ 1 മണി വരെ ഉണ്ടായിരിക്കും. അദ്ദേഹത്തെ കാണുന്നതിന് മുൻകൂർ പേര് രജിസ്റ്റർ ചെയ്തിരിക്കണം.

ക്ഷേത്രങ്ങളിലൂടെ

# പത്തിയൂർ ശ്രീദുർഗ്ഗാഭഗവതി ക്ഷേത്രം

ഇന്ദിരാഭായി ഫോൺ : 8078552892



*(തുടർച്ച)*

**അ**തിമനോഹരമാണ് പത്തിയൂർ ഭഗവതി വിഗ്രഹം. ഏകദേശം മൂന്നര അടി ഉയരത്തിലുള്ളതും ചതുർബാഹുവുമായ ഭഗവതിയുടെ വിഗ്രഹം കിഴക്കോട്ടു ദർശന മായി പ്രതിഷ്ഠിച്ചിരിക്കുന്നു. അലങ്കാരങ്ങൾ എല്ലാം അണിഞ്ഞുനിൽക്കുന്ന ഭഗവതിയെ കാണുന്ന മാത്രയിൽ തന്നെ മനസ്സിന് ഒരു കുളിർമ്മയാണ് അനുഭവപ്പെടുക. ഇത് പാപം പോക്കി ഭക്തനെ ആശ്വസിപ്പിക്കുന്ന അമ്മയുടെ വാത്സല്യത്തലോടലാകാം. സാമാന്യം വലിപ്പമുള്ള ചെമ്പു മേഞ്ഞ വട്ടശ്രീകോവിലിൽ പത്തിയൂരമ്മ കുടിക്കൊള്ളുന്നു. പഴമയുടെ പ്രൗഢിയെ വിളിച്ചോതുന്ന നമസ്കാര മണ്ഡപം ബലിക്കൽപ്പുര കൊടിമരം ദാരുശില്പങ്ങളാൽ അലംകൃതമായ ബലിക്കൽപ്പുരയുടെ മച്ച് എന്നിവയെല്ലാം ആരെയും ആകർഷിക്കുന്നവയാണ്. ഗണപതി, ശിവൻ, ഹനുമാൻ, ശ്രീകൃഷ്ണൻ, ശാസ്താവ്, രക്ഷസ്സുകൾ, നാഗരാജാവ്, നാഗയക്ഷി എന്നീ ഉപദേവതകളും ഈ ക്ഷേത്രത്തിൽ സാന്നിദ്ധ്യമരുളുന്നുണ്ട്. ഏകദേശം എണ്ണൂറോളം വർഷങ്ങൾക്ക് മുൻപ് ഈ ക്ഷേത്രത്തിൽ അഗ്നിബാധയുണ്ടായി. വിഗ്രഹത്തെ അഗ്നിയിൽ നിന്നും രക്ഷിക്കുന്നതിനായി വിഗ്രഹം ഇളക്കി മാറ്റുവാൻ പൂജാരിയും തന്ത്രിയും മറ്റു രണ്ട് ബ്രാഹ്മണരും ചേർന്ന് ശ്രമിച്ചുവെങ്കിലും സാധിച്ചില്ല. ഇതു കണ്ടു നിന്ന സമീപവാസിയായ ഒരാളും ശ്രീകോവിലേക്ക് ഓടിക്കയറി. അഗ്നിബാധയിൽ വിഗ്രഹത്തിന് കേടുപറ്റുകയും ഇവരഞ്ചുപേരും അഗ്നിയിൽപ്പെട്ടു മരിക്കുകയും ചെയ്തു. 1139 കുംഭം 12 ന് ക്ഷേത്രത്തിൽ പുഃനപ്രതിഷ്ഠ നടത്തി. ദേവിക്കുവേണ്ടി ജീവത്യാഗം നടത്തിയ അവരെ അഞ്ചുപേരെയും ബ്രഹ്മരക്ഷസ്സുകളായി ഈ ക്ഷേത്രത്തിൽ കുടിയിരുത്തിയിട്ടുണ്ട്.

മീനമാസത്തിലെ മകം നാളിൽ കൊടിയേറി പത്തുദിവസമാണ് പത്തിയൂർ ശ്രീദുർഗ്ഗാ ഭഗവതി ക്ഷേത്രത്തിലെ ഉത്സവാഘോഷങ്ങൾ നടക്കുന്നത്. സാധാരണ ക്ഷേത്രങ്ങളിൽ ഉത്സവസമാപനത്തിനാണ് ആറാട്ട് നടക്കുന്നത്. എന്നാൽ പത്തിയൂരമ്മയ്ക്ക് രണ്ടാം ഉത്സവദിനം മുതൽ എല്ലാ ദിവസവും ആറാട്ട് പതിവുണ്ട്. ഏഴാം നാളിലെ ആറാട്ട് പ്രത്യേകതകൾ നിറഞ്ഞതും അതിവിശേഷവുമാണ്. അതിന് പിന്നിൽ ഒരു ഐതിഹ്യവുമുണ്ട്. ഏഴാം ഉത്സവ ദിവസം ആറാട്ടുകഴിഞ്ഞ് ഒറ്റക്ക് ക്ഷേത്രത്തിലേക്കെഴുന്നള്ളുന്ന കന്യകയായ ദേവിയുടെ സൗന്ദര്യം കണ്ട് ആകൃഷ്ടനായ പെരുങ്കാല സുബ്രഹ്മണ്യസ്വാമി (ഹരിപ്പാട് ക്ഷേത്രമതില്ക്കകത്ത് തെക്കുഭാഗത്തായി ഇരിക്കുന്ന തേവർ) ദേവിയെ പാണിഗ്രഹണം ചെയ്യണം എന്നു മോഹിച്ച് ദേവിയുടെ സമീപത്തേക്ക് വരുന്നതുകണ്ട് ദേവി ആറാട്ടുകടവിലേക്ക് തിരിഞ്ഞോടിപ്പോയി, ആറാട്ടുകുളത്തിൽ ഒളിച്ചിരുന്നു. ഒറ്റക്കുമടങ്ങി വരാനുള്ള ഭയം കാരണം ദേവി ആ കുളപ്പടവിൽ തന്നെ ഇരുന്നു. ദേവിയെ അവിടെ നിന്നും കൂട്ടിക്കൊണ്ടു വരാനായി അടുത്തുള്ള ക്ഷേത്രത്തിലെ ദേവീദേവന്മാരെല്ലാം ആറാട്ടു കടവിലേക്ക് എഴുന്നള്ളിയെത്തിയെന്നും ആ ദേവീദേവന്മാരുടെയെല്ലാം അകമ്പടിയോടെ പത്തിയൂരമ്മ ക്ഷേത്രമതിൽക്കകത്തേക്കു കടന്നു എന്നുമാണ് ഐതിഹ്യം. പത്തിയൂരമ്മയുടെ പത്തുദിവസത്തെ ഉത്സവ ചടങ്ങുകളിൽ ഏറ്റവും ആഘോഷപൂർവ്വമായ ചടങ്ങാണ് ഏഴാം ഉത്സവ ദിവസത്തെ ആറാട്ടും തിരിഞ്ഞോട്ടവും. ഇന്ന് അടുത്തുള്ള ദേവീദേവന്മാരെ ആറാട്ടിന് അകമ്പടിയായി എഴുന്നള്ളിക്കുന്നത് ഭക്തരുടെ വഴിപാടാണ്. ഇത് കുട്ടിയെഴുന്നള്ളിക്കൽ എന്നാണ് അറിയപ്പെടുന്നത്. ഉദ്ദിഷ്ടകാര്യസിദ്ധിക്കായി ഭക്തർ ഈ വഴിപാടു നടത്തുന്നു. ചില വർഷങ്ങളിൽ

ഇരുപതോളം ക്ഷേത്രങ്ങളിൽ നിന്നും കുട്ടിയെഴുന്നള്ളിക്കൽ നടക്കാറുണ്ട്. ഭയന്നോടിയ ദേവിയെ മധുരതരമായ ആലാപനത്താൽ വാഴ്ത്തുന്ന ഗന്ധർവ്വകന്യകമാരുടെ സംഗീതധാര ഇന്നും ഈ ക്ഷേത്രാന്തരീക്ഷത്തിൽ നിറഞ്ഞുനിൽക്കുന്നുണ്ട് എന്നാണ് വിശ്വാസം. പടിഞ്ഞാറൻ കടലിൽ നിന്നും ക്ഷേത്രപരിസരങ്ങളിലേക്ക് വീശുന്ന കാറ്റിനുപോലും നാലകത്തെത്തുമ്പോൾ ദേവീസ്തുതികളുടെ ഈണമാണ്. ഇതും ദേവിയുടെ നാദധാരയാണ് എന്നാണ് വിശ്വാസം. ഭക്തജനങ്ങളുടെ ആലാപനത്തിലൂടെ ദേവീസ്തുതികളുടെ നാദധാര ക്ഷേത്രാന്തരീക്ഷത്തിൽ എപ്പോഴും ഭക്തിമയമായി തങ്ങി നിൽക്കുന്നു. ശ്രീലകത്തിരുന്ന് ദേവിയും അതാസ്വദിക്കുന്നു, ഭക്തനിൽ പ്രസാദിക്കുന്നു.

പത്തിയൂർ ഭഗവതിയുടെ പത്തുദിവസത്തെ ഉത്സവാഘോഷങ്ങളിൽ രണ്ടാം ദിവസം മുതൽ എല്ലാ ദിവസവും ആറാട്ട് നടത്താറുണ്ട്. പണ്ട് കാലത്ത് ഇങ്ങനെ ആറാട്ട് നടത്തിയിരുന്നത് ക്ഷേത്രത്തിൽ നിന്നും അഞ്ച് കിലോമീറ്റർ അകലെയുള്ള ഒരു ചിറയിലായിരുന്നു. അന്നത്തെ ആറാട്ട്ചിറ ഇന്ന് ഭാഗികമായി മാത്രമാണ് കാണപ്പെടുന്നത്. ഈ സ്ഥലം പത്തിച്ചിറയെന്നും അറിയപ്പെടുന്നു. ഇന്ന് പത്തിയൂരമ്മയുടെ ഉത്സവ ആറാട്ട് പത്തിയൂർ ക്ഷേത്രത്തിൽ നിന്നും അര കാതം അകലെയുള്ള കുളത്തിലാണ് നടത്തുന്നത്. ഈ കുളത്തിനുമുണ്ട് ഒരു ഐതിഹ്യം. ഒരിക്കൽ ധനികനായ ഒരു വ്യാപാരി വ്യാപാരാവശ്യങ്ങൾ കഴിഞ്ഞ് കാൽനടയായി മടങ്ങി വരുമ്പോൾ അദ്ദേഹത്തിന് ക്ഷീണം അനുഭവപ്പെട്ടു. ക്ഷീണം തോന്നുകയും സമയം രാത്രിയോടടുക്കുകയും ചെയ്തതിനാൽ വ്യാപാരി അടുത്തുകണ്ട വഴിയമ്പലത്തിൽ വിശ്രമിച്ചു. യാത്രാക്ഷീണം കാരണം അദ്ദേഹം പെട്ടെന്നുതന്നെ ഉറങ്ങിപ്പോവുകയും ചെയ്തു. ഉറക്കത്തിൽ നിന്ന് ഉണർന്നു നോക്കിയപ്പോൾ അദ്ദേഹത്തിന്റെ പണക്കിഴി കാണാനില്ല. വ്യാപാരി പരിഭ്രാന്തനായി. തന്റെ ഒരു മാസത്തെ അധ്വാനത്തിന്റെ ഫലമാണല്ലോ നഷ്ടമായത് എന്നോർത്ത് അയാൾ ദുഃഖിതനായി. ഈ സമയത്തുതന്നെ ദൂരെ നിന്ന് പത്തിയൂർ ഭഗവതിയുടെ ഉത്സവ ആറാട്ടെഴുന്നള്ളത്ത് മടങ്ങി വരുന്നത് അദ്ദേഹം കണ്ടു. ദേവിയുടെ ആറാട്ടിന് അകമ്പടിയായി പോ യവർ തങ്ങളുടെ യാത്രാക്ലേശങ്ങളെപ്പറ്റി പരസ്പരം പറയുന്നത് വ്യാപാരി ശ്രദ്ധിച്ചു. ഇത്രയേറെ ദൂരം താണ്ടി ദേവിയുടെ ആറാട്ടെഴുന്നള്ളുത്ത് നടത്തുന്നതിന്റെ പ്രയാസങ്ങളെപ്പറ്റിയായിരുന്നു അവർ പരസ്പരം പങ്കുവച്ചത്. ദേവിഭക്തരായ അവരുടെ സംസാരം കേട്ട് വ്യാപാരി തന്റെ നഷ്ടപ്പെട്ടുപോയ പണക്കിഴി തിരികെ കിട്ടുകയാണെങ്കിൽ പത്തിയൂരമ്മയ്ക്ക് ഒരു കുളം നിർമ്മിച്ചു നൽകാം എന്നയാൾ പ്രാർത്ഥിച്ചു. ദേവിയുടെ ആറാട്ടിന് ഇത്രയേറെ ദൂരം താണ്ടാതെ ക്ഷേത്രത്തിൽ നിന്നും അടുത്തായി ഒരു കുളം, അതാണ് വ്യാപാരി ഉദ്ദേശിച്ചത്. അന്ന് രാത്രിയും വ്യാപാരി വഴിയമ്പലത്തിൽ തന്നെ കഴിച്ചുകൂട്ടി. പിറ്റേ ദിവസം നേരം പുലർന്ന് വ്യാപാരി ഉണർന്നു നോക്കുമ്പോൾ തനിക്ക് നഷ്ടപ്പെട്ട പണക്കിഴി തന്റെ ഭാണ്ഡക്കെട്ടിനടുത്തിരിക്കുന്നതാണ് കണ്ടത്. അദ്ദേഹം അത്ഭുതപ്പെട്ടു. പത്തിയൂരമ്മയെ വിളിച്ചു പ്രാർത്ഥിച്ചു. അദ്ദേഹം പിന്നീട് വഴിയമ്പലത്തിനടുത്തായി മൂന്നേക്കർ സ്ഥലം വാങ്ങി അവിടെ ദേവിയ്ക്ക് ആറാട്ടിനായി ഒരു കുളം നിർമ്മിച്ച് നൽകുകയും ചെയ്തു. ഈ കുളത്തിലാണ് ഇന്നും പത്തിയൂരമ്മയുടെ ഉത്സവ ആറാട്ട് നടക്കുന്നത്.

പത്തിയൂർ ശ്രീദുർഗ്ഗാഭഗവതി ക്ഷേത്രത്തിൽ ആനയെ എഴുന്നള്ളിക്കാറില്ല. അതിമനോഹരമായി അലങ്കരിച്ച തണ്ടിലേറ്റിയാണ് ഭഗവതിയുടെ എഴുന്നള്ളത്ത് നടത്താറുള്ളത്. ഈ എഴുന്നള്ളത്ത് നേരിൽ കണ്ടാൽ മാത്രമേ അതിന്റെ ഭംഗി അറിയാൽ കഴിയുകയുള്ളൂ. ഭക്തിനിർഭരവും അവർണ്ണനീയവുമാണ് തണ്ടിലേറ്റി എഴുന്നള്ളത്ത്. പതിനാലു കരകളിൽ ഉള്ളവർ മത്സരബുദ്ധിയോടെ ഉത്സവം ആഘോഷിക്കുന്ന കാഴ്ചകൾ കണ്ണിനാനന്ദകരമാണ്. ദേവഗീതികളാലപിക്കുന്നത് ദേവിയ്ക്ക് ഏറ്റവും പ്രിയപ്പെട്ട വഴിപാടാണ്. സാധാരണ ദേവീക്ഷേത്രങ്ങളിൽ നടത്തുന്ന എല്ലാ വഴിപാടുകളും പത്തിയൂർ ഭഗവതി ക്ഷേത്രത്തിലും നടത്തപ്പെടുന്നു. ഉത്സവകാലത്ത് ഉദ്ദിഷ്ട

കാര്യസിദ്ധിക്കായി നടത്തപ്പെടുന്ന കുട്ടിയെ ഴുന്നള്ളത്ത് ദേവിയുടെ പ്രധാന വഴിപാടാണ്. പത്തിയൂരമ്മയുടെ ദേശവും ഐതീഹ്യവും അമ്മയുടെ മഹത്വത്തിന്റെ പ്രകാശവലയ ത്തിൽ തിളങ്ങി കാണപ്പെടുന്നതിന്റെ അടയാ ളമാണ് പത്തിയൂരിലെ പടിതൊട്ടുവന്ദിക്കുക എന്നത്. പാപഭാരത്താൽ അസ്വസ്ഥമായ ജീവിതാന്തരീക്ഷത്തിൽ കഴിയുന്നവർക്ക് ജീ വിതക്ലേശങ്ങളെ ലഘൂകരിക്കുവനൊരു പു ണ്യസ്ഥാനമാണ് പത്തിയൂർ ക്ഷേത്രസന്നിധാ നം. അമ്മയുടെ അനുഗ്രഹത്താൽ സുരക്ഷി തരെന്ന ആത്മവിശ്വാസം, അത് ഈ തിരു നടയിലെത്തുന്നവർക്ക് കരുണാമയിയായ പത്തിയൂരമ്മ കനിഞ്ഞു നൽകുന്ന അനു ഗ്രഹ പ്രസാദം തന്നെയാണ്. ഖാണ്ഡവവന ദഹനസന്ദർഭത്തിൽ അഗ്നിദേവനെ തടുത്തു നിർത്തിയ ശ്രീദുർഗ്ഗാഭഗവതിയെ സദാപ്രസ ന്നവതിയാക്കുവാൻ ഗന്ധർവ്വസുന്ദരികളാല പിക്കുന്നു എന്ന് വിശ്വസിക്കുന്ന സംഗീതധാര ആസ്വദിക്കുന്ന, ആരെയും ശിക്ഷിക്കാത്ത പത്തിയൂരമ്മയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിച്ച്, പടിതൊട്ടുതൊഴുത് നമുക്കും പാപമുക്തരാകാം. പത്തിയൂരിനും ഭക്തർക്കും പുണ്യം നൽകി അനുഗ്രഹിക്കുന്ന പത്തിയൂ രമ്മേ ശരണം!

*****

# മോചനം

രാജൻ

എന്തിന്നു ജീവിതം മണ്ണിൽ
സന്താപത്തിന്നുമാത്രമോ?
സന്തതം ഹൃദയത്തിങ്കൽ
പൊന്തും ചോദ്യമിതൊന്നുതാൻ.
ആധിതന്നന്ധകാരത്തി-
ലാണ്ടുനിൽപ്പൂ ചരാചരം
കാണുവാനില്ല തോഷത്തിൻ
ആശാകിരണമെങ്ങുമേ.
സ്നേഹവും ദയയും തീർത്തും
അന്യമായ് തീർന്നു ഭൂമിയിൽ
വൈരവും ക്രോധവും മാത്രം
വിരിയുന്നതിനു ചുറ്റിലും
കൊടിയുംകുത്തി വാഴുന്നു
അധർമ്മങ്ങളസത്യവും
വന്നുചേർന്നീടുമോ കണ്ണൻ
ധർമ്മസംസ്ഥാപനത്തിനായ്
ദാരിദ്ര്യം കാർന്നുതിന്നുന്നു
ജീവിതത്തിൻ പ്രതീക്ഷകൾ
രോഗങ്ങളേകിടും ദു:ഖം
അനന്തം ഭീതിദായകം
വായുവും വെള്ളവും മണ്ണും
സർവ്വമിന്നുമലീമസം
മാലിന്യത്തിലൊടുങ്ങീടും
ജീവജാലങ്ങൾ സർവ്വതും
ഭൂവിന്നുകുളിരേകീടും
കാനനങ്ങളദൃശ്യമായ്
കാലം തെറ്റിയ പേമാരി
കലിതുള്ളുന്നു കാലനായ്.
വെട്ടും കുത്തും തടഞ്ഞേറ്റം
മുറിഞ്ഞും ചോരവാർന്നുമേ
കേഴുന്നു ധരതന്നേയും
കേവലം വികലാംഗയായ്.
ജഗധ്വംസനമീമട്ടിൽ
തുടർന്നീടിലഭംഗുരം
ക്ഷണനേരത്തിലെത്തീടും
സർവ്വനാശം സുനിശ്ചയം.
വനവും പുഴയും സസ്യ-
ജാലങ്ങൾ ശലഭങ്ങളും
തീർത്തോരു ശിൽപ്പചാതുര്യം
തീർത്തതെന്തിനു മർത്യനെ..
ഭൂമിതൻ നിലനിൽപ്പിനു
മാനവൻ തന്നെ ഭീഷണി
മർത്യസൃഷ്ടി മഹീശന്നു
വന്നതാം കൈയബദ്ധമോ
ഭൂതലം നിലനിന്നാലേ
ജീവനം സാധ്യമായിടു.
സംരക്ഷയേകിയാലൂഴി
സംരക്ഷിക്കും ജനത്തെയും
താപച്ചുഴിയിലിന്നിത്ഥം
തിരിയും നിസ്സഹായരെ
ശാന്തിതൻ തീരമെത്തിക്കാൻ
മൃത്യുതൻ കൈകളെത്തണം
മരണം സുഖദം ശാന്തം
സർവ്വദു:ഖനിവാരണം
മരണം പുൽകിടും നേരം
പൂർണ്ണമാകുന്നു മോചനം

* * * * * *

യാത്രാവിവരണം

# തുർക്കി പർവ്വം 3

## പഞ്ഞി കോട്ടയും അൻടാല്യയും

ടി. വത്സല മേനോൻ - 9884083138

**അഞ്ചാം ദിവസം ഏപ്രിൽ 28**

പ്രാതൽ കഴിഞ്ഞു ബസ്സിൽ കയറി Hieropolis ലേക്കു ഞങ്ങൾ യാത്രയായി. വഴിയിൽ കോട്ടക്ക് മുൻപുള്ള താഴ്വാരത്തിൽ പ്രകൃതി രമണീയമായ ഒരു തടാകത്തിനു സമീപം കുറച്ചു സമയം ഞങ്ങൾ ചിലവഴിച്ചു. അരയന്നങ്ങൾ യഥേഷ്ടം നടന്നും നീന്തിയും വിഹരിച്ചിരുന്ന ആ താഴ്വാരത്തിൽ നിന്ന് ദൂരെ മുകളിൽ കാൽസൈറ്റ് കൊണ്ട് മൂടിയ ഒരു പഞ്ഞി കോട്ട കാണാം. ഇരുനൂറു മീറ്റർ



മുകളിലുള്ള പാറക്കെട്ടുകളിൽ നിന്ന് ഒഴുകിയെത്തുന്ന കാൽസൈറ്റ്വെള്ളം ഘനീഭവിച്ചു സ്ഥാലക്കൈറ്റുകളും പടിയിടുക്കുകളും ആയി മാറിയിരുന്നു. കാൽസ്യം കാർബോനെറ്റ് ഇവക്ക് മഞ്ഞിന് തുല്യമായ തൂവെള്ള നിറം നൽകിയിരുന്നു. അതുകൊണ്ടാണ് അതിനെ പഞ്ഞി കോട്ട എന്ന് വിളിക്കുന്നത്. ടർക്കിയിൽ പമുക്കലേ എന്നാൽ കോട്ടൺ കാസിൽ എന്നാണു അർഥം.

ഞങ്ങൾ ബസ്സിൽ മല കയറി താപനീരുറവകൾ നിറഞ്ഞു നിന്ന Hieropolis ലെത്തി. ക്യാമറകൾക്കു നല്ല ഒരു വിരുന്നു കൊടുത്ത നീരുറവകളായിരുന്നു അവ. ക്രിസ്തുവിനു രണ്ടു നൂറ്റാണ്ടുകൾക്കു മുൻപ് അറ്റ്ലിഡിസ് സാമ്രാജ്യത്തിലെ രാജാക്കന്മാർ ആണ് Hieropolis സ്ഥാപിച്ചത്. ക്രിസ്തുവിനു അറുപതു വർഷങ്ങൾക്കു ശേഷം ഒരു ഭൂകമ്പത്തിൽ Hieropolis തകർക്കപ്പെട്ടു. 330 ഇൽ രാജാവായ കോൺസ്റ്റാൻടൈൻ ക്രൈസ്തവ മതം സ്വീകരിച്ച ശേഷം Hieropolis വീണ്ടും നിർമിച്ചു. വിസ്തൃതമായ ഹെയ്റോപ്പിലോസിനുള്ളിൽ ഈ നീരുറവക്കു പുറമെ ഒരു വലിയ തീയേറ്ററും ടർക്കിയിൽ ശ്മശാന ഭൂമി എന്നർത്ഥം വരുന്ന നെക്രോപോളിസും കമാനങ്ങളും ഉണ്ട്. നീരുറവകളിൽ ഇറങ്ങി ഇളം ചൂട് വെള്ളം കാലിൽ തട്ടാൻ താല്പര്യമുള്ളവർ പരസ്പരം കൈകോർത്തു ആ സംരംഭത്തിനു തയ്യാറായി. കാൽസ്യം കാർബോനെറ്റ് ഇഴുകിച്ചേർന്നു കിടന്ന ഉറവകൾക്ക് കീഴിലെ പാറക്കെട്ടുകൾ വഴുക്കുന്നതു കൊണ്ടാണ് ഈ കൈച്ചങ്ങല ഞങ്ങൾ തീർത്തത്.


നെക്രോപൊളീസും തീയറ്ററും എല്ലാം ചുറ്റി കഴിഞ്ഞപ്പോൾ ഏതാണ്ട് മൂന്നു മണിക്കൂർ കഴിഞ്ഞതറിഞ്ഞില്ല. ഉച്ചയൂണ് കഴിഞ്ഞു അടുത്ത താവളമായ അന്റാല്യയിലേക്കുള്ള നാല് മണിക്കൂർ യാത്ര ആരംഭിച്ചു. ബസ്സിൽ ഞങ്ങളുടെ പതിവ് കലാപരിപാടികൾ തുടർന്നു. പിൻസീറ്റിലെ മുതിർന്ന പൗരന്മാർ തമാശ പറഞ്ഞും കളിയാക്കിയും യാത്രയെ ലഘൂകരിച്ചു. പുറമെ തുർക്കി ഭൂപ്രകൃതിയും ആസ്വാദ്യകരമായിരുന്നു. ഏതാണ്ട് ആറരയോടെ ഞങ്ങൾ അന്റാല്യയിലെ ഹോട്ടൽ Adonisell ൽ എത്തി. റൂമുകളുടെ ബാൽക്കണികളെല്ലാം മെഡിറ്ററേനിയൻ കടലിനഭിമുഖമായിരുന്നു. സമൃദ്ധമായ അത്താഴ വിരുന്നിനു ശേഷം ഒരുദ്വേഗജനകമായ ദിവസത്തിന് അന്ത്യം കുറിച്ചുകൊണ്ട്

ക്ഷീണിതരായ എല്ലാവരും അവരവരുടെ മുറികളിൽ ചേക്കേറി.

**ആറാം ദിവസം ഏപ്രിൽ 29**

ഇന്ന് ഞങ്ങളുടെ അന്റാല്യ പര്യടനമാണ്. അഡോണയ്സിലെ പ്രാതൽ മെഡിറ്ററേനിയൻെറ മുൻപിലുള്ള ബാൽക്കണിയിലുള്ള റെസ്റ്റാറന്റിൽ ആയിരുന്നു. അവിടുത്തെ ഷെഫ് ഞങ്ങളുടെ ഹിതത്തിനനുസരിച്ചു മുൻപിൽ വച്ച് തന്നെ ഓംലെറ്റുകൾ ഉണ്ടാക്കി തന്നു. ഷെഫ് ഞങ്ങൾക്ക് ഉപചാരപൂർവം ടർക്കിഷ് ചായയും കൂട്ടിതന്നു. ഞങ്ങൾ ആദ്യമായി പോയത് ഡുഡെൻ വെള്ളച്ചാട്ടം കാണാനായിരുന്നു. ഇതിനു അലക്സാണ്ടർ വെള്ളച്ചാട്ടം എന്നും പേരുണ്ടായിരുന്നു. സിറ്റി സെന്ററിൽ നിന്ന് പത്തു കിലോമീറ്റർ ദൂരത്തായിരുന്നു ഇത്. ഇരുപതു മീറ്റർ മുകളിൽനിന്നു പതിക്കുന്ന രണ്ടു മൂന്ന് വെള്ളച്ചാട്ടങ്ങൾ ചേർന്നുണ്ടായ ഒരു ജലാശയവും അവിടെ ഉണ്ടായിരുന്നു. മരങ്ങളും, പൂക്കളും, ഫലവൃക്ഷങ്ങളും തിങ്ങി നിറഞ്ഞു നിന്ന ഉദ്യാനത്തിൽ നിന്ന് കണ്ണഞ്ചിപ്പിക്കുന്ന ദൃശ്യങ്ങളാണ് ഡുഡനിൽ ഉണ്ടായിരുന്നത്.

ആ ഉദ്യാനത്തിൽ ചടുലമായി നടന്ന വ്യാപാരരീതികൾ ഞങ്ങളെ ആകർഷിച്ചു. ഒരു പരുന്തിന്റെ വലുപ്പമുള്ള പഞ്ചവർണത്തത്തയെക്കൊണ്ട് ഒരാൾ ആവശ്യക്കാർക്ക് ഒരു തുക നൽകി തത്തയെ വച്ച് പോസ് ചെയ്തു ഫോട്ടോ എടുത്തു കൊടുത്തിരുന്നു. മറ്റൊരാൾ തേങ്ങയും ഇളനീരും ഇന്ത്യയിലെ ആയിരം രൂപയിൽ കൂടുതൽ ഈടാക്കി വ്യാപാരം നടത്തിയിരുന്നു. കേരളത്തിൽ തിരിച്ചു വന്നു തിരുവാതിര ക്ലാസിനു പോയപ്പോൾ എന്റെ ടീച്ചർ പറഞ്ഞു, 'എന്റെ ഭഗവാനെ ഇതറിഞ്ഞെങ്കിൽ ഞാൻ കുറച്ചു തേങ്ങാ തന്നയക്കാമായിരുന്നു. എന്റെ വീട് പണിക്കു സഹായമാകുമായിരുന്നു.'



ഞങ്ങൾ അടുത്ത് പോയത് സിറ്റി സെന്ററിൽ നിന്നും നാൽപ്പത്തിനാല് കിലോമീറ്റർ ദൂരത്തുള്ള ആസ്പെൻഡോസ് നഗരത്തിലേക്കായിരുന്നു. ആസ്പെൻഡോസിലെ പ്രധാന ആകർഷണം മാർക്സ് ഔറേലിയൂസ് നിർമ്മിച്ച ദൃശ്യ വിസ്മയമായ റോമൻ തീയറ്റർ ആണ്. ഈ തീയേറ്ററിന്റെ പ്രത്യേകത അവിടുത്തെ അക്കോസ്റ്റിക്സ് ആണ്. മൈക്കിന്റെ സഹായം കൂടാതെ ശബ്ദം ദൂരത്തിൽ എത്തുന്ന അവിടെ സന്ദർശകർക്ക് പാട്ടു പാടാനുള്ള അവസരവുമുണ്ട്. ഹുസ്നിയെ ഇത് പറഞ്ഞു തന്നപ്പോൾ സുധബാലഗോപാലനും രാജഗോപാലും മോഹൻ മേനോനും അവിടുത്തെ കല്ലുപാകിയ സ്റ്റേജിൽ കയറി തങ്ങളുടെ കഴിവ് പുറത്തെടുത്തു. ശങ്കരാഭരണത്തിലെ ശങ്കരാ എന്ന ഗാനമാണ് സുധ പാടിയത്. ഗാനം ആ തീയേറ്റർ മുഴുവനും അലയടിച്ചു. ഞങ്ങളുടെ പ്രകടനം കണ്ടു നിന്ന ഒരു യൂറോപ്യൻ വനിതാ ഞങ്ങളുടെ ഗ്രൂപ്പ് ഫോട്ടോക്കിടയിൽ വന്നു എന്റെയും ഹരിയുടെയും ഇടയിൽ വന്നിരുന്നു. അവരുടെ ഭർത്താവ് ഫോട്ടോ എടുക്കുമ്പോൾ ഹരി എന്നെ കാണിച്ചു പറയുന്നത് കേൾക്കാമായിരുന്നു. 'എനിക്കിവരെ അറിയില്ല.' അടുത്ത നിമിഷം അവരുടെ ഭർത്താവ് എന്റെ സമീപം വന്നിരുന്നപ്പോൾ ഞാനും തിരിച്ചടിച്ചു.

തീയേറ്ററിൽ നിന്ന് ഞങ്ങൾ പോയത് അതിന്റെ സമീപത്തുള്ള ഒരു റോമൻ കാ



ലഘട്ടത്തിലെ സ്റ്റേഡിയത്തിലേക്കായിരുന്നു. അതിന്റെ സമീപത്തു മാർബിൾ പാകിയ ഒരു കമാന പാതക്കരികിൽ ആ കാലത്തെ സമർത്ഥമായ ജലനിർഗ്ഗമന സംവിധാനം അവശേഷിക്കുന്നു. അവിടെ തന്നെ കൗതുകകരമായ ഒരു ജലസംഭരണിയും ബസിലിക്കയും പിന്നെ അക്കാലത്തെ ഒരു മാർക്കറ്റിന്റെ ഹോളും കാണാമായിരുന്നു.

അവിടെ നിന്ന് ഞങ്ങൾ പോയത് സിറ്റി സെന്ററിലേക്കാണ്. ഉച്ച ഭക്ഷണത്തിനു ശേഷം അവിടുത്തെ ഹെറിറ്റേജ് സ്ഥലമായ കലെസിയായിരുന്നു ഞങ്ങളുടെ ലക്ഷ്യം. കലെസി എന്നാൽ പഴയ റോമൻ ഹെലനിക് കാലഘട്ടത്തിലെ ഒരു നഗരമാണ്. വാസ്തു വിദ്യയുടെ പാടവം വിളിച്ചോതുന്ന മനോഹരമായ ഹഡ്രിയൻ ക്ലോക്ക് ടവറിൽ നിന്നാണ് ഞങ്ങളുടെ തുടക്കം. ആയിരത്തി തൊള്ളായിരത്തി ഒന്നിൽ സയ്ദ് പാഷ എന്ന രാജാവ് നിർമ്മിച്ചതാണ് ഈ ടവർ. ഓട്ടോമൻ യൂറോപ്യൻ വാസ്തു വിദ്യയുടെ സ്വാധീനം ഇതിലുണ്ട്. താരതമ്യേന ആധുനിക കാലത്തു നിർമ്മിച്ച ഈ ക്ലോക്കിന്റെ നാല് ഭാഗത്തും ഡയലുകൾ ഉണ്ട്. ടവറിന്റെ താഴത്തു തന്നെ ഹഡ്രിയൻ ഗേറ്റ് ഉണ്ട്. 130 എ ഡിയിൽ റോമൻ സാമ്രാട്ടായ ഹഡ്രിയൻ അന്റാല്യ സന്ദർശിച്ചപ്പോൾ നിർമ്മിച്ച ഗേറ്റാണിത്.

ഈ ഗേറ്റ് കടന്നാണ് ഞങ്ങൾ കാലെയ്സിയിലെത്തിയത്. ചുവന്ന ടൈലുകൾ കൊണ്ട് നിർമ്മിച്ച മാളികകളും, ബോട്ടിക് ഹോട്ടലുകളും, ആർട്ട് ഗാലറികളും, ക്യൂരിയോ കടകളും നിറഞ്ഞതായിരുന്നു കാലെയ്സി നഗരം. നമ്മുടെ ഫോർട്ട് കൊച്ചിയെ അനു സ്മരിപ്പിക്കുന്നതായിരുന്നു ആ നഗരം.

പഴയകാല വീഥികളിലൂടെ ചരിത്ര



ത്തിൽ ഉറങ്ങി കിടന്നിരുന്ന കെട്ടിടങ്ങളേയും കടന്നു ഞങ്ങൾ താഴേക്ക് താഴേക്കു ഇറങ്ങി ഒരുൾക്കടലിന്റെ വക്കത്തുള്ള ചരിത്രാതീത കാലത്തെ തുറമുഖത്തെത്തി. ഉൾക്കടലിന്റെ വക്കത്തു ചെറിയ, ചെറിയ ഉദ്യാനങ്ങളും തത്തിക്കളിക്കുന്ന നൗകകളും, ദൂരത്തു മെഡിറ്ററെനിയൻ കടലും, ചെറിയ ചെറിയ കഫേകളും, അവക്ക് പുറത്തിരുന്നു ഗിറ്റാർ വായിക്കുന്ന കലാകാരന്മാരും, പാട്ടുകാരും ഞങ്ങളെ സന്തോഷിപ്പിച്ചു. തിരിച്ചു കയറാൻ അവിടെ ഒരു ലിഫ്റ്റ് തയ്യാറായിരുന്നു. കാരണം, എത്രയോ നിലകൾ ഇറങ്ങിയാണ് ഞങ്ങൾ അവിടെ എത്തിയിരുന്നത്. ക്യൂ ഉണ്ടായിരുന്നെങ്കിലും മനോഹരമായ ദൃശ്യങ്ങളുടെ ഓർമ്മകളുമായി ഞങ്ങൾ മുകളിലെത്തി. സമയം ഏതാണ്ട് നാല് മണിയായിരുന്നു.

ഞങ്ങളുടെ പദ്ധതിയിൽ ഇല്ലാതിരുന്ന ഒരു ബീച്ച് യാത്ര കൂടി കഴിഞ്ഞാൽ അന്റാല്യക്ക് അന്ത്യമാവും. ഞങ്ങളിൽ ചിലരെല്ലാം ബീച്ചിൽ ഇറങ്ങാനും കുളിക്കാനും തുടങ്ങി. അങ്ങിനെ സന്ധ്യ കഴിഞ്ഞു Adonisell ൽ തിരിച്ചെത്തി അത്താഴവും കഴിഞ്ഞു ഞങ്ങൾ പിറ്റേ ദിവസം പോകേണ്ട ഈ ടൂറിലെ ഏറ്റവും ഹൃദ്യമായ കപ്പഡോക്കിയയെ സ്വപ്നം കണ്ടുറങ്ങി.

(തുടരും)

# യൗവ്വനയുക്തമായ ഓജസ്സോടെയുള്ള ദീർഘായുസ്സ്

ഡോ. ദേവീദാസ് വെള്ളോടി - 9747480903.

**വാർദ്ധക്യം:**

വാർദ്ധക്യം ഒരു സാധാരണ പ്രതിഭാസമാണെന്നും ജീവിതത്തിന്റെ അവസാനത്തിൽ മരണവും ഒരു യാഥാർത്ഥ്യമാണെന്നും നമുക്കറിയാം. എന്നാൽ മനുഷ്യജീവിതത്തിന്റെ ആരംഭം മുതൽ, നമ്മുടെ പൂർവ്വികർ ആയുസ്സ് വർദ്ധിപ്പിക്കുന്നതിനുള്ള ഗവേഷണം ആരംഭിച്ചു.

ആയുർവേദത്തിൽ 'ജര' എന്നത് വാർദ്ധക്യത്തിന് ഉപയോഗിക്കുന്ന പദമാണ്.

'ജീര്യതേ ഇതി ജാര'(അഷ്ടാംഗ ഹൃദയം) (ജീർണ്ണിക്കുന്നതിനാൽ അതിനെ 'ജര' എന്ന് വിളിക്കുന്നു)

ആയുർവേദ ശാസ്ത്ര പ്രകാരം പൊതുവെ നമ്മുടെ ആയുസ്സിനെ മൂന്ന് ഘട്ടങ്ങളായി തരം തിരിക്കാം കൗമാരം 25 വയസ്സ് വരെ (ബാല 16 വയസ്സ് വരെ), യുവത്വം (60 വയസ്സ് വരെ), 'വാർദ്ധക്യം' (60 വയസ്സിന് ശേഷം), കൗമാരം 30 വയസ്സ് വരെ ആണെന്ന് അഭിപ്രായ വ്യത്യാസമുണ്ട്. കൗമാര ഘട്ടത്തിൽ, ശരീരം 'കഫ' പ്രബലമായിരിക്കും, യുവത്വത്തിൽ 'പിത്തം' ഉയർത്തപ്പെടും, 'വാർദ്ധക്യത്തിൽ' വാതം പ്രബലമായിരിക്കും. ശരീരത്തിന്റെ വളർച്ച കഫ പ്രധാനമായ ഒന്നാം ഘട്ടത്തിലായിരിക്കും, രണ്ടാം ഘട്ടത്തിൽ പിത്ത പ്രവർത്തനങ്ങൾ സന്തുലിതമാക്കുകയും ആരോഗ്യം നിലനിർത്തുകയും ചെയ്യുന്നു, കൂടാതെ വാർദ്ധക്യഘട്ടത്തിൽ വാതത്തിന്റെ ആധിപത്യം മൂലം അപചയം ആരംഭിക്കുന്നു.

'ഒരു മനുഷ്യന് അവന്റെ ധമനികളോളം പ്രായമുണ്ട് (BLACKS മെഡിക്കൽ നിഘണ്ടു). ഈ പ്രസ്താവന വാർദ്ധക്യത്തെക്കുറിച്ചുള്ള ആയുർവേദ തത്ത്വങ്ങളെ സ്ഥിരീകരിക്കുന്നു (ശ്രോതോ വൈഗുണ്യം ചാനലുകളുടെ തടസ്സവും, തെറ്റായ പ്രവർത്തനവും ആണ് വാർദ്ധക്യത്തിലേക്ക് നയിക്കുന്നത്)

**വാർദ്ധക്യത്തിലെ സാധാരണ പ്രശ്നങ്ങൾ ഇവയാണ്:**

ആശ്രിതത്വം, വാതരോഗങ്ങൾ, പൊതുവായ ബലഹീനത, ഓർമ്മക്കുറവ്, ഏകാഗ്രത സഹിഷ്ണുത കുറയൽ, കേൾവിക്കുറവ്, കാഴ്ചക്കുറവ്, വിറയൽ, ഓസ്റ്റിയോ ആർത്രൈറ്റിസ്, വിഷാദം, ഉത്കണ്ഠ, മരണത്തെക്കുറിച്ചുള്ള ഭയം, ഏകാന്തത, ഭ്രമം തുടങ്ങിയവ. ഈ പ്രശ്നങ്ങളെ ശാരീരികവും മാനസികവുമായ രണ്ടായി തരം തിരിക്കാം. അരക്ഷിതരാണ് എന്ന വികാരവും, ഭയവും സാമൂഹിക നില, സംസ്കാരം, വീട്ടിലെ അന്തരീക്ഷം എന്നിവയെ ആശ്രയിച്ചിരിക്കുന്നു.

ശാരീരിക പ്രശ്നങ്ങൾ പ്രധാനമായും ശരീരത്തിൽ സംഭവിക്കുന്ന അപചയകരമായ മാറ്റങ്ങളാണ്.

ഇവിടെ നമുക്ക് എങ്ങനെ ആരോഗ്യം നിലനിർത്താനും, പ്രായമാകൽ മൂലമുള്ളസങ്കീർണതകൾ കുറയ്ക്കാനും കഴിയും എന്നതാണ് ചോദ്യം.

**രസായനം (വാർദ്ധക്യത്തിനുള്ള ചികിത്സ):**

എന്താണ് ശരീരം/ 'ശീര്യതേ ഇതി ശരീരം' കാരണം നമ്മുടെ മനുഷ്യശരീരത്തെ ജീർണ്ണിക്കുന്ന പ്രക്രിയയെ 'ശരീരം' എന്ന് വിളിക്കുന്നു.

പുരാതനകാലം മുതൽ തന്നെ നമ്മുടെ ആചാര്യന്മാർ പ്രായമാകൽ പ്രക്രിയയെ വൈകിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ഗവേഷണം ചെയ്തു വരുന്നുണ്ട്. ആയുർവേദം 'ജരാചികിത്സ' (രസായനം) എന്ന പേരിൽ ഈ വിഷയത്തെ കുറിച്ച് വിശദമായി വിവരിക്കുന്നു.

**സ്വസ്ഥവൃത്തം (ദൈനംദിന/സീസണൽ ആരോഗ്യകരമായ ശീലങ്ങൾ):**

'വ്യായാമ നിത്യോ ജീർണസീ നിത്യഭ്യം ഗോ ജരം ജയേത്' (അഷ്ടാംഗ ഹൃദയം)

ചിട്ടയായ വ്യായാമങ്ങൾ, ആരോഗ്യകരമായ ഭക്ഷണ ശീലങ്ങൾ (ആവശ്യത്തിന് വിശപ്പുണ്ടെങ്കിൽ മാത്രം കഴിക്കുക), ദിവസേനയുള്ള എണ്ണതേച്ചു കുളി എന്നിവ ചെയ്താൽ വാർദ്ധക്യം വൈകിപ്പിക്കും.

**സുഖകരമായി പ്രായമാകുന്നതിന് നാം ശ്രദ്ധിക്കേണ്ട പ്രധാന മേഖലകൾ:**

**1. ഭക്ഷണം:**

വാർദ്ധക്യത്തിൽ 'അഗ്നി' (ദഹനം) മന്ദഗതിയിലാകും. അതുകൊണ്ട് നല്ല വിശപ്പ് തോന്നുമ്പോൾ മാത്രം കഴിക്കുക. മാസത്തിൽ ഒരിക്കലെങ്കിലും 'വ്രതം' ആചരിക്കുന്നതും നല്ലതാണ്. മാംസാഹാരം, കൊഴുപ്പുള്ള ഭക്ഷണം, മദ്യം എന്നിവയുടെ ഉപയോഗം കുറയ്ക്കാൻ ആയുർവേദം ശുപാർശ ചെയ്യുന്നു. കൂടുതൽ ലവണം (ഉപ്പ്), അമ്ലം (പുളിപ്പ്), പുളിച്ച, (കടു-എരിവ്), മാംസം, തൈര്, മുളപ്പിച്ച പയർ എന്നിവ അടങ്ങിയ ഭക്ഷണം ഒഴിവാക്കാം. പാലും മത്സ്യവും ചേർത്ത് കഴിക്കരുത് (പ്രത്യേകിച്ച് ചെമ്മീൻ), ചൂടാക്കിയ തേൻ, പഴങ്ങൾ, പാലുൽപ്പന്നങ്ങൾ എന്നിവ ഒരുമിച്ചുള്ള വിഷാംശമുള്ള ഭക്ഷണ ചേരുവകകൾ ഒഴിവാക്കണം.

**2. ശീലങ്ങൾ:**

പകൽ ഉറക്കം പരിമിതപ്പെടുത്തുകയോ ഒഴിവാക്കുകയോ ചെയ്യണം. ലൈംഗിക പ്രവർത്തനങ്ങളിൽ നിയന്ത്രണം വേണം. ശരീരത്തിലും, തലയിലും പതിവായി എണ്ണ പുരട്ടുക, പതിവ് വ്യായാമങ്ങൾ, യോഗ പരിശീലിക്കുക, നേരത്തെ എഴുന്നേൽക്കുക, പതിവായി ശുദ്ധിയുള്ള മലവിസർജ്ജനം, വിവിധ സീസണുകളിൽ പ്രത്യേക പരിചരണം, കാലാനുസൃതമായി ചെയ്യുന്ന 'പഞ്ചകർമ്മ' ശുദ്ധീകരണ ചികിത്സകൾ, 'രസയാന' ഗുണമുള്ള മരുന്നുകൾ കഴിക്കുന്നത് ശുപാർശ ചെയ്യുന്നു.



**3. മാനസികാരോഗ്യം:**

വാർദ്ധക്യത്തിലെ പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നതിന് ജീവിതത്തിലേക്കുള്ള ദാർശനിക വീക്ഷണം അത്യന്താപേക്ഷിതമാണ്. നമ്മുടെ വികാരങ്ങൾ നിയന്ത്രണത്തിലായിരിക്കണം, നമ്മൾ സംസാരിക്കുന്ന വാക്കുകൾ നിയന്ത്രിക്കണം, സത്യം മാത്രം പറയണം, നമ്മുടെ മനോവീര്യം നിലനിർത്തണം, യാഥാർത്ഥ്യങ്ങളെ അഭിമുഖീകരിക്കാനുള്ള ധൈര്യം നേടുക തുടങ്ങിയവ നമ്മെ ആരോഗ്യത്തോടെ നിലനിർത്തും. നമ്മുടെ ലക്ഷ്യം നേടാനുള്ള വഴികളിലൊന്നാണ് യോഗ. സാമൂഹിക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നത് നിങ്ങളുടെ മനോവീര്യം വർദ്ധിപ്പിക്കുകയും ഞങ്ങൾ സമൂഹത്തിന് വേണ്ടി എന്തെങ്കിലും ചെയ്യുന്നുവെന്ന തോന്നൽ നൽകുകയും ചെയ്യും.

ആരോഗ്യപ്രശ്നങ്ങൾ സ്വയം തീർപ്പാക്കരുത്; അവയെ എത്രയും വേഗം ചികിത്സിക്കുക. ആനുകാലിക ആരോഗ്യ പരിശോധനകൾ നടത്തുക. 'കർക്കിടക മാസ ചികിത്സ' (മൺസൂൺ കാലത്തെ ആയുർവേദ ചികിത്സകൾ) ശരീരത്തിന് ഒരുതരം വാർഷിക പരിപാലനമാണ്.

**അഭ്യംഗം (ഓയിൽ മസാജ് അല്ലെങ്കിൽ ഓയിൽ ബാത്ത്):**

'അഭ്യഗ മചരേത് നിത്യം സ ജരാ ശ്രമ വാത ഹ

ദൃഷ്ടി പ്രസാദ പുഷ്ത്യയു സ്വപ്ത സുത്വക് ച ദർദ്യകൃത്' (അഷ്ടാംഗ ഹൃദയം)

പതിവായി ഓയിൽ മസാജ് ചെയ്യുന്നത് വാർദ്ധക്യം, ക്ഷീണം, വാതം എന്നിവയിൽ നിന്ന് നിങ്ങളെ അകറ്റി നിർത്തും. ഇത് നിങ്ങളുടെ കാഴ്ചയ്ക്ക് നല്ലതാണ്, ശരീരത്തെ പുനരുജ്ജീവിപ്പിക്കുന്നു, നല്ല ഉറക്കം നൽകുന്നു, നിറവും തിളക്കവും വർദ്ധിപ്പിക്കുന്നു.

ചർമ്മം, ശരീരത്തിന്റെ എല്ലാ ഭാഗങ്ങളെയും പോഷിപ്പിക്കുകയും പേശികൾക്ക് ശക്തി നൽകുകയും ചെയ്യുന്നു. എണ്ണ മസാജ് വാതവും പിത്തവും ശാന്തമാക്കുന്നു. പൊതുവേ, ഇത് രക്തചംക്രമണം വർദ്ധിപ്പിക്കുന്നു, പ്രത്യേകിച്ച് നാഡീവ്യൂഹങ്ങളുടെ, പേശികളുടെയും മുഴുവൻ ശരീരത്തിന്റെയും ബലം, ഞരമ്പുകൾക്ക് ശാന്തത, സന്ധികളുടെ ലൂബ്രിക്കേഷൻ, വർദ്ധിച്ച മാനസിക ജാഗ്രത, ശരീരത്തിൽ നിന്ന് മാലിന്യങ്ങൾ മെച്ചപ്പെടുത്തുക എന്നിവയും സാധ്യമാക്കുന്നു.

ഓയിൽ മസാജ് പരമ്പരാഗതമായി രാവിലെ, കുളിക്കുന്നതിനു മുമ്പാണ് നടത്തുന്നത്. നിങ്ങൾക്ക് ഔഷധ എണ്ണകൾ, എള്ളെണ്ണ അല്ലെങ്കിൽ അരോമ മസാജ് ഓയിൽ ഉപയോഗിക്കാം.

മസാജിന് ഉപയോഗിക്കുന്ന കുറച്ച് ആയുർവേദ എണ്ണകൾ: ധന്വന്തരം തൈലം, മുറിവെണ്ണ, സഹചരാദി തൈലം, പ്രഭഞ്ജനം തൈലം, ബലശ്വഗന്ധാദി തൈലം മുതലായവ.

നാം ദിവസവും തലയിൽ എണ്ണ പുരട്ടണം, ഇത് ചൂട് കുറയ്ക്കുകയും ഞരമ്പുകളെ പുനരുജ്ജീവിപ്പിക്കുകയും ചെയ്യും. ഉദാ. ആസനവിൽവാദി വെളിച്ചെണ്ണ , അസന മഞ്ജിഷ്ഠാദി വെളിച്ചെണ്ണ മുതലായവ. കുളിച്ചതിന് ശേഷം 'രാസ്നാദി ചൂർണം' നിറുകയിൽ തിരുമ്പുന്നത് ശരീരത്തിന് അലർജിക് റിനിറ്റിസ്, ജലദോഷം എന്നിവയെ പ്രതിരോധിക്കും.

**നേത്ര സംരക്ഷണം:**

കണ്ണുകൾക്ക് പ്രത്യേക പരിചരണം നൽകണം. കണ്ണിന്റെ കാഴ്ച വർദ്ധിപ്പിക്കുകയും ആയാസം കുറയ്ക്കുകയും ചെയ്യുന്ന അഞ്ജനം (കാജൽ) കണ്ണുകളിൽ ദിവസവും പുരട്ടുന്നത് നല്ലതാണ്. ദിവസേന പ്രയോഗിക്കാൻ നിർദ്ദേശിക്കപ്പെടുന്ന മറ്റൊരു ക്ലാസിക്കൽ ഐഡ്രോപ്പാണ് 'ഇളനീർ കുഴമ്പ്'.

**രസായന മരുന്നുകൾ:**

1. ച്യവനപ്രാശം: ഇത് ഒരു ക്ലാസിക് ഫോർമുലേഷൻ ആണ്. സാധാരണയായി ചുമ, ബ്രോങ്കൈറ്റിസ്, ആസ്മ, ക്ഷയം, ഹൃദ്രോഗങ്ങൾ, GUT അണുബാധകൾ എന്നിവയ്ക്കുള്ള രസായനമായി ഇത് പരാമർശിക്കപ്പെടുന്നു.
   അളവ്; രോഗിയുടെ 'ബാല' (പ്രതിരോധശേഷി) അനുസരിച്ച്. പ്രതിദിനം 20-50 ഗ്രാം
2. ബ്രഹ്മ രസായനം: ഒരു ക്ലാസിക് ഫോർമുലേഷൻ. ചവൻപ്രാശം പോലെ ഉപയോഗിക്കാം
3. ആമലകി (നെല്ലിക്ക ): ആയുർവേദം ഒരു പ്രത്യേക ക്രമത്തിൽ ദീർഘനേരം കഴിക്കുന്നതിനെ വിവരിക്കുന്നു (തുടക്കത്തിൽ കുറച്ച് നെല്ലിക്കയിൽ തുടങ്ങി സാവധാനം വർദ്ധിക്കുകയും ഡോസ് കുറയുകയും ചെയ്യുന്നതിനെ 'വർദ്ധമാന പ്രയോഗം' എന്ന് വിളിക്കുന്നു)
4. ശിലാജതു (ഓസോകെറൈറ്റ്) പ്രായമാകൽ വിരുദ്ധ ഔഷധമായി പരാമർശിക്കപ്പെടുന്നു. ഇത് ഒരു ചെറിയ അളവിൽ (പ്രതിദിനം 30mg-50mg) വളരെക്കാലം എടുക്കേണ്ടതാണ്.
5. ശതാവരി (ശതാവരി റെസിമോസസ്): 'പിത്ത' ഉയർന്നവരിൽ ആയുർവേദത്തിൽ ശുപാർശ ചെയ്യപ്പെടുന്ന മറ്റൊരു പുനരുജ്ജീവന മരുന്ന്.
6. അശ്വഗന്ധ (withania somnifera): അടുത്തിടെ ലോകം മുഴുവൻ അശ്വഗന്ധയെ ജിൻസെങ്ങിന് പകരമായി കരുതുന്നു. ആയുർവേദത്തിൽ ഇത് 'ഓജസ്' മെച്ചപ്പെടുത്തുന്നതിനും ധാതുക്കളെ ജീവസുറ്റതാക്കുന്നതിനുമുള്ള ഒരു പുനരുജ്ജീവന മരുന്നായി ശുപാർശ ചെയ്യുന്നു. അശ്വഗന്ധ വാതത്തെ ശാന്തമാക്കുന്നു. ഇത് ഗുളികകൾ അല്ലെങ്കിൽ ചൂർണ്ണം രൂപത്തിൽ ലഭ്യമാണ്. അളവ്: ക്യാപ്സൂൾ അശ്വഗന്ധ ഒന്ന്/രണ്ട് ദിവസേന അല്ലെങ്കിൽ ചൂർണം 5 ഗ്രാം ദിവസവും 150 മില്ലി പാലിൽ.
7. ലസുന സ്വരസം (വെളുത്തുള്ളി): വാതോരോഗങ്ങൾ രാക്തസമ്മർദ്ധം കൂടുതൽ വ്യക്തികൾക്കും സ്രോതസ് (ചാനലുകൾ) തടസ്സം നേരിടുന്നവർക്കും ഉത്തമം. ഡോസ്: 4/5 ഇതളുകൾ / ദിവസം പാലിൽ അരച്ച് കുടിക്കുക.

*****

# ചട്ടമ്പിസ്വാമി തിരുവടികൾ – 6

എം.ആർ.എസ് മേനോൻ – 9037126220

എറണാകുളത്ത് വെച്ച് വിവേകനന്ദസ്വാമികളുമായുള്ള കൂടിക്കാഴ്ചയെപ്പറ്റി കഴിഞ്ഞ അദ്ധ്യായത്തിൽ പരാമർശിച്ചിരുന്നല്ലോ എറണാകുളത്തെ സാഹിത്യകുശലൻ ശ്രീ. ടി.കെ. കൃഷ്ണ മേനോൻ സ്വാമിയുടെ ഒരാരാധകനായിരുന്നു. അദ്ദേഹത്തിന്റെ ഭവനത്തിൽ സ്വാമി ഇടക്ക് താമസിക്കുമായിരുന്നു. എറണാകുളത്ത് സ്ത്രീസമാജത്തിന്റെ കാര്യദർശനി അദ്ദേഹത്തിന്റെ പത്നി ശ്രീമതി ടി.സി. കല്യാണിയമ്മയായിരുന്നു. അവരുടെ നിർബന്ധപൂർവ്വമുള്ള പ്രേരണക്കുവഴങ്ങി സ്വാമി സ്ത്രീസമാജത്തിൽ 'പ്രപഞ്ചത്തിൽ സ്ത്രീ പുരുഷന്മാർക്കുള്ള സ്ഥാനം' എന്ന വിഷയത്തെപ്പറ്റി പ്രസംഗിച്ചു. ശ്രീമതി കല്യാണിയമ്മക്ക് സ്വാമിജിയിൽ നിന്ന് ഒരു മന്ത്രോപദേശം കിട്ടണമെന്ന് ആഗ്രഹം പറഞ്ഞു. ചിലർ വിലയ്ക്ക് മന്ത്രം വിൽക്കാൻ നടക്കുന്നുണ്ടത്രേ. കല്യാണിയമ്മ അവരോട് വാങ്ങേണ്ട ഒരു നല്ല നിലവിളക്ക് തെളിയിച്ച് വച്ച്, സുഗന്ധപുഷ്പങ്ങളെ അതിന്റെ മുന്നിൽ ഭഗവതിക്കായി വച്ച് വീണയുടെ തന്ത്രികളെ പതുക്കെ മീട്ടി ലളിതാസഹസ്രനാമം ഇങ്ങിനെ പാരായണം ചെയ്താൽ സർവ്വാഭിഷ്ടങ്ങളും സുലഭമായി കിട്ടും. സ്വാമി ലളിതാസഹസ്രനാ മം ചൊല്ലേണ്ടവിധം ഉപദേശിച്ചു കൊടുത്തു. ഒരു സാധാരണവീട്ടമ്മയ്ക്ക് ഈശ്വരോപാ സനയ്ക്കുള്ള ലളിതമായ മാർഗ്ഗം ഇന്നും പ്രസക്തമാണ്.

സ്വാമി 1894 ൽ കലൂരിൽ വച്ച് രോഗബാധിതനായി ആശുപത്രിയിൽ കിടന്നിരുന്നു. ചന്തുലാലും, രാമയ്യരുമാണ് സ്വാമിജിയെ ശുശ്രൂഷിച്ചിരുന്നത്. ഒരിടത്തും സ്ഥിരമായ താമസം സ്വാമിജിയുടെ സ്വഭാവമായിരുന്നില്ല. വൈക്കം, ചേർത്തല തുടങ്ങിയ സ്ഥലങ്ങളിലെക്കാണ് അദ്ദേഹം പിന്നീട് പോയത്. വൈക്കത്തിനടുത്ത് കുലശേഖരമംഗലത്ത് പുറ്റനാൽ എന്ന ഈഴവ തറവാട്ടിൽ സ്വാമി കുറെക്കാലം താമസിച്ചിരുന്നു. വൈദ്യപാരമ്പര്യമുള്ള ആ തറവാട്ടിൽ വിവിധ വിഷയങ്ങളിൽ പണ്ഡിതന്മാരായവർ ഒത്തുകൂടിയിരുന്നു.

എറണാകുളത്ത് പൂതാമ്പള്ളി ഭവനത്തിൽ ജനിച്ച ചിന്മായനന്ദ സ്വാമികളുടെ മാതാപിതാക്കൾ ജഡ്ജി കുട്ടൻ മോനോനും പത്നി മങ്ക അമ്മയും ചട്ടമ്പിസ്വാമികളുടെ ഭക്തന്മാരായിരുന്നു. ചിന്മയാനന്ദസ്വാമിയ്ക്ക് അഞ്ചു വയസ്സുള്ളപ്പോൾ ചട്ടമ്പിസ്വാമികളുമായുള്ള കൂടിക്കാഴ്ച അദ്ദേഹം സ്മരിക്കുന്നു. "ആ നീണ്ടു നിബിഡമായി ഒഴുകിയിറങ്ങിയിരിക്കുന്ന വെളുത്ത താടിയുടെ അസുലഭ ഗന്ധം ആ രോമനിബിഡമായ വിസ്തൃതവക്ഷ പ്രദേശം, ആ വൃത്താകാരത്തിലെ ഉദരം എല്ലാം ഞാനോ ർക്കുന്നു. ഇങ്ങനെയാണ് 1920 കളിലെ സ്വാമിജിയെപ്പറ്റിയുള്ള എന്റെ ഓർമ്മ. എറണാകുളത്തെ ഞങ്ങളുടെ വസതിയിലെ ഒരു സ്ഥിരം സന്ദർശകനായിരുന്നു അദ്ദേഹം എന്ന് അമ്മ എന്നോട് പറയാറുണ്ടായിരുന്നു. എന്നെ അദ്ദേഹത്തിന്റെ നെഞ്ചിൽ കിടത്തുക സ്ഥിരം സ്വഭാവമായിരുന്നു. ഞാനും അദ്ദേഹത്തോട് കൊഞ്ചുമായിരുന്നു. എന്നെ എടുത്ത് പൊക്കി ലംബമായി മേലോട്ടും കീഴോട്ടും കൊണ്ടുവരുമ്പോൾ അദ്ദേഹം തന്റെ ശിരസ്സ് കഴുത്തു മുതൽ വലത്തോട്ടും, ഇടത്തോട്ടും ഉരുട്ടിക്കൊണ്ടിരിക്കും.

എന്റെ ജീവിതയാത്രയിൽ എന്നെ സഹായിക്കാനായി എന്റെ ഓർമ്മയിലെ ഈ ചിത്രങ്ങളാണ് എക്കാലത്തേക്കുമുള്ള സാക്ഷ്യപത്രപ്രമാണം.

എന്റെ ഗുരു സ്വാമി തപോവനത്തിന് ചട്ടമ്പിസ്വാമികളെപ്പറ്റി ആദരവായിരുന്നു. അദ്ദേഹത്തിൽ നിന്നാണ് അതുല്യനായ ഈ സന്യാസിയുടെ ആദ്ധ്യാത്മിക ജ്ഞാന സമ്പന്നതയെപ്പറ്റിയും ഗൂഡാത്മ ശാസ്ത്രവൈഭവത്തെപ്പറ്റിയും കേട്ടിരുന്നത്.

എനിക്കുണ്ടായിരുന്ന സ്ഥിരമായ ബലി

പീഠങ്ങളിലൊന്ന് ചട്ടമ്പിസ്വാമിയായിരുന്നു. അതിന്റെ സന്നിധിയിൽ ഞാൻ എന്നെ തന്നെ ബലിയർപ്പിച്ചിരുന്നു. അദ്ദേഹത്തിൽ നിന്നും എന്നിലേക്ക് അനവസാനമായ ശക്തിയുടെയും ഓജസ്സിന്റെയും ധാരകൾ ഒഴുകിയെത്തിയിരുന്നു.

ഇന്ന് ലോക സേവനരംഗത്ത് ഞാൻ എന്തെങ്കിലും ആയിട്ടുണ്ടെങ്കിൽ ഞാൻ ദൃഢമായി വിശ്വസിക്കുന്നു ഞാൻ കടപ്പെട്ടിരിക്കുന്നത് ഈ അസാമാന്യ സന്യാസിയോടാണ്. എനിക്ക് തോന്നുന്നത് സ്വാമിയുടെ കൈകൾ കൊണ്ട് അന്ന് രഹസ്യ ഉപനയനം നടന്നിരുന്നു എന്നാണ്.

സന്യാസത്തിന്റെ ബാഹ്യലക്ഷണങ്ങളായ കാഷായവസ്ത്രം, കമണ്ഡലു മുതലായവയൊന്നും അദ്ദേഹത്തിനില്ലായിരുന്നു. ഒരു സാധാരണ നാട്ടുകാരണവരുടെ വേഷമായിരുന്നു അദ്ദേഹത്തിന്റേത്. ഒരു വെള്ളമുണ്ട് ഉടുക്കും, ഒന്ന് ദേഹത്തിടും അതുമാത്രം.

അസാമാന്യായ ഓർമ്മശക്തിയായിരുന്നു അദ്ദേഹത്തിന്റേത്. ഒരനുഭവം ശ്രീ. പുത്തേഴത്ത് രാമൻ മേനോൻ വിവരിക്കുന്നു "ഒരിക്കൽ ഞാൻ ഒരു ഇംഗ്ലീഷ് കവിത വായിച്ച് കൊണ്ടിരിക്കുകയായിരുന്നു, "എന്തോന്നാ വായിക്കുന്നത്" - സ്വാമി ചോദിച്ചു. ഞാൻ ആ കവിതയും, അതിന്റെ അർത്ഥവും പറഞ്ഞു കേൾപ്പിച്ചു. അര മണിക്കൂർ കഴിഞ്ഞപ്പോൾ, വായിച്ച കവിതയും അർത്ഥവും സ്വാമി എന്നെ പറഞ്ഞു കേൾപ്പിച്ചു." ഒരിക്കൽ കേട്ടാൽ സ്വാമി പിന്നെയത് മറക്കുകയില്ല.

യോഗങ്ങളും പ്രസംഗങ്ങളും പുസ്തക രചനയുമായിരുന്നില്ല സ്വാമിയുടെ പ്രവർത്തന രീതി. പരിവ്രാജകനായി നാടെങ്ങും സഞ്ചരിച്ച്, വീടുകളിൽ താമസിച്ച്, ചെറിയ സംഘങ്ങളോട് സ്വാമി തന്റെ ആശയങ്ങൾ പങ്ക് വെച്ചു. യഥാസ്ഥിതികത്വം അടക്കിവാണിരുന്ന കാലത്ത് ജാതിവ്യത്യാസത്തിന്റെ നിരർത്ഥകതയെ സ്വാമി ജീവിതത്തിലൂടെ കാണിച്ചു തന്നു. ഒരിക്കൽ കൊറ്റിനാട്ട് നാരായണ പിള്ളയുമൊന്നിച്ച് സ്വാമി ശാസ്താംകോട്ടയ്ക്ക് നടന്നുപോകുകയാണ്. വേഗതയിലാണ് സ്വാമിയുടെ നടപ്പ്. എത്ര ദൂരം നടക്കാനും സ്വാമിക്ക് മടിയില്ല. വേഗത്തിൽ നടന്ന് കുറെ ദൂരം മുന്നിലെത്തി മറ്റുള്ളവർ കൂടെയെത്താൻ സ്വാമി നിൽക്കും. അന്ന് പോകുന്ന് വഴിക്ക് ഒരു പുലയൻ എതിരെ വരുന്നു. തീണ്ടൽ തൊടിൽ രൂക്ഷമായിരുന്ന അക്കാലത്ത് പുലയൻ, പറയൻ തുടങ്ങിയവർ നായന്മാരിൽ നിന്ന് 12 അടി ദൂരെപ്പോകണം. പുലയർ സഞ്ചരിക്കുമ്പോൾ 'ഹോയ്' എന്ന് ശബ്ദമുണ്ടാക്കിക്കൊണ്ടു വേണം യാത്ര ചെയ്യാൻ. ഈ ശബ്ദം കേട്ടയുടൻ സ്വാമി "മനുഷ്യനും, മനുഷ്യനും തമ്മിൽ ഭിന്നതയോ" ഈ "അന്ധവിശ്വാസങ്ങളൊക്കെ അറബിക്കടലിൽ തള്ളേണ്ട കാലം അതിക്രമിച്ചു" എന്നും പറഞ്ഞ് പുലയനോട് മാറിപ്പോകേണ്ട അടുത്തുകൂടി പോകാം. എന്നുപറഞ്ഞെങ്കിലും അയാൾ മടിച്ചു നിന്നു. നിർബന്ധപൂർവ്വം അടുത്ത് ചെന്ന് അയാളെ അടുത്ത് നിർത്തി ജാതിയുടെ നിരർത്ഥത പറഞ്ഞു മനസ്സിലാക്കി.

സ്വാമിയുടെ കൃതികളിൽ വളരെക്കുറച്ചു മാത്രമെ ഇന്ന് ലഭിച്ചിട്ടുള്ളൂ. ഓരോ വീട്ടിലും ചെല്ലുമ്പോൾ തുണ്ട് കടലാസുകളിലോ പഴയ നോട്ടുബുക്കുകളിലോ കുറിച്ചിടുകയായിരുന്നു സ്വാമിയുടെ പതിവ്. പലതും നഷ്ടപ്പെടും. ലേഖനങ്ങൾ എഴുതണമെന്നോ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കണമെന്നോ അന്ന് ചിന്തിച്ചിരുന്നില്ല. നഷ്ടപ്പെടാത്തവ മാത്രമാണ് ഗ്രന്ഥങ്ങളിലാക്കിയത്. സംഘടനാ പ്രവർത്തനം ചട്ടമ്പിസ്വാമികളുടെ പ്രവർത്തന രീതി അല്ലായിരുന്നു. മഠം പോലും സ്ഥാപിക്കുന്നതിന് അദ്ദേഹം ആദ്യം അനുകൂലമല്ലായിരുന്നു. പക്ഷേ, നാട്ടിലെ വിവിധ സമുദായങ്ങളിൽപ്പെട്ട പ്രമുഖ വ്യക്തികളും അദ്ദേഹത്തിന്റെ ശിഷ്യന്മാരായത് സാമൂഹ്യ പരിവർത്തനത്തിന് കാരണമായിത്തീർന്നു. പരിവ്രാജകനും, സത്യാന്വേഷിയുമായി ഒരവധൂതനെപ്പോലെ അദ്ദേഹം നാടെങ്ങും സഞ്ചരിച്ചു. പ്രസംഗങ്ങളല്ല സുഹൃദ് സംഭാഷണങ്ങളിലെ ആശയങ്ങളിലൂടെയാണ് അദ്ദേഹം പരിവർത്തനത്തിന് തുടക്കം കുറിച്ചത്. അക്കാലത്തെ കേരളത്തിലെ പ്രബല സമുദായങ്ങൾ നായരും, ഈഴവനുമായിരുന്നു. ഈ രണ്ട് സമുദായങ്ങളിലും പ്രമുഖ വ്യക്തികൾ സ്വാമിജിയുടെ സ്വാധീനവലയത്തിൽപ്പെട്ടു. പെരുനെല്ലി, വെളുത്തേരി തുടങ്ങിയ ഈഴവ പ്രമാണിമാരുടെ വീടുകളിലും സ്വാമി സ്ഥിരം സന്ദർശകനായിരുന്നു.

'വേദാധികാരനിരൂപണം' എന്ന ഗ്രന്ഥത്തിലൂടെ "വേദം പഠിക്കാൻ എല്ലാ ഹിന്ദുക്കൾക്കും അവകാശമുണ്ടെന്ന" സ്വാമിയുടെ പ്രഖ്യാപനം കേരളത്തിൽ സാമൂഹിക പരിവർത്തനത്തിന് അടിത്തറ പാകി. ഇതിന്റെ പ്രായോഗിക പദ്ധതിയായിരുന്നു ശ്രീനാരായണ ഗുരുദേവന്റെ ക്ഷേത്രപ്രതിഷ്ഠകൾ.

അത്യന്തം ലളിതമായിരുന്ന ജീവിതമായിരുന്നു സ്വാമിയുടേത്. ആർഭാടത്തോടുകൂടിയുള്ള വിരുന്നുകളിൽ നിന്ന് അദ്ദേഹം ഒഴിഞ്ഞുനിന്നു. പഴയ മുറത്തിലെ വിടവുകളുണക്കാൻ അല്പം ചാണകവും, എന്റേത് പോലുള്ള പഴയ വയറിൽ വല്ലപ്പോഴും അല്പം ചോറും ധാരാളമാണ് എന്ന് സ്വാമി പറയാറുണ്ടായിരുന്നു. വെറുമൊരു കയറു കട്ടിലിലോ വെറും നിലത്തോ അദ്ദേഹം കിടന്നുറങ്ങി. ഈഴവരുടെതെന്നപോലെ ഗണകർ, മുക്കുവർ, പറയർ തുടങ്ങിയവരുടെയെല്ലാം വീടുകളിൽ സ്വാമി താമസിച്ചിരുന്നു. സവർണ്ണരായ തന്റെ ശിഷ്യന്മാരുടെയും സുഹൃത്തുക്കളുടെയും ഭവനങ്ങളിൽ അസ്പൃശ്യരെന്ന് കരുതുന്ന സമുദായങ്ങളിലെ ശിഷ്യന്മാരുമായി സ്വാമി താമസിച്ചിരുന്നു. മിശ്രഭോജന പ്രസ്ഥാനത്തിന് തുടക്കം കുറിച്ചത് ചട്ടമ്പിസ്വാമികളായിരുന്നു. മത്സ്യമാംസങ്ങൾ പാകം ചെയ്യുന്ന ഭവനത്തിൽ നിന്ന് ഭക്ഷണം കഴിക്കില്ലെന്ന് സ്വാമിയ്ക്ക് നിർബന്ധമായിരുന്നു. താനുപയോഗിക്കുന്ന വസ്ത്രം സ്വയം അലക്കണമെന്ന് സ്വാമിക്ക് നിർബന്ധമുണ്ടായിരുന്നു. ഉറങ്ങാനായി ഒരു പുൽപായായോ പനമ്പുതടുക്കോ കിട്ടിയാൽ സ്വാമിയ്ക്ക് ധാരാളം. പകലാണെങ്കിൽ മരത്തണലാണ് സ്വാമിയ്ക്ക് ഇഷ്ടം. എല്ലാവരോടും സമത്വഭാവനയാണ് സ്വാമിയ്ക്ക് ഉണ്ടായിരുന്നത്. പറവൂർ മജിസ്ട്രേറ്റും സ്വാമിയുടെ ശിഷ്യനുമായ ആണ്ടിപിള്ള സ്വാമിയെ സ്വഭവനത്തിലേയ്ക്ക് ക്ഷണിച്ചു. ഉച്ചയ്ക്ക് ഊണിന് ഇലയിട്ടപ്പോൾ രണ്ടിലകൾ അകത്തും ഒന്നു പുറത്തും സ്വാമി ചോദിച്ചു "നമ്മൾ മൂന്നുപേരുണ്ടല്ലോ. അകത്ത് രണ്ടില മാത്രം എന്തേ? ഒരില കൂടെവന്നാൾക്കാണെന്നു പറഞ്ഞപ്പോൾ" പരമേശ്വരനു എന്റെ രീതികളൊക്കെ അറിയാം ഞാൻ അവന്റെ കൂടെ പുറത്തിരുന്നു കൊള്ളാം" എന്നായിരുന്നു സ്വാമിയുടെ പ്രതികരണം.

പറവൂറിൽ സ്വാമി തന്റെ ശിഷ്യനായ ഗോപാലയ്യരുടെ ഭവനത്തിലാണ് താമസിക്കുക. ബ്രാഹ്മണരുടെയിടയിൽ വലിയ എതിർപ്പുണ്ടാക്കിയ സംഭവമായിരുന്നു അത്. ഒരിക്കൽ ശ്രീനാരായണ ഗുരുവുമായി ഗോപാലയ്യരുടെ ഭവനത്തിൽ താമസിച്ചത് ബ്രാഹ്മണരുടെയിടയിൽ വലിയ ഒച്ചപാടുണ്ടാക്കി. നൂറു പ്രസംഗങ്ങളെക്കാളും വലുതായിരുന്നു സ്വാമിയുടെ ഒരു പ്രവൃത്തി.

ഏതു വീട്ടിൽ ചെന്നാലും കുഞ്ഞുങ്ങളോടൊത്തു കഴിയാനും അവരോടൊപ്പം കളിക്കാനും സ്വാമി ഇഷ്ടപ്പെട്ടിരുന്നു. സ്വന്തം അമ്മയോടെന്നപ്പോലെ കുട്ടികൾ സ്വാമിജിയുമായി എളുപ്പം ഇണങ്ങിയിരുന്നു. നിരവധി താരാട്ടുപാട്ടുകൾ സ്വാമിജി രചിച്ചിട്ടുണ്ട്. പ്രസിദ്ധമായ 'പിള്ളത്താലോലിപ്പ്' അതിലൊന്നാണ്. വേദാന്ത തത്ത്വങ്ങളാണ് ഈ പാട്ടിൽ അടങ്ങിയിരിക്കുന്നത്. കുട്ടികൾക്കായി വേദാന്തതത്ത്വങ്ങൾ അടങ്ങുന്ന കവിതകൾ സ്വാമി രചിച്ചിട്ടുണ്ട്.

തന്റെ സ്നേഹപൂർവ്വം ഉള്ള പെരുമാറ്റം കൊണ്ട് ഒരു വീട്ടിൽ എല്ലാവരെയും ഒരുപോലെത്തന്നെയാകർഷിക്കാൻ കഴിയുമായിരുന്നു. സർവ്വ ശാസ്ത്രപാരഗതനായ സ്വാമി ഓരോ വീട്ടിലും ചെല്ലുമ്പോൾ അവിടെത്തെ ആളായി മാറി. ശ്രീനാരായണ ഗുരുദേവന്റെയും ചട്ടമ്പിസ്വാമികളുടെയും ദിവ്യസാന്നിദ്ധ്യം കൊണ്ട് അനുഗ്രഹിതമായിരുന്നു പെരുനെല്ലി കൃഷ്ണൻ വൈദ്യന്റെ ഭവനം. ഒരിക്കൽ സ്വാമി അവിടെ ചെല്ലുമ്പോൾ സ്ത്രീകൾ നെല്ലു കുത്തിക്കൊണ്ടിരിക്കുന്നു. എല്ലാവരുടെയും ഉലക്കകൾ വാങ്ങി അതിവേഗത്തിൽ നെല്ലു കുത്താൻ തുടങ്ങി. ഉലക്കകൾ ഓരോന്നായി ആകാശത്തേക്ക് പൊങ്ങുകയും ക്രമമായി ഉരലിൽ വന്നു വീഴുന്നതും ഒരത്ഭുത ദൃശ്യമായിരുന്നു. ചിലപ്പോൾ സ്വാമികൾ പറഞ്ഞുകൊടുത്ത് പലഹാരങ്ങൾ ഉണ്ടാക്കിക്കും. ചില ഭവനങ്ങളിൽ സ്വാമി പറമ്പിലേക്കിറങ്ങി ചില പച്ചിലകൾ പറിച്ചുക്കൊണ്ട് വന്ന് പുതിയ തരം കറികൾ ഉണ്ടാക്കും. നല്ല ഈണത്തിൽ തിരുവാതിര പാട്ടുകൾ പാടാനും സ്വാമിക്കറിയാമായിരുന്നു. ചെല്ലുന്ന ഭവനങ്ങളിൽ കുട്ടികൾ മുതൽ വൃദ്ധന്മാർ വരെ എല്ലാവരും ഇഷ്ടപ്പെടുന്ന പ്രകൃതമായിരുന്നു സ്വാമിജിയുടേത്.

*(തുടരും.)*

# ഒപ്റ്റിക്കൽ ഫൈബർ

പത്മപ്രിയ – 8589018487

**പ**ണ്ട് പണ്ട് നമുക്ക് ട്രങ്ക് കോളുകളുടെ ഒരു കാലമുണ്ടായിരുന്നു. പ്രിയപ്പെട്ടവരുടെ ശബ്ദം ഒന്നുകേൾക്കാനായി മണിക്കൂറുകളോളം കാത്തിരിക്കേണ്ടി വന്നിട്ടുണ്ട്. ദൂരെ നിന്നാണ് വിളിക്കുന്നതെങ്കിൽ വളരെ ഒച്ചത്തിലും അടുത്തുനിന്നെങ്കിൽ കുറച്ചു ഒച്ച കുറച്ചും സംസാരിച്ചിരുന്നു. ഇടയ്ക്കിടയ്ക്ക് കോൾ വിച്ഛേദിക്കപ്പെടുന്നത് വളരെ സാധാരണമായിരുന്നു. ഇന്ന് ഇന്റർനെറ്റിന്റെ കാലം, വിവരസമാഹരണത്തിന്റെ കാലം, വേഗതയുടെ കാലം. ഒട്ടും നഷ്ടപ്പെടുത്താതെ വിവരങ്ങൾ ഒരു സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തേക്ക് നിമിഷനേരം കൊണ്ട് എത്തിക്കാൻ നമുക്ക് സാധിക്കുന്നു. ഇതെല്ലം എങ്ങിനെ സാധിച്ചു? ബഹിരാകാശത്തെ സാറ്റലൈറ്റ്സ് വഴി നമ്മൾ വിവരങ്ങളും രേഖകളും കൈമാറുന്നു. അതും നിമിഷ നേരം കൊണ്ട്. ഇതൊക്കെ എങ്ങനെ സാധിക്കുന്നു? പ്രപഞ്ചത്തിലെ ഏറ്റവും വേഗതയുള്ള വസ്തു ഏതാണ്? ഉത്തരം പ്രകാശം. പ്രകാശത്തിന്റെ വേഗതയിൽ ഇതുവരെ നമുക്ക് സഞ്ചരിക്കാൻ സാധിച്ചിട്ടില്ല. പക്ഷെ പ്രകാശത്തെ ഒരു മാധ്യമമാക്കി വിവരങ്ങൾ കൈമാറാൻ നമുക്ക് സാധിക്കുന്നു. അതിനു ഒപ്റ്റിക്കൽ ഫൈബർ നമ്മെ സഹായിക്കുന്നു.

ഒരു സന്ദേശം ഒരു സ്ഥത്തുനിന്നും മറ്റൊരു സ്ഥലത്തേക്കു എത്തിക്കാൻ എന്നും ഒരു മാധ്യമം ആവശ്യമാണ്. പണ്ട് കാലത്തു പ്രാവുകളെയും മനുഷ്യരെയും ഒക്കെ ആണ് ഉപയോഗിച്ചത്. പിന്നീട് സന്ദേശ വാഹകരായി വാഹകതരംഗങ്ങളെ (carrier wave) ഉപയോഗിച്ച് തുടങ്ങി. അവ തരംഗ ആവൃത്തികൂടിയവ ആയിരിക്കും. റേഡിയോ യുഗത്തിൽ ഈ ഒരു രീതിയാണ് സ്വീകരിച്ചിരുന്നത്. ശബ്ദതരംഗങ്ങളെ തരംഗആവൃത്തി കൂടിയ തരംഗങ്ങളുമായി കൂട്ടി ചേർത്ത് അയക്കുകയാണ് ചെയ്യുന്നത്. ഇതിന്റെ രൂപ രേഖ (Fig 2) ൽ കാണാം. പ്രകാശത്തിന്റെ തരംഗങ്ങൾക്ക് മറ്റേതു തരംഗങ്ങളെക്കാൾ (ശബ്ദതരംഗങ്ങളേക്കാൾ) തരംഗആവൃത്തിയും വേഗതയും ഉണ്ട്. ഒപ്റ്റിക്കൽ ഫൈബറിൽ പ്രകാശത്തെ സന്ദേശ വാഹകരായി ഉപയോഗിക്കുന്നു.





Fig.1, Fig.2) Optical fibers Fig.3)

ഒപ്റ്റിക്കൽ ഫൈബെറിന്റെ ഭാഗങ്ങൾ

ഒപ്റ്റിക്കൽ ഫൈബറിന് മൂന്ന് പ്രധാന ഭാഗങ്ങളാണുള്ളത് (Fig. 3); കോർ (core), ക്ലാഡിങ്(cladding), ഏറ്റവും പുറത്തുള്ള സംരക്ഷിതപ്ലാസ്റ്റിക് കോട്ടിങ്ങും (plastic coating). ഒപ്റ്റിക്കൽ ഫൈബറിലെ ആശയവിനിമയം പൂർണ ആന്തരിക പ്രതിഫലനം (Total internal reflection) എന്ന ആശയത്തിൽനിന്നും ഉടലെടുത്തതാണ്. പ്രകാശം വെള്ളം പോലെ ഒരു പൈപ്പിലൂടെ കടത്തിവിടുകയാണെന്നു വിചാരിക്കുക. വെള്ളം ഒട്ടും നഷ്ടപ്പെടാതെ മറുഭാഗത്തെത്തണമെങ്കിൽ മാത്രമേ പൈപ്പു കൊണ്ട് ഉപകാരം ഉള്ളൂ. അത് പോലെ തന്നെ ഒപ്റ്റിക്കൽ ഫൈബെറിൽ പ്രകാശത്തിന്റെ സഹായത്തോടെ അതിവേഗത്തിൽ സന്ദേശങ്ങളെ കൈമാറാൻ പ്രകാശത്തിന്റെ നഷ്ടം ഉണ്ടാവരുത്. ഇതിനായി കോറിലും ക്ലാഡിങ്ങിലും ഉപയോഗിക്കുന്ന ഗ്ലാസ് (glass) എപ്പോഴും പ്രകാശത്തെ പുറത്തേക്കു പോകാതെ കോറി (core) ലൂടെ മാത്രം കടത്തിവിട്ടു ലക്ഷ്യസ്ഥാനത്തു എത്തിക്കുന്നു. ഫൈബറിന്റെ വലിപ്പവും ഭാരവും കുറവ്, കൂടുതൽ സന്ദേശം ഉൾക്കൊള്ളാനുള്ള ശേഷി, അതിവേഗത, സുരക്ഷിതമായ ആശയവിനിമയം,

എന്നിവയെല്ലാം ആശയവിനിമയരംഗത്ത് അതുപയോഗിക്കാൻ ഉള്ള കാരണങ്ങളാണ്.

ഇലെക്ട്രിക്കൽ മാധ്യമം അല്ലാത്തതിനാൽ വൈദ്യുതകാന്തിക പ്രതിരോധം ഉണ്ട്. മഴ പെയ്യുമ്പോഴോ, മിന്നൽ അടിക്കുമ്പോഴോ കണക്ഷൻ വിച്ഛേദിക്കും എന്നോ യന്ത്രതകരാറു വരുമെന്നോ ഉള്ള അവസ്ഥ മാറുന്നു. ശബ്ദസന്ദേശങ്ങൾ കൂടാതെ ചിത്രങ്ങളായും വീഡിയോകളായും വലിയ അളവിൽ ഇപ്പോൾ വിവരങ്ങൾ നമ്മൾ കൈമാറുന്നു. വാട്സാപ്പ് വഴിയും ഫോണിലെ വിവിധ ആപ്പ് വഴി നമ്മൾ കൈമാറുന്ന രേഖകൾ പല രൂപത്തിലാണ്. ഇതെല്ലാം ഇന്നത്തെ ഈ വേഗതയിൽ സാധ്യമാകുന്നത് ഒപ്റ്റിക്കൽ ഫൈബർ എന്ന മാധ്യമം സജീവമായത് കൊണ്ടാണ്. ഇന്ത്യക്കാരനായ നരീന്ദർ സിംഗ് കാപാനി (Narinder Singh Kapany) (Fig. 4) യാണ് ഫൈബർ ഒപ്റ്റിക്സിന്റെ പിതാവ് എന്നറിയപ്പെടുന്നത്. പ്രകാശത്തെ ഉപയോഗിച്ച് ഒപ്റ്റിക്കൽ ഫൈബർ വഴി സന്ദേശങ്ങൾ അല്ലെങ്കിൽ ഡാറ്റകൾ വേഗത്തിൽ കൈമാറാം എന്ന് കണ്ടുപിടിച്ചെങ്കിലും ഫൈബറിൽ കൂടിയുള്ള പ്രകാശത്തിന്റെ തന്മൂലം ഡാറ്റയുടെ ശോഷണം വലിയ വെല്ലുവിളിയായിരുന്നു. ഇത് തടയാൻ ഫൈബർ നിർമ്മാണത്തിന് ഉപയോഗിക്കുന്ന വസ്തുവിന് നിർമ്മാണഘട്ടത്തിൽ ചില മാറ്റങ്ങൾ വരുത്തിയാൽ മതി എന്ന് കണ്ടു പിടിച്ചു. ഈ കണ്ടുപിടുത്തതിനാണ് ചാൾസ് കെ. കാഒക്ക് (Charles. K. Kao) (Fig. 4) നോബൽ സമ്മാനം ലഭിച്ചത്.

പ്രതിരോധം ബഹിരാകാശ മേഖല, വൈദ്യമേഖല, ഇന്റർനെറ്റ്, കേബിൾ ടിവി, എന്നീ വിവിധമേഖലകളിൽ ഇന്ന് ഒപ്റ്റിക്കൽ ഫൈബേർസ് ഉപയോഗിച്ച് വരുന്നു. താക്കോൽ ദ്വാര ശസ്ത്രക്രിയയിൽ ക്യാമറയുപയോഗിച്ചു ആന്തരികാവയവങ്ങളെ കൃത്യമായി കാണാനും അവയ്ക്ക് ഒട്ടും പോറലേല്ക്കാതെ കേടുപാടുകൾ മാറ്റാനും സാധിക്കുന്നത് ഒപ്റ്റിക്കൽ ഫൈബറിന്റെ സഹായത്തോടെയാണ്. ചെമ്പ് കൊണ്ടുള്ള കേബിളിനെ അപേക്ഷിച്ചു ബലമുള്ളതും, കട്ടികുറഞ്ഞതും, കാലാവസ്ഥ വ്യതിയാനത്തെ പ്രതിരോധിക്കാനുള്ള കഴിവും, ദീർഘകാലം നിലനിൽക്കുന്നതുമാണ്. ഒപ്റ്റിക്കൽ ഫൈബറിനു നിർമ്മാണച്ചിലവ് കൂടുതലാണ്. കൂടാതെ തലനാരിനേക്കാൾ കുറച്ചുകൂടി വ്യാസമുള്ള ഫൈബർ കൂടുതൽ വളഞ്ഞാൽ പൊട്ടിപ്പോകാനും വിവരങ്ങൾ നശിക്കാനും സാധ്യതയുണ്ട്. എന്നിരുന്നാലും ചെമ്പ് കൊണ്ടുള്ള കേബിളിനേക്കാൾ എന്തുകൊണ്ടും ഉപയോഗത്തിൽ ദോഷങ്ങൾ



Fig 4. ഒപ്റ്റിക്കൽ ഫൈബർ ശൃംഖല സമുദ്രമാർഗം







Fig 5. FLAG (Fiber-Optic link around the globe)

കുറവുള്ളവയാണ് ഒപ്റ്റിക്കൽ ഫൈബർ. ലേസറോ (LASER), എൽ ഇ ഡി (LED) യോ ആണ് പ്രകാശസ്രോതസ്സായി ഒപ്റ്റിക്കൽ ഫൈബറിൽ ഉപയോഗിക്കുന്നത്. ഒപ്റ്റിക്കൽ ഫൈബർ ശൃംഖല സമുദ്രമാർഗ്ഗം വിവിധ രാജ്യങ്ങളെ കൂട്ടിയോജിപ്പിക്കുന്നുണ്ട്. ഏകദേശം എട്ടുലക്ഷത്തിൽ കൂടുതൽ കിലോമീറ്റർ ചുറ്റളവിൽ യൂറോപ്പ്, അമേരിക്ക, ഏഷ്യ, ആഫ്രിക്ക എന്നിവിടങ്ങളെ ഈ ഫൈബർ ചങ്ങല യോജിപ്പിച്ചു നിർത്തുന്നു. ഒപ്റ്റിക്കൽ ഫൈബറിന്റെ നിലവിലുള്ള നിരവധി സമുദ്ര വിഭാഗ ശൃംഖലകളിൽ ഒന്നാണ് (FLAG; Fig.5). ഈ നെറ്റ്വർക്കിനെ ഓരോ രാജ്യവും ഒരു ഉപനെറ്റ്വർക്ക് വഴി ബന്ധിപ്പിച്ചിരിക്കുന്നു. ഭാരതത്തിൽ മുംബൈയിൽ നിന്നും Reliance India നെറ്റ്വർക്ക് ആണ് ഫ്ലാഗ് (FLAG) മായി യോജിക്കുന്നത്. ഒപ്റ്റിക്കൽ ഫൈബറിന്റെ സന്ദേശങ്ങൾ കൈകാര്യം ചെയ്യുന്ന വേഗതയും, കൂടുതൽ ഡാറ്റ വഹിക്കാനുള്ള ശേഷിയും, വിവിധമേഖലയിലുള്ള അവയുടെ ഉപയോഗവും ഗവേഷകരെ ആകർഷിക്കുന്നതാണ്. എന്നാൽ ഫൈബറിന്റെ നിർമ്മാണത്തിനാവശ്യമായ അസംസ്കൃത വസ്തു ഭൂമിയിൽ സുലഭമായ മണലായിട്ട് പോലും ഫൈബറിന്റെ നിർമാണം ചെമ്പ് കൊണ്ടുള്ള കേബിളിനേക്കാൾ ചെലവേറിയതാണ്. ഇത് ഒപ്റ്റിക്കൽ ഫൈബറിന്റെ ഒരു വെല്ലുവിളിയാണ്. കൂടാതെ ഒപ്റ്റിക്കൽ ഫൈബർ സ്ഥാപിക്കാനും പ്രവർത്തിപ്പിക്കാനും ഈ മേഖലയിൽ വൈദഗ്ദ്ധ്യമുള്ളവർ വേണം എന്നതും ഇതിന്റെ പോരായ്മയായി കണക്കാക്കുന്നു. എന്നിരുന്നാലും ഈ 5G കാലത്തു ഇനി അങ്ങോട്ടും ആശയവിനിമയ രംഗത്തു ഒപ്റ്റിക്കൽ ഫൈബർ ഒഴിച്ചുകൂടാൻ പറ്റാത്ത ഒരു മാധ്യമം തന്നെയാണ്.

*****

# ദൃക്ക് ദൃശ്യ വിവേകം (5)

സി. നാരായണൻ - 9819456012

*(കഴിഞ്ഞ ലക്കത്തിൽ നിന്നു)*

കാമഃ സങ്കല്പസന്ദേഹൗ
ശ്രദ്ധാശ്രദ്ധേ ധൃതീതരേ
ഹ്രീധീർഭീരിത്യേവമാദീൻ
ഭാസയത്യേകധാ ചിതിഃ

ചിതിഃ = ചൈതന്യം
കാമഃ = ആഗ്രഹങ്ങൾ
സങ്കല്പസന്ദേഹൗ = മനോകല്പനകൾ സംശയങ്ങൾ
ശ്രദ്ധാശ്രദ്ധേ = വിശ്വാസം അവിശ്വാസം
ധൃതീതരേ = ക്ഷമ , അക്ഷമ , ഹ്രീ = ലജ്ജ
ധീ= നിശ്ചയം ഭീ = ഭയം ഇത്യേവമാദീൻ = എന്നിവയെയെല്ലാം
ഏകധാ = ഒന്നായിയിരുന്നുകൊണ്ട്
ഭാസയതി = പ്രകാശിപ്പിക്കുന്നു.

'ചൈതന്യം, ആഗ്രഹങ്ങൾ സങ്കല്പവികല്പങ്ങൾ, വിശ്വാസാവിശ്വാസം, ക്ഷമാക്ഷമകൾ. ലജ്ജ , നിശ്ചയബുദ്ധി, ഭീതി എന്നീ മാനസാവസ്ഥകളെ, തനിക്ക് ഒരു മാറ്റവുമില്ലാതിരുന്നുകൊണ്ട് പ്രകാശിപ്പിക്കുന്നു.'

ദൃശ്യമായ രൂപങ്ങൾ പലതായിരിക്കുമ്പോൾ ദ്രഷ്ടാവായ നേത്രം ഒന്നു തന്നെയാണെന്നും, കണ്ണുകളും മറ്റിന്ദ്രിയങ്ങളായ ശ്രോത്രം. സ്പർശം, ഘ്രാണം, രസനം എന്നിവ പല ദൃശ്യങ്ങളായിരിക്കുമ്പോൾ, അവയെ ദ്രഷ്ടാ എന്ന നിലയിൽ മനസ്സ്, ഏകമായിരുന്നുകൊണ്ടാണ് അറിയുന്നത് എന്നു നാം കണ്ടു. ഈ ശ്ലോകത്തിൽ മനസ്സിനും വൈവിദ്ധ്യമുണ്ടെന്നും എന്നാൽ മനസ്സിനേയും അറിയുന്ന പരമമായ ദൃക്ക് , യാതൊരുവിധ വികാരങ്ങളില്ലാതെയും നിശ്ചലമായും ഏകമായും സ്ഥിതി ചെയ്ത് മനസ്സിലെ വിരുദ്ധവും വിവിധവുമായ ഭാവങ്ങളെ പരസഹായമില്ലാതെ അറിയുന്നു എന്നു വിശദമാക്കുന്നു

ഏതൊക്കെയാണ് മനസ്സിന്റെ വിവിധഭാവങ്ങൾ? മനസ്സിന് താരതമ്യേന സ്ഥിരമായ സ്വഭാവങ്ങളും, വന്നും പോയിക്കൊണ്ടുമിരിക്കുന്ന ഭാവങ്ങളുമുണ്ട്. ഉദാഹരണത്തിന് ധീരതയെന്നത് അർജ്ജുനനെപ്പോലെയുള്ള ചിലരുടെ സ്ഥായിയായ മനോഭാവമാണ്. പക്ഷേ സന്തോഷം, ദുഃഖം എന്നിവ മനസ്സിൽ താത്ക്കാലികമായി വന്ന് പോകുന്നവയാണ്. അവയെ പൊതുവായി ക്രോഡീകരിക്കുക ദുഷ്ക്കരമാണ്. എന്തു ഭാവമായാലും അവ വൃത്തിരൂപത്തിലാണ് മനസ്സിൽ ഉടലെടുക്കുന്നത്. എന്നിരിക്കലും വളരെ സ്ഥൂലമായലയും, ഈ ശ്ലോകത്തിൽ എടുത്തു പറയപ്പെട്ടവയും

ഏതൊക്കെയാണെന്നു നോക്കാം.

**1. കാമം :**

ആഗ്രഹം എന്നാണ് ഈ പദം കൊണ്ടുദ്ദേശിക്കുന്നത്. താനിപ്പോൾ പൂർണ്ണമല്ലെന്നും ഒരു പ്രത്യേക വസ്തുവിന്റെ ലാഭത്താൽ പൂർണ്ണത കൈവരുമെന്നുള്ള ധാരണയാണ് എല്ലാ ആഗ്രഹത്തിന്റേയുമടിയിൽ. താൻ സ്വരൂപേണ പൂർണ്ണമാണെന്നും താനാഗ്രഹിക്കുന്ന വസ്തുവിന് ശരിക്കുള്ള സന്തോഷം തരാനുള്ള കഴിവൊന്നുമില്ലെന്ന തിരിച്ചറിവിനാലേ ആഗ്രഹങ്ങൾക്കറുതി വരൂ.

**2 . സങ്കല്പസന്ദേഹൗ :**

ഈ രണ്ടു മനോവികാരങ്ങൾ സംയുക്തമായി പറയാൻ കാരണം, രണ്ടും മനസ്സിന്റെ ചഞ്ചലമായ അവസ്ഥകളാണ്. ഒരു മൂർത്തമായ അവസ്ഥയില്ലാത്തതാണ് സങ്കല്പം. തീരുമാനമെടുക്കാൻ കഴിയാത്ത അവസ്ഥ സന്ദേഹവും.

**3. ശ്രദ്ധാശ്രദ്ധേ :**

ശ്രദ്ധയെന്നതുകൊണ്ട് ഇവിടെയുദ്ദേശിക്കുന്നത് ശാസ്ത്രവചനത്തിലും ഗുരൂപദേശങ്ങളിലുമുള്ള സത്യബുദ്ധിയാണ്.

**4. ധൃതി**

ധൃതിയെന്നതു സ്ഥൈര്യമാണ്. മനസ്സിന്റെ എന്തും സഹിക്കാനുള്ള സന്നദ്ധത.

**5. ഹ്രീ**

ഹ്രീ എന്നാൽ അരുതാത്തതു ചെയ്യാനുള്ള സങ്കോചം

**6. ഭീ**

ഭീയെന്നാൽ ആപത്തിനെക്കുറിച്ചുള്ള ഭീതി.

ഇങ്ങനെ മനസ്സിന്റെ മുഖ്യമായ ഭാവങ്ങളെ പറഞ്ഞു ഐതരേയോപനിഷദിൽ ഇതു തന്നെ കുറച്ചു വ്യത്യാസത്തിൽ പറഞ്ഞിരിക്കുന്നതു കാണാം.

'സംജ്ഞാനാമാജ്ഞാനം വിജ്ഞാനം പ്രജ്ഞാനം മേധാ ദൃഷ്ടിധൃതിർമതിർമനീഷാ ജൂതി സ്മൃതി സങ്കല്പക്രതുരസു കാമോ വശഃ

ഇതിൽ മുൻപു പറയാത്ത പദങ്ങളുടെ അർത്ഥം നോക്കാം.

സംജ്ഞാനം : എന്തിന്റെ പ്രഭാവത്താൽ ശരീരം സചേതനമായി തോന്നുന്നുവോ ആ വൈഭവം

ആജ്ഞാനം : ആജ്ഞാപിക്കാനുള്ള കഴിവ്

വിജ്ഞാനം : അറുപത്തിനാലു ശാസ്ത്ര ശാഖകളറിയാനുള്ള കഴിവ്

മേധാ : പഠിച്ചത് ഓർമ്മയിൽ സൂക്ഷിക്കാനുള്ള ശക്തി

ദൃഷ്ടി : ഇന്ദ്രിയജ്ഞാനം

മതി : സാഹിത്യം സാമ്പത്തികം മുതലായ മേഖലകളിൽ അഭിപ്രായരൂപീകരണത്തിനുള്ള പ്രാപ്തി.

മനീഷ: ഏതെങ്കിലും ഒരു വിഷയത്തെ അഗാധമായി അപഗ്രഥിക്കാനുള്ള കഴിവ്.

ജൂതി: ശരീരക്ലേശം

സ്മൃതി : പൊതുവെയുള്ള ഓർമ്മശക്തി.

ക്രതു = നിശ്ചയത്വം

അസു : ശ്വാസോശ്വാസം മുതലായവ നിയന്ത്രിക്കാനുള്ള കഴിവ്

വശഃ കാമാസക്തി.

ഗീതയിൽ ഭഗവാൻ, ദൃശ്യങ്ങളെ മൊത്തത്തിൽ ക്ഷേത്രം എന്ന പേരിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ക്ഷേത്രമെന്നു പറഞ്ഞാലും ദൃശ്യമെന്നു പറഞ്ഞാലും അത് ജഡമാണെന്ന വസ്തുത ഒരിക്കലും മറക്കരുത്. ഇതിൽ പെടുന്നതെല്ലാം അനാത്മാവാണെന്നു കാണിക്കാനാണ് അവയെയെല്ലാം ഇങ്ങനെ വിസ്തരിക്കുന്നത്. ഈ ജഡമായ തത്ത്വത്തെ അറിയുന്ന തത്ത്വമാണ് ദൃക്ക്. ഗീതയിൽ എങ്ങനെയാണ് ദൃശ്യം അല്ലെങ്കിൽ ക്ഷേത്രത്തെ പ്രതിപാദിക്കപ്പെട്ടിട്ടുള്ളതെന്നു നോക്കാം.

'മഹാഭൂതാന്യഹംകാരോ
ബുദ്ധിരവ്യക്തമേവ ച
ഇന്ദ്രിയാണി ദശൈകം ച
പഞ്ച ചേന്ദ്രിയഗോചരഃ
ഇച്ഛാ ദ്വേഷം സുഖം ദുഃഖം
സംഘാതശ്ചേതനാ ധൃതി
ഏതൽ ക്ഷേത്രം
സമാസേന
സവികാരമുദാഹൃതം '

ഭഗവാൻ ക്ഷേത്രമെന്നു വിഭാഗീകരിച്ചിട്ടുള്ള ഇന്ദ്രിയങ്ങളും മനസ്സും മനസ്സിൽ വിളയാടുന്ന അനേകമനേകം തരത്തിലുള്ള ഭാവങ്ങളും തന്നെയാണ് 'ദൃക്ക്ദൃശ്യവിവേകം' എന്ന ഈ ഗ്രന്ഥത്തിൽ ദൃശ്യം എന്നു പറയപ്പെട്ടിട്ടുള്ളത്.

ഈ അവസരത്തിൽ ഞാനൊരു കാര്യം ഓർമ്മിപ്പിക്കാനാഗ്രഹിക്കുന്നു. ഇപ്പറഞ്ഞ ദൃശ്യങ്ങളെ ദൈവിയെന്നും ആസുരി എന്നും രണ്ടു തരത്തിൽ വിഭജിക്കാം. അവയിൽ ദൈവീഗുണങ്ങൾ നമ്മുടെ സ്വരൂപത്തെ സാക്ഷാത്ക്കരിക്കാൻ സഹായകമായിഭവിക്കും. അതായത്, ജഡങ്ങളാണെങ്കിലും അത്തരം മാനസിക ഭാവങ്ങൾ വളർത്തുന്നതു നന്നായിരിക്കും. ഭഗവാൻ അവയെ 'അമാനിത്വം, അദംഭിത്വം' എന്നിങ്ങനെ പേരെടുത്തു പറഞ്ഞ് ശ്ലാഘിക്കുന്നുണ്ട്. ഭഗവാൻ അവയെ ജ്ഞാനം എന്നു പോലും വിളിക്കുന്നു.

നാമിപ്പോൾ നിരൂപിക്കുന്ന നാലാമത്തെ ശ്ലോകത്തിന്റെ അവസാന വരി പറയുന്നു, 'മേൽ പറഞ്ഞ ദൃശ്യങ്ങളെ. ഒരെയൊരു ചൈതന്യം പ്രകാശിപ്പിക്കുന്നു '

വേദാന്തത്തിലെ പരമപ്രധാനമായ തത്ത്വമാണിത്. സ്വയം ചൈതന്യമില്ലാത്തതും അനേകരൂപത്തിലുമിരിക്കുന്ന ജഗത്തിനെ, ബോധസ്വരൂപമായ ദൃക്ക് തത്ത്വം പ്രകാശിപ്പിക്കുന്നു. പ്രകാശിപ്പിക്കുകയെന്നാൽ ജ്ഞാതവ്യമാക്കുന്നു എന്നർത്ഥം. ഭഗവാൻ പറയുന്നു

'ഏതത് യോ വേത്തി തം പ്രാഹുഃ ക്ഷേത്രജ്ഞഃ ഇതി' ജഡമായ ക്ഷേത്രത്തെ അറിയുന്നവൻ ക്ഷേത്രജ്ഞൻ. ഈ സത്തും ചിത്തും ആനന്ദവുമായ ചൈതന്യമാണ് വേദാന്തത്തിന്റെ പ്രതിപാദ്യവിഷയം. ഇതിനെ ബ്രഹ്മം, ആത്മാ , ഈശ്വരൻ, ചൈതന്യം, ബോധം എന്നിങ്ങനെ പല പേരുകളിൽ വിളിക്കാറുണ്ട് ഇവിടെ ഈ ശ്ലോകത്തിൽ 'ചിതി' എന്നാണ് പറഞ്ഞിട്ടുള്ളത്.

( തുടരും )

*****

# മറവിയിലെ ഓർമ്മകൾ (തുടർച്ച)

പ്രൊഫ. അംബുജാക്ഷി – 9447577652

**ഞാ**നുറങ്ങിയോ? നേരം വെളുത്തല്ലേ ഒന്നു പല്ലു തേക്കണം. പക്ഷേ, തന്നത്താൻ എഴുന്നേൽക്കാനാവില്ല. ആരാ ഒന്ന് പിടിക്കുക?

ആരുടെയൊക്കെയോ ശബ്ദം കേൾക്കുന്നു. ഏട്ടന്റമ്മയും ചെറ്യേമ്മയും ഒക്കെ വന്നിട്ടുണ്ടോ? ഏയ്, ഉണ്ടാവില്ല. അവർക്കൊന്നും ഇവിടേക്ക് വഴിയറിയില്ലല്ലോ. ഏട്ടന്റമ്മ അമ്മയുടെ ഏട്ടത്തിയാണ്. ചെറ്യേമ്മ അനിയത്തിയും. ഈ മൂന്നമ്മമാർക്കും കൂടി മക്കൾ ഇരുപതും!

അടിയും പിടിയും ഒച്ചേം ബഹളോം! രാവിലെ ഇരുപത് കിണ്ണം നിരത്തിവെക്കും, പുറത്തെ കോലായിൽ പ്രാതൽ കഞ്ഞിയും ഉപ്പുമാങ്ങയും ചുട്ട പപ്പടവും ആണ്. ചിലപ്പോൾ കായയോ ചേനയോ ഒരു മെഴുക്കുപുരട്ടിയോ ഉണ്ടാകും. എണ്ണ കാണാത്ത മെഴുക്കുപുരട്ടി. ഒമ്പതു ആൺകുട്ടികളും പതിനൊന്ന് പെൺകുട്ടികളും! കഞ്ഞി വിളമ്പിക്കഴിഞ്ഞാൽ ഏട്ടത്തിയും വല്യമ്മയുടെ മകൾ ചിന്നുവേട്ടത്തിയും കൂടി പറയും. "ചിന്ന്വോ, എന്റെ കഞ്ഞീല് നമ്മുടെ തൊടിയിലെ മാവും പ്ലാവും പുളീം ഒക്കെ കാണാം."

ഏട്ത്ത്യേ, ന്റെ കഞ്ഞീല് നമ്മടെ തെക്കേലേ വീടുകൂടി കാണാം.

നമുക്ക് ഈ കഞ്ഞിവെള്ളം പതുക്കെപ്പതുക്കെ ചരിച്ച് കളയാം. നമ്മള് പെങ്കുട്ട്യോളാണ് എന്ന് കരുതി ഇങ്ങനെ കഞ്ഞിവെള്ളം കുടിക്കണോ? വേറൊരാളുടെ രോഷം!

"അതെയതെ ഏട്ടന്മാരുടെ കിണ്ണത്തിലൊക്കെ വറ്റാണ്. വെള്ളം കാണാനേ ഇല്ല" മറ്റൊരാൾ.

അപ്പോഴേക്കും കുട്ട്യേട്ടൻ കഞ്ഞി കുടിച്ച് എഴുന്നേറ്റിട്ടുണ്ടാവും. എത്ര കഴിച്ചാലും കുട്ട്യേട്ടന്റെ വയറ് നിറയില്ല. വല്യമ്മയുടെ രണ്ടാമത്തെ മകനാണ് ബാലകൃഷ്ണൻ എന്ന കുട്ട്യേട്ടൻ. 'പാതാളവയറൻ' എന്നൊരു വിളിപ്പേരും ഉണ്ട്. വയറു നിറഞ്ഞില്ലെങ്കിൽ, അമ്മാവന്മാര് കാണാൻ വേണ്ടി ചുമരിൽ കരിക്കട്ടകൊണ്ട് എഴുതിവെക്കും.

"ഇന്ന് പറമ്പോട്ടെ ബാലകൃഷ്ണന്റെ വയറ് നിറഞ്ഞിട്ടില്ല" എന്ന്. അമ്മാവന്മാര് ആരെങ്കിലും കണ്ടാൽ അവർ കുട്ട്യേട്ടനെ കൂടെയിരുത്തി കഞ്ഞി കൊടുക്കും. പെൺകുട്ടികൾക്ക് ഇത്തരം സൗജന്യമൊന്നും ഇല്ല. "പെണ്ണല്ലേ, കുട്ട്യേൽ കെടന്ന് കതിരാവട്ടെ" എന്ന മട്ടാണ്.

കിണ്ണം പതുക്കെച്ചെരിച്ച് കഞ്ഞിവെള്ളം ഊറ്റിക്കളയലാണ് ഞങ്ങളുടെ പ്രതികാരം. വയറുനിറച്ച് വഴക്കും കിട്ടും.

ഇപ്പോൾ പുറത്തുകേൾക്കുന്ന ശബ്ദം ഏട്ടന്റെമ്മയും അമ്മയും ചെറ്യേമ്മയേയും കൂടി പരാതി പറയുന്നതാണോ? മറ്റു കുട്ടികളൊക്കെ എവിടെ?

എഴുന്നേൽക്കാൻ നോക്കിയപ്പോഴേക്കും ആ സ്ത്രീ ഓടി വന്നു.

"അമ്മേ ഞാൻ പിടിക്കാം. പതുക്കെ എഴുന്നേറ്റാൽ മതി."

"പുറത്ത് ഏട്ടന്റമ്മയുടെ ശബ്ദം. അവരൊക്കെ ഇവിടെയുണ്ടോ! വയറുനിറയാത്ത കുട്ട്യേട്ടൻ കൂടെയുണ്ടോ? ഏടത്തീം ചിന്ന്വോടത്തീം ഒക്കെ എത്തിയോ?

ആ സ്ത്രീ പരിഭ്രമിച്ചു നിന്നു.

"അമ്മേ, അവരാരും ഇപ്പോൾ ഇല്ലല്ലോ. മരിച്ചിട്ട് എത്ര കാലമായി എന്നറിയാമോ?"

"എന്താ. നിങ്ങള് പറയുന്നത്? കുട്ട്യേട്ടൻ കരിക്കട്ടകൊണ്ട് ചുമരിൽ എഴുതിയത് ഞാൻ ഇപ്പോ കണ്ടല്ലോ. ഞങ്ങളൊക്കെ കഞ്ഞി വെള്ളം ചരിച്ചുകളയുന്നതും. "

അവർ ഒന്നും മിണ്ടിയില്ല. കണ്ണുകൾ നിറഞ്ഞു തുളുമ്പുന്നു. എന്തിനാണാവോ കരയുന്നത്?

"എനിക്കൊന്നു പല്ലുതേക്കണം"

"ഇപ്പോൾ വൈകുന്നേരമല്ലേ? രാത്രി കിടക്കുമ്പോൾ പല്ലുതേക്കാം."

"ഇത് രാവിലെയാണ്. പല്ല് തേച്ച് മുഖം കഴുകണം."

ശരി. ഞാനെല്ലാം എടുത്തുകൊണ്ടു പോയി ഇപ്പോൾ നമുക്ക് ചായകുടിക്കാം. അത് കഴിഞ്ഞിട്ടുവേണം പല്ല് തേക്കാൻ.

അച്ഛനും അമ്മയും എവിടെ ഒന്നു കാണാൻ തോന്നുന്നു. അച്ഛന്റെ പാട്ടൊന്നു കേൾക്കണം. സംഗീതനാടക ഗാനങ്ങളും കഥകളിപ്പദങ്ങളുമൊക്കെ എത്ര ഭംഗിയായിട്ടാണ് അച്ഛൻ പാടുന്നത്! മുത്തച്ഛനും നല്ല പാട്ടുകാരനാണ്. രണ്ടാളും പൂമുഖത്ത് അഭിമുഖമായിരുന്നു പാടും.

"ജഗദോദ്ധാരണ ......"

എത്ര കേട്ടാലും മതിവരില്ല.

അതുകേൾക്കുമ്പോൾ അമ്മ അടുക്കളയിൽ നിന്ന് മുറുമുറുക്കും...

"തുടങ്ങി കച്ചേരി, അച്ഛനും മകനും!"

അമ്മ ഒരു താരാട്ട് പാടുന്നതുപോലും ഞങ്ങൾ കേട്ടിട്ടില്ല.

നമ്മുടെ വീടിന്റെ കിഴക്ക് ഒരു ചെറിയ വീട് ഉണ്ടായിരുന്നല്ലോ. പോക്കത്ത് എന്നായിരുന്നു വീട്ടുപേര്. അവിടെ ഒരു പാറു അമ്മയും മകൾ അമ്മുക്കുട്ടിയമ്മയും താമസിക്കുന്നുണ്ടായിരുന്നു. പാറു അമ്മ ഒരു പട്ടിണിക്കോലം. കറുത്തുമെലിഞ്ഞ് കൂനിയ ഒരു വൃദ്ധ. മകളാണെങ്കിലോ? വെളുത്തുരുണ്ട ഒരു കെങ്കേമി. ഇടക്കിടക്ക് അമ്മയെ തനിച്ചാക്കി എവിടേക്കെങ്കിലും പോവും. എന്ന് തിരിച്ചു വരും എന്നൊന്നും അറിയില്ല. വരുമ്പോൾ അവിടെ നിന്ന് വലിയ ഒച്ചയും ബഹളവും കേൾക്കാം.

പാറു അമ്മ പാവമാണ്. എന്നും രാവിലെ വീട്ടിലേക്ക് വരും. ഒട്ടിക്കിടക്കുന്ന വയറിലേക്ക് എന്തെങ്കിലും ചെല്ലണ്ടേ!

"അമ്മൂ, ഒരിത്തിരി കഞ്ഞിവെള്ളം തര്വോ?"

അമ്മയോടാണ് ചോദ്യം.

"കുറച്ചു വറ്റും ഇട്ടോളൂ. കൂട്ടാന്റെ വെള്ളം ഉണ്ടെങ്കിൽ ഒരു തുള്ളി ഒഴിക്കണേ."

അമ്മക്ക് കാര്യം നന്നായിട്ടറിയാം. മേടമാസത്തിലെ ചിത്രയാണ് അമ്മ. വൈഭവം നല്ലോണം കൂടും. ഒരു വലിയ കുണ്ടൻപിഞ്ഞാണത്തിൽ നിറച്ചു കഞ്ഞിയും ഒരു ചെറിയ പാത്രത്തിൽ മെഴുക്കുപുരട്ടിയും അച്ചാറും അമ്മ കൊടുക്കും.

അമ്മക്കറിയാം അത് അവരുടെ ഒരു ദിവസത്തെ ഭക്ഷണമാണെന്ന്. അത് അവർ രണ്ട് നേരങ്ങളിൽ. ചിലപ്പോൾ പിറ്റേന്നും ആയാണ് കഴിക്കുന്നത്.

പാവം പാറ്വോമ.

ഒരു ദിവസം സന്ധ്യനേരത്ത് ആരോ ഒരാൾ അവിടേക്ക് കേറിപ്പോകുന്നുണ്ടായിരുന്നു.

കുറച്ചുകഴിഞ്ഞപ്പോൾ, തല്ലല്ലേ... തല്ലല്ലേ... രാമോരാ, ചവിട്ടല്ലേ രാമോരാ.... എന്ന് പാറ്വോമ്മയുടെ ശബ്ദം കേട്ടു. പിന്നെ ഒന്നും കേട്ടിട്ടില്ല. പിറ്റേന്ന് രാവിലെ ഷൊർണൂർ – നിലമ്പൂർ റെയിലിൽ പാറ്വോമ്മയുടെ ശരീരം ചിതറിക്കിടക്കുന്നുണ്ടായിരുന്നത്രെ!...

പക്ഷെ, അതൊന്നും ഇവിടെയല്ല. എന്റെ വീടിന്റെ അടുത്താണ്.

അമ്മേ, ഇതൊക്കെ അമ്മ എത്ര പ്രാവശ്യം പറഞ്ഞിട്ടുണ്ട്. എത്രയോ കാലം മുമ്പ് നടന്ന തല്ലേ? പാറ്വോമ്മയെ ചവിട്ടിക്കൊന്ന ദാമോദരനെ അയാളുടെ സ്വന്തം മക്കൾ അത് പോലെ ചവിട്ടിക്കൊന്നെന്നും പറയുന്നുണ്ടല്ലോ. മകൾ

അമ്മുക്കുട്ടിയമ്മയെ പിന്നീടാരും കണ്ടിട്ടുമില്ല എന്നും പറഞ്ഞിട്ടുണ്ട്.

ങ്ആ.... പിന്നെ ഉണ്ട് ഒരു കുഞ്ഞുണ്യാര്. വലിയ പണക്കാരനും മനക്കലെ കാര്യസ്ഥനാ. ദുഷ്ടൻ പിശുക്കൻ! നമ്മടെ വീടിന്റെ തെക്കു ഭാഗത്താണ് വീട്. പിലാക്കാട്ടുതൊടീന്നാ വീട്ടുപേര്. വീട്ടില് ഭാര്യേം മക്കളും ഒക്കെയുണ്ട്. വടക്കും മുറിയിൽ കുഞ്ഞുണ്ണിനായരുടെ അച്ഛന്റെ വീടുണ്ട്. വീടൊന്നുമല്ല. ഇത്തിരി സ്ഥലവും ഓലയും വൈക്കോലും മേഞ്ഞ ഒരു കൂരയും. അവിടെ ഇപ്പോൾ അച്ഛന്റെ പെങ്ങള് മാത്രമെ ഉള്ളൂ. ആ ഇത്തിരി സ്ഥലം കവർന്നെടുക്കാൻ കുഞ്ഞുണ്യാര് അച്ഛൻ പെങ്ങളെ ഭീഷണിപ്പെടുത്തിയിരുന്നു. ഒരു ദിവസം അവരെ റോഡിൽക്കൂടെ വലിച്ചിഴച്ചുകൊണ്ടുപോയി, ആധാരം ഒപ്പിട്ടുവാങ്ങാൻ.

"വിട് കുഞ്ഞുണ്യേ, എന്നെ ഇങ്ങനെ വലിച്ചിഴക്കല്ലേ." എന്നവർ കരഞ്ഞുവിളിക്കുന്നു. മുണ്ടൊക്കെ അഴിഞ്ഞുപോയിട്ടുണ്ടായിരുന്നു. മേലാകെ മണ്ണും ചെളിയും ചോരയും പുരണ്ട് ആ പാവം ഉറക്കെക്കരഞ്ഞു. ആര് കേൾക്കാൻ? ഒടുവിൽ ആ സ്ഥലവും കുഞ്ഞുണ്യാര് തന്റെ സാമാജ്രത്തിലേക്ക് ചേർത്തു."

"അമ്മേ, ഇതൊക്കെ എത്ര പ്രാവശ്യം എന്നോട് പറഞ്ഞിട്ടുണ്ട്. ആ കുഞ്ഞുണ്ണി നായരുടെ അച്ഛൻ പെങ്ങളെ വലിച്ചിഴച്ച അതേ കയ്യ് തോളിലെ കുഴയിൽ നിന്ന് വിട്ടുപോണില്ലേ ശരീരം തളർന്ന് വീണുപോയില്ലേ? ആ വലിയ വീടിന്റെ മുകളിലെ ഒരു ഇരുട്ടുമുറിയിൽ അയാളെ മക്കൾ കൊണ്ടുപോയി ഇട്ടില്ലേ. അവിടെക്കിടന്ന് ഒരു തുള്ളി വെള്ളം കിട്ടാതെ പുഴുത്തുചത്തുവെന്ന് അമ്മ എത്ര പ്രാവശ്യം പറഞ്ഞിട്ടുണ്ട്.

"ഞാൻ പറഞ്ഞിട്ടുണ്ടോ? എനിക്ക് തോന്ന്ണില്ല. ഞാൻ നിങ്ങളെ കണ്ടിട്ടേ ഇല്ലാല്ലോ. പിന്നെ അതൊക്കെ നടന്നത് എന്റെ വീടിന്റെ അടുത്താണ് ഇവിടെയൊന്നുമല്ല."

"അമ്മേ, ഞാൻ അമ്മയുടെ പ്രിയക്കുട്ടി യല്ലേ? ഒരേ ഒരു മോള്."

നിറകണ്ണുകളോടെ ആ സ്ത്രീ അതു പറഞ്ഞപ്പോൾ എനിക്ക് വല്ലാതെയായി.

"എന്റെ മകളാണോ നിങ്ങൾ? "

ഒന്നും ഓർക്കാൻ പറ്റുന്നില്ല. വല്ലാത്ത തളർച്ച. "ഇത്തിരി വെള്ളം വേണം."

വെള്ളം കുടിച്ചപ്പോൾ ഒന്നു കിടക്കാനാണ് തോന്നിയത്. കിടക്കട്ടെ.

(തുടരും...)

*****



## എറണാകുളം കരയോഗാംഗത്വമെടുക്കൂ സേവനപ്രവർത്തനങ്ങളിൽ പങ്കാളികളാകൂ

**എറണാകുളം കരയോഗത്തിൽ അംഗത്വമെടുത്ത് ജീവകാരുണ്യ,സാമൂഹ്യസേവനപ്രവർത്തനങ്ങളിൽ പങ്കാളികളാകുവാൻ എറണാകുളം ജില്ലാതിർത്തിക്കുള്ളിൽ താമസിക്കുന്ന നായർ സമുദായാംഗങ്ങളെ ഞങ്ങൾ സ്വാഗതം ചെയ്യുന്നു. കൊച്ചി കോർപ്പറേഷൻ പരിധിക്കുള്ളിൽ താമസിക്കുന്ന നായർ സമുദായാംഗങ്ങൾക്ക് ആജീവനാംഗത്വവും ജില്ലാതിർത്തിക്കുള്ളിൽ താമസിക്കുന്ന നായർ സമുദായാംഗങ്ങൾക്ക് അസ്സോസിയേറ്റ് അംഗത്വവും നിബന്ധനകൾക്ക് വിധേയമായി ലഭിക്കുന്നതാണ്.**

**താല്പര്യമുള്ളവർ വിശദവിവരങ്ങൾക്ക് ബന്ധപ്പെടുക.**

**ഫോൺ : 04842361160**

## 2023 ജൂലായ് മാസം അന്തരിച്ച കരയോഗാംഗങ്ങൾക്ക് ആദരാഞ്ജലികൾ




**കെ. ഭാനുവിക്രമൻ**
L/1092 ലക്ഷ്മി ഭവൻ
മുട്ടത്തിൽ ലെയ്ൻ
കൊച്ചി - 20




**സോമനാഥ് നായർ**
L/3699 അമ്പാടി അപ്പാർട്ട്മെന്റ്
വാരിയം റോഡ്, കൊച്ചി-16




**ടി.കെ.എം. ഉണ്ണിത്താൻ**
L/0607 ഹൗസ് നം. 118,
ഗിരിനഗർ, കനാൽ റോഡ്,
കൊച്ചി - 20



**ആർ. കൃഷ്ണദാസ്**
L/5774 സുരഭി,
ബി.ടി.സി. റോഡ്,
ഇടപ്പള്ളി - 24



**മേനോൻ. എം.എസ്.**
L/2056 പ്രീതി,
ആലപ്പാട്ട് റോഡ്,
രവിപുരം - 16



**സുധാകരൻ. കെ.സി.**
L/3322 രഞ്ജിത് നിവാസ്
ഗോഡൗൺ റോഡ്
ഇടപ്പള്ളി- 24



**കെ. ജയരാമൻ**
L/1391 കുറ്റിക്കാട്ട്,
ചിറ്റൂർ റോഡ്
കൊച്ചി- 11



**രാജലക്ഷ്മി മേനോൻ**
L/527 രവി വിഹാർ
തോട്ടക്കാട്ട് റോഡ്
കൊച്ചി- 11



# 20-ാം ശ്രാദ്ധദിനം

## 03.08.2023

## അഡ്വ. വട്ടത്തറ ദാമോദരൻ

ദീപേന്ദു, മാണിക്കത്ത് റോഡ്
രവിപുരം
ഭാര്യ - ഗൗരി ദാമോദരൻ
മക്കൾ - അനിൽകുമാർ, ബിന്ദു, ദീപ

## എറണാകുളം കരയോഗം - ചാരിറ്റി പ്രവർത്തനങ്ങൾക്ക്
## 2023 ജൂലായ് മാസം സംഭാവന നൽകിയവർ

| | | |
|---|---|---|
| 1. | കുമാരി സുകുമാരൻ & ദിവ്യ മേനോൻ, Laxmy Ensing, എം.ജി. റോഡ് | 10,000/- |
| 2. | വേണുഗോപാലൻ എൻ., മാധവം, 43/1653, 88 ജവഹർ നഗർ, കടവന്ത്ര - 20 | 10,000/- |
| 3. | രാജ്കുമാർ മേനോൻ കെ., അർച്ചന, എളമന റോഡ്, തൃപ്പൂണിത്തുറ | 5,001/- |

# ലളിത ജീവിതം

പി. ജയരാമൻ - 9847102015

ശ്രീ. കെ.ജയകുമാർ (IAS (Rtd) എഴുതി മാതൃഭൂമി ബുക്സ് 2021ൽ പ്രസിദ്ധീകരിച്ച ലളിതജീവിതം എന്ന കൃതിയെക്കുറിച്ചുള്ള ഒരു സംക്ഷിപ്ത അവലോകനമാണ് ഈ ലേഖനത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

**1. ഗ്രന്ഥകർത്താവിനെക്കുറിച്ച് രണ്ട് വാക്ക് :**

- കവി, ഗാനരചയിതാവ്, പരിഭാഷകൻ, ചിത്രകാരൻ.
- ഏഴ് കവിതാ സമാഹാരങ്ങളടക്കം 32 പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.
- ടാഗോർ, ഖലീൽ ജിബ്രാൻ, ജലാലുദ്ദീൻ റൂമി, ഒമർഖയ്യാം, ലാവോത്സു എന്നിവരുടെ കൃതികൾ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയിട്ടുണ്ട്.
- നൂറിലേറെ ചലച്ചിത്രങ്ങൾക്ക് ഗാനരചന നിർവ്വഹിച്ചു.
- ഇന്ത്യയിലും വിദേശത്തുമായി പത്തോളം ചിത്രപ്രദർശനങ്ങൾ നടത്തി.
- കവിതയ്ക്ക് മഹാകവി കുട്ടമത്ത് അവാർഡ്, കുഞ്ഞുണ്ണി മാസ്റ്റർ അവാർഡ്, ഗാനരചനയ്ക്ക് കേരള സംഗീത നാടക അക്കാദമി അവാർഡ്, ഫിലിം ക്രിട്ടിക്സ് അവാർഡ് എന്നിവ ലഭിച്ചു.
- സംസ്ഥാന ചീഫ് സെക്രട്ടറിയായി വിരമിച്ചു.
- മലയാള സർവ്വകലാശാലയുടെ സ്ഥാപക വൈസ് ചാൻസലറായി അഞ്ച് വർഷം പ്രവർത്തിച്ചു.
- ഇപ്പോൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റിന്റ ഡയറക്ടർ ജനറലായി പ്രവർത്തിക്കുന്നു.
- താമസം കുടുംബസമേതം തിരുവനന്തപുരത്തെ പേരൂർക്കടയിൽ.

**2. ആമുഖം:-**

ലാളിത്യമാണ് ഈ പുസ്തകത്തിന്റെ കേന്ദ്രബിന്ദു. സുഖങ്ങളെല്ലാം ഉപേക്ഷിച്ച്, ആഘോഷങ്ങളും ആഹ്ലാദങ്ങളും വേണ്ടെന്നുവച്ച് സന്ന്യാസിയെപോലുള്ള ഒരു ജീവിതമല്ല ലാളിത്യം കൊണ്ട് ഉദ്ദേശിക്കുന്നത്. സാധാരണ ജീവിതത്തിൽ മാറ്റങ്ങളുണ്ടാകുകയും, അവയിലൂടെ ജീവിതത്തിലെ സങ്കീർണതയെ നേരിടാൻ കഴിയുമെന്ന വിശ്വാസവും ഈ പുസ്തകം അടിവരയിട്ട് പ്രസ്താവിച്ചിട്ടുണ്ട്. പാരിസ്ഥിതിയെ ബാധിക്കുന്ന പ്രശ്നങ്ങളും സർവ്വനാശവും ക്ഷണിച്ചുവരുത്തുന്ന നിയന്ത്രണങ്ങളില്ലാത്ത ഇന്നത്തെ പോക്കിന് കടിഞ്ഞാണിടാൻ ലാളിത്യമാർന്ന പുതിയ ജീവിതശൈലിക്ക് സാധിക്കുമെന്ന പൂർണ്ണവിശ്വാസം ഈ കൃതി കാഴ്ചവെക്കുന്നു. പുതിയ ജീവിതശൈലിയിലൂടെ മറ്റൊരു ജീവിതം സാധ്യമാണെന്ന് ഈ പുസ്തകം തെളിയിക്കുന്നു.

വിപണി കേന്ദ്രീകൃതമാണ് 21-ാം നൂറ്റാണ്ടിന്റെ അധീശപ്രത്യയശാസ്ത്രം. ഈ സാമ്പത്തിക വികസന മാതൃകയുടെ ആരാധകരാണ് ഇന്നത്തെ ലോകനേതാക്കളിൽ പലരും. ഉൻമത്തമായ ഉപഭോഗത്തിന്റെയും, ആസക്തിയുടേയും, അഹന്തയുടേയും, ആഡംബരത്തിന്റേയും വൈരൂപ്യം എവിടെയും ദൃശ്യമാണ്.

**3. വിപണി എന്ന അസംബന്ധ നാടകം:**

മനുഷ്യജീവിതത്തിന്റെ ഇന്നത്തെ സങ്കീർണതയെ വിമർശിക്കുമ്പോഴും നിരവധി സൗകര്യങ്ങളും സുഖങ്ങളും ഈ കാലം നമുക്ക് നൽകി എന്ന വാസ്തവം മറന്നുകൂടാ. ആയുർദൈർഘ്യം കൂട്ടാനും, ശിശുമരണങ്ങൾ കുറക്കാനും, മാരകമായിരുന്ന പല രോഗങ്ങളെയും പ്രതിരോധിക്കാനും കഴിഞ്ഞു. ആവിയന്ത്രത്തിന്റെ കണ്ടുപിടുത്തത്തോടെ

ലോകചരിത്രഗതി മാറ്റി എഴുതപ്പെട്ടു. വൈദ്യുതിയുടെ കണ്ടുപിടുത്തമായിരുന്നു മനുഷ്യ ചരിത്രത്തിലെ മറ്റൊരു പ്രമുഖ നേട്ടം. മനുഷ്യരാശിയുടെ ജാതകം മാറ്റിയ ബഹുമതി കംമ്പ്യൂട്ടറിന്റേതാണ്. ഇന്ന് ഒഴിച്ചുകൂടാൻ വയ്യാത്തതും, സാർവ്വത്രികവുമായിത്തീർന്ന മൊബൈൽഫോൺ തന്നെ ഒരു വിധത്തിൽ കംമ്പ്യൂട്ടർ ആണെന്ന് പറയാമല്ലോ നാനോ ടെക്നോളജി, റോമ്പോട്ടിക്സ്, നിർമ്മിത ബുദ്ധി (Artificial Intelligence) എന്നിവയുടെയെല്ലാം സുവർണ്ണകാലം വരാനിരിക്കുന്നതേയുള്ളു.

ആഗോളവാണിജ്യത്തിന്റെ ചുക്കാൻ പിടിക്കുന്ന വമ്പൻ കോർപ്പറേഷനുകൾ അറിവിന്റെയും, ഗവേഷണത്തിന്റേയും ഫലങ്ങൾ സമർത്ഥമായി ഉപയോഗപ്പെടുത്തി ലാഭം കൊയ്യുന്നു. ഈ ബലിഷ്ഠ സംവിധാനത്തിന്റെ സ്വാധീന വലയത്തിൽ വീഴാതിരിക്കാൻ സാധാരണ മനുഷ്യർക്ക് ബുദ്ധിമുട്ടാണ്. 1776 ൽ ആഡം സ്മിത്ത് എന്ന സ്കോട്ട്ലാന്റ്കാരൻ രചിച്ച 'വെൽത്ത് ഓഫ് നേഷൻസ്' എന്ന കൃതിയാണ് ആധുനിക ക്യാപിറ്റലിസത്തിന്റെ വഴികാട്ടി. അദ്ദേഹത്തിന്റെ ആശയങ്ങളിൽ ലാഭം നേടുന്നതിനോടൊപ്പം സമൂഹത്തിന്റെ നന്മയ്ക്കും ഊന്നൽ കൊടുത്തിരിന്നു. പക്ഷേ, ക്യാപിറ്റലിസം വേറൊ രു വഴി, ചൂഷണത്തിന്റെ വഴിയാണ്, തിരഞ്ഞെടുത്തത്. സദാ വളരുന്ന ഉപഭോഗമാണ് ഈ സാമ്പത്തികക്രമത്തിന്റെ മർമ്മം. എന്തിനെന്നറിയാതെ, എന്തൊക്കെയൊ വാങ്ങിക്കൂട്ടുന്ന ഉപഭോക്താവാണ് വിപണിയുടെ പൊന്നോമന! ആഗ്രഹവും ആവശ്യവും തമ്മിൽ ബന്ധമില്ല എന്നതാണ് കൺസ്യൂമറിസ്റ്റ് സ്വഭാവത്തിന്റെ തിരിച്ചറിയൽ മുദ്ര. ഉൽപാദന - ഉപഭോക്ത നാടകത്തിലെ ഒരു സാധാരണ കഥാപാത്രമായി പങ്കെടുക്കുക വഴി ഉപഭോക്താവ് പരോക്ഷമായി പാരിസ്ഥിതിക വിനാശത്തിലും, മനുഷ്യാവകാശ ധ്വംസനങ്ങളിലും, പങ്കാളിയും, അപരാധിയുമായി മാറുകയാണ്. ഈ അറിവിൽ നിന്നേ ലാളിത്യത്തിലേക്കുള്ള പ്രയാണം തുടങ്ങാൻ കഴിയൂ.

**4. ഉപഭോഗത്തിന്റെ യുക്തി**

എല്ലാവരും ഉപഭോക്താക്കളാണ്; എന്നാൽ എല്ലാവരും ഉപഭോക്ത സംസ്ക്കാരത്തിന്റെ അടിമകളല്ല. ഒരു ഉൽപ്പന്നം എന്താവശ്യത്തിനാണ് വാങ്ങുന്നതെന്ന വ്യക്തതയും, ആ തീരുമാനത്തിൽ സ്വന്തം ഇച്ഛയും പ്രകടമാക്കുന്ന ഉപഭോക്താവിനെയല്ല പുതിയ വിപണിക്കാവശ്യം. സ്വാതന്ത്ര്യവും, അധികാരവുമുണ്ടെങ്കിലും അവ പണയപ്പെടുത്തുന്നവരെയാണ് വിപണിക്കാവശ്യം. അതാണ് വിപണിയുടെ കൗശലവും കരുത്തും. അതുതന്നെയാണ് ഉപഭോഗ സംസ്ക്കാരത്തെ അപകടകാരിയാക്കുന്നതും. നമുക്ക് മുൻപുണ്ടായിരുന്ന തലമുറ കുറച്ചു മാത്രം ചെലവിട്ട് തങ്ങളുടെ പരിമിതമായ ആവശ്യങ്ങൾ നിറവേറ്റി സംതൃപ്തരായി ജീവിച്ചു എന്ന വസ്തുത നിഷേധിക്കാനാവില്ല. വിപണിയുടെ പ്രലോഭനങ്ങളിൽപെടുമ്പോൾ നമ്മുടെ ചിന്തകളിലും, മൂല്യങ്ങളിലും, ആഗ്രഹങ്ങളിലും മറ്റും വരുന്ന മാറ്റങ്ങൾ നാം തിരിച്ചറിയുന്നില്ല. വിപണിയുടെ വശ്യതന്ത്രത്തിന്റെ സ്വാധീനം അവിശ്വസനീയമായ വിധം സാർവ്വത്രികവും ആഴമാർന്നതുമാണ്.

ശരാശരി വരുമാനമുള്ള വീട്ടിൽ മാസാദ്യം വാങ്ങുന്ന സാധനങ്ങൾ നിരത്തി വെക്കുക. അവയെ സ്വതന്ത്രമനസ്സോടെ'ആവശ്യമുള്ളത്' 'അത്ര അവശ്യമില്ലാത്തത്' എന്ന് രണ്ട് വിഭാഗങ്ങളായി തിരിക്കുക. 30 ശതമാനം സാധനങ്ങളും അത്ര ആവശ്യമില്ലാത്തത് എന്ന ഗണത്തിൽപെടും. ചെലവിട്ട തുകയുടെ 40 ശതമാനവും ഇവയ്ക്കായിരിക്കുകയും ചെയ്യും. ഈ പട്ടികയിലെ വസ്തുക്കൾ നല്ലതല്ലെന്നോ, അവയ്ക്ക് പ്രയോജനമില്ലെന്നോ അല്ല; അത്ര ആവശ്യമില്ല എന്ന് മാത്രം. ആവശ്യമുള്ളതും, അത്ര ആവശ്യമില്ലാത്തതുമായ വസ്തുക്കൾ വാങ്ങിക്കൂട്ടുന്ന ഉപഭോക്താവിന് യഥാർത്ഥ സ്വാതന്ത്ര്യമില്ല. അയാൾ വിപണിയുടെ അദൃശ്യ നിയന്ത്രണത്തിലാണ്. ബ്രാൻഡിന്റെ മാസ്മരികതയിൽ വാങ്ങിയ എത്ര വസ്തുക്കളാണ് നമ്മുടെ വീടുകളിൽ തിളക്കം കെട്ട്, ഉപയോഗിക്കാതെ, ശ്രദ്ധിക്കപ്പെടാതെ അടിഞ്ഞുകൂടി കിടക്കുന്നത്.!

**5. കുമിഞ്ഞുകൂടുന്ന അകവും പുറവും:**

ലാളിത്യമെന്ന ആശയം സർവ്വ സംഗപരിത്യാഗമല്ല. ജീവിതസംന്ധാരണത്തിന് വേണ്ടതൊന്നും ഉപേക്ഷിക്കേണ്ടതില്ല. ആധുനിക ജീവിതത്തിന്റെ പൊങ്ങച്ചങ്ങളും, വിപണിയുടെ അതിബുദ്ധിയും ഒരുക്കിവെച്ചിരിക്കുന്ന വാരിക്കുഴികളിൽ വീഴാതിരിക്കണമെന്ന് മാ

ത്രം. വിവേകപൂർണമായ ഉപഭോഗം വഴി മനസ്സും, ജീവിതവും, വീടും, പരിസരവും, ആരോഗ്യകരമാംവിധം ലളിതമാക്കണം. പക്ഷേ, സങ്കീർണതകളെ താലോലിക്കാൻ നാം ശീലിച്ചുപോയി; അത് ആധുനിക ജീവിതത്തിന്റെ അനിവാര്യതയാണെന്ന് ധരിച്ചുപോയി. വിലയ്ക്ക് വാങ്ങാൻ സാധിക്കുന്നതിന് സ്ഥായിയായ സന്തോഷമോ തൃപ്തിയോ നൽകാൻ കഴിയില്ല. പ്രിയപ്പെട്ട ഒരു വസ്തു സ്വന്തമാക്കിയപ്പോൾ അനുഭവിച്ച സന്തോഷം ദിനംപ്രതി വളരുകയല്ല, ക്ഷയിക്കുകയാണ്. പ്രത്യേകിച്ച് ഒരാവശ്യവുമില്ലാത്ത നിരവധി വസ്തുക്കൾ കുമിഞ്ഞു കൂടുന്ന കലവറകളാണ് നമ്മുടെ വീടുകൾ. സംതൃപ്തിയും ലാളിത്യവുമില്ലാത്ത മനുഷ്യമനസ്സ് ചുറ്റുപാടുകളെ സങ്കീർണമാക്കും; ജീവിതത്തെ ആഹ്ലാദരഹിതമാക്കും. നമ്മുടെ നഗരങ്ങൾ വികസിക്കുന്തോറും വികലമാകുന്നതിന്റെ കാരണം സമൂഹത്തിന്റെ മനസ്സിലാണ് അന്വേഷിക്കേണ്ടത്.

**6. ലാളിത്യത്തെ ആർക്കാണ് ഭയം?**

മികച്ച ഉൽപ്പന്നങ്ങൾക്കും, പുതിയ സാങ്കേതിക വിദ്യകൾക്കും താൽക്കാലിക സന്തോഷത്തിനപ്പുറം ഒന്നും തന്നെ നൽകാൻ കെൽപ്പില്ല. സാമ്പത്തിക സമൃദ്ധി അനുഭവിക്കുന്നവർക്കും ജീവിത സ്വസ്ഥത അപ്രാപ്യമാണ്. ധാരാളത്തിനിടയിലും ജീവിത സംതൃപ്തിയുടെ കാര്യത്തിൽ പൂർവ്വാധികം ദരിദ്രനാണ് ഇന്നത്തെ മനുഷ്യൻ. എങ്ങനെ വിജയിക്കാം എന്ന് ചർച്ച ചെയ്യുന്ന പുസ്തകങ്ങൾ എങ്ങനെ സമ്പന്നനാകാം എന്നാണ് വാസ്തവത്തിൽ അന്വേഷിക്കുന്നത്. സമ്പത്തിന്റെ സങ്കീർത്തനം ചുറ്റും ഉയരുന്ന സമൂഹത്തിൽ ലാളിത്യം സ്വാഗതം ചെയ്യപ്പെടാത്ത അതിഥിയായിരിക്കും.

ഏതറിവും പ്രയോജനമുണ്ടെങ്കിൽ മാത്രം പഠിക്കുകയെന്ന മനോഭാവം യുവതലമുറയുടെ ഭൗതിക പ്രകാശത്തെ കെടുത്തി കളയുന്നു. വാണിജ്യവൽക്കരിക്കപ്പെട്ട വിശ്രമവും വിനോദവും മറ്റൊരു തിരക്കുപിടിച്ച അനുഭവമാണിന്ന്. വിരസതയുടെ ശമനത്തിനായി ആധുനിക മനുഷ്യൻ ഷോപ്പിങ്ങ് എന്ന വിനോദത്തെ ആശ്രയിക്കുന്നു. പൊങ്ങച്ചത്തിന്റേയും പൊള്ളത്തരത്തിന്റെയും മോഹവലയത്തിൽ പെട്ടുപോയ നിസ്സഹായരാണ് അംഗീകാരം നേടിയെടുക്കാനായി നിർബന്ധബുദ്ധിയോടെ വിലകൂടിയ ബ്രാൻഡുകൾ സ്വന്തമാക്കാൻ ശ്രമിക്കുന്നത്. ഭൗതികസുഖം കൊണ്ട് പൊതിഞ്ഞാലും ആന്തരീക ജീവിതം ശൂന്യമായിക്കിടക്കും. ആ ശൂന്യതയെ പ്രതിരോധിക്കാനുള്ള ഉപായമാണ് ലാളിത്യം.

**7. ലളിതമല്ല ലാളിത്യം;**

ചരിത്രഗതിയിൽ മനുഷ്യന് അനുക്രമം കൈമോശം വന്ന സ്വാഭാവിക നന്മയാണ് ലാളിത്യം. മിതത്വത്തിന്റേയും ലാളിത്യത്തിന്റേയും സൗന്ദര്യം സമീപകാല ചിന്തകരും ആചാര്യരും തങ്ങളുടെ ജീവിതത്തിൽ പകർത്തിയിട്ടുണ്ട്. മഹാത്മാഗാന്ധി, രാമകൃഷ്ണ പരമഹംസർ, രമണ മഹർഷി മുതലായവർ വാക്കിലും കർമ്മത്തിലും അസാമാന്യ ലാളിത്യം പുലർത്തിയിരുന്നു. സമ്പത്തിന്റെ അഭാവമല്ല ലാളിത്യം. നിർദ്ധനത്വവും ഇല്ലായ്മയുമല്ല ലാളിത്യത്തെ നിർവചിക്കുന്നത്. ജീവിതത്തിന് അർത്ഥമുണ്ടെന്നും, ലോകത്തിന് സൗന്ദര്യമുണ്ടെന്നും തോന്നിത്തുടങ്ങുന്നുവെങ്കിൽ ലാളിത്യത്തിന്റെ മർമ്മരം കേട്ടു തുടങ്ങി എന്ന് കരുതണം. ഉത്തരവാദിത്വപ്പെട്ട ഉപഭോക്താവായി മാറുക എന്നതാണ് ലാളിത്യത്തിന്റെ ആദ്യത്തെ ചുവട്. ലളിത ജീവിതത്തിലേക്ക് കടക്കുന്നതിലൂടെ അവധാനത സ്വാഭാവികമായിത്തന്നെ നമ്മുടെ പ്രവർത്തികളിൽ പ്രതിഫലിക്കും.

(തുടരും)

*****

ആരോമൽ കേശവൻ തൻ മധുരിമ തിരളും
വേണുഗീതപ്രഭാവാൽ
വാരാർന്നാനന്ദ മൂർച്ഛാം തടവുമൊരുലതാ-
പാദപാനാം കദംബം
വാരം വാരം പ്രസൂനാങ്കുരപുളകമണി-
ഞ്ഞംഗമെങ്ങും മധൂളീ-
ധാരാ ബാഷ്പങ്ങളും പെയ്തടവിയിൽ
വിലസീ
നിശ്ചലാനമ്രശാഖം

രാസക്രീഡാപ്രബന്ധം 16-ാം ശതകം

# ആഗോള താപനം:
## ഏറ്റവും പുതിയ സംഭവവികാസങ്ങൾ

എൻ. രാജശേഖരൻ -

**ആഗോളതാപനത്തെ തുടർന്ന് ലോകത്ത് സംഭവിച്ചു കൊണ്ടിരിക്കുന്ന ഏറ്റവും പുതിയ സംഭവ വികാസങ്ങളെക്കുറിച്ചുള്ള അറിവുകളാണ് താഴെ കൊടുക്കുന്നത്.**

**1) സൂര്യനിൽ നിന്ന് രാക്ഷസ തീജ്വാലകൾ**

സൂര്യനിൽ നിന്ന് രാക്ഷസ തീജ്വാലകൾ ഭൂമിയിലെത്താൻ ഇനി നാളുകളേറെ വേണ്ടി വരില്ലെന്ന് നാസ മുന്നറിയിപ്പ് നൽകിയിരിക്കുന്നു. സൂര്യനിൽ വൻ വിസ്ഫോടനങ്ങൾ ഉണ്ടാവുമെന്നും, അതിനെ തുടർന്ന് കൊറോണൽ മാസ് ഇൻജക്ഷൻ സംഭവിക്കുമെന്നും, തൽഫലമായുണ്ടാകുന്ന തീജ്വാ ലകൾ ഭൂമിയുടെ കാന്തിക മണ്ഡലത്തിലേക്ക് എത്തുമെന്നുമാണ് നാസ മുന്നറിയിപ്പ് നൽകുന്നത്. ഇപ്രകാരം കൊറോണൽ മാസ് ഇൻജക്ഷൻ ഭൂമിയുടെ കാന്തിക മണ്ഡലത്തിൽ പ്രഹരമേൽപ്പിക്കുന്നതിന്റെ ഫലമായി ഭൗമാന്തിക കൊടുങ്കാറ്റാണ് സൃഷ്ടിക്കപ്പെടുക. സൗരജ്വാലകൾ കാന്തിക മണ്ഡലത്തിൽ പ്രവേശിക്കുന്നത് ഭൂമിയുടെ സിഗ്നലുകളെ ബാധിക്കുന്നതിനും, വൈദ്യുത ബന്ധം തടസ്സപ്പെടുത്തുന്നതിനുമിടയാകും. ഇത് റേഡിയോ തരംഗങ്ങൾ നിശ്ചലമാകുന്നതിനും, ജി.പി.എസ് സർവ്വീസുകൾ, ട്രാഫിക് സംവിധാനങ്ങൾ, സാറ്റലൈറ്റുകൾ എന്നിവ നിശ്ചലമാകുന്നതിനുമിടയാകും, സൂര്യനിൽ സംഭവിച്ച് കൊണ്ടിരിക്കുന്ന മാറ്റങ്ങൾ ഇത്തരം തീജ്വാലകൾ ഭൂമിയിലെത്തിക്കുന്നത്.

**2) സമുദ്രങ്ങളുടെ നിറം മാറ്റം**

സമുദ്രങ്ങളിലെ നീലനിറം ക്രമേണ അപ്രത്യക്ഷമായികൊണ്ടിരിക്കുകയാണ്. ഇതിന്റെ കാരണം കാലാവസ്ഥാ വ്യതിയാനങ്ങളാണ്. ആഗോള തലത്തിൽ തന്നെ കഴിഞ്ഞ 20 വർഷങ്ങളായി സമുദ്രത്തിന്റെ നിറത്തിൽ സാരമായ മാറ്റം വന്നുകൊണ്ടിരിക്കുകയാണ്. യു.കെ.യിലെ നാഷണൽ ഓഷ്യനോഗ്രാഫിക്ക് സെന്ററിലേയും മസാച്യുസിറ്റ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെയും ഗവേഷകരാണ് ഇതേകുറിച്ച് പഠനം നടത്തിയത്. സമുദ്രങ്ങളുടെ ഗവേഷകരാണ് ഇതേകുറിച്ച് പഠനം നടത്തിയത്. സമുദ്രങ്ങളുടെ 56ശതമാനത്തിൽ അധികവും ഇപ്രകാരമൊരു അസ്വാഭാവിക നിറം മാറ്റത്തിന് വിധേയമായിട്ടുണ്ട്. ആവാസവ്യവസ്ഥയിൽ വന്നു കഴിഞ്ഞ മാറ്റങ്ങളാണ് ഇപ്രകാരമൊരു നിറംമാറ്റത്തിനു കാരണമായിട്ടുള്ളത്. സമുദ്രത്തിലെ പച്ചനിറമുള്ള ഭാഗങ്ങളിൽ ക്ലോറോഫിൽ അടങ്ങിയ സസ്യരൂപത്തിലുള്ള ജീവാണുക്കളായ ഫൈറ്റോപ്ലാങ്ക്ടണുകളുടെ സാന്നിദ്ധ്യമാണുള്ളത്. ക്രില്ലുകൾ, മത്സ്യങ്ങൾ, കടൽ പക്ഷികൾ, സമുദ്രസസ്തനികൾ എന്നിവയുടെ നിലനില്പിന് ആവശ്യമായ ഭക്ഷ്യശൃംഗലയുടെ അടിസ്ഥാനം തന്നെ ഫൈറ്റോപ്ലാക്ടണുകളാണ്. ഇവയുടെ സാന്നിധ്യത്തിലുണ്ടാകുന്ന ഏറ്റകുറച്ചിലുകൾ, സമുദ്രത്തിലെ ആവാസവസ്ഥയുടെ സന്തുലനം നഷ്ടപ്പെടുന്നതിനിടയാകുന്നു. കൂടാതെ സമുദ്രതാപനം വർധിക്കുന്നതനുസരിച്ച് ഈ അസന്തുലിതാവസ്ഥ കൂടുതൽ നാശങ്ങൾക്കിടയാക്കാനാണ് സാധ്യത.

**3. വെന്തുരുക്കുന്ന ചൂടുമായി എൽനിനോ**

നാടിനെ വെന്തുരുക്കുന്ന ചൂടുമായി എൽനിനോ എന്ന പ്രതിഭാസം പ്രവർത്തനം തുടങ്ങി കഴിഞ്ഞു എന്നും വരും മാസങ്ങളിൽ ചൂട് അസഹനീയമായ രീതികൾ കുതിച്ചുയ

രുമെന്നും യു.എൻ കാലാവസ്ഥാ സംഘടന മുന്നറിയിപ്പ് നൽകിയിരിക്കുന്നു. ആഗോള താപനിലയെ തന്നെ മാറ്റിമറിക്കുന്ന പ്രതിഭാസമാണ് ആരംഭിക്കാൻ പോകുന്നത്. പസഫിക്ക് സമുദ്രത്തിന്റെ താപനില വർദ്ധിച്ചു.കൊണ്ടിരിക്കുന്നതിന്റെ ഫലമായി സമുദ്രോപരിതലത്തിൽ ചൂട് കൂടികൊണ്ടിരിക്കുകയാണ്. മറ്റ് സമുദ്രങ്ങളിലും സമാനമായ താപവർദ്ധന ഉണ്ടായികൊണ്ടിരിക്കുന്നു. ഇതോടെ നാളിതുവരെ രേഖപ്പെടുത്തിയ താപനിലകളുടെയെല്ലാം റിക്കാർഡുകളും തകർക്കപ്പെടും. അടിക്കടിയുണ്ടാകുന്ന കാലാവസ്ഥാ മാറ്റങ്ങൾ ജനങ്ങളുടെ ആരോഗ്യം, പരിസ്ഥിതി, സാമ്പത്തിക രംഗം എന്നീ മേഖലകളിൽ പ്രവചനാതീതമായ പ്രത്യാഘാതങ്ങളാണു സൃഷ്ടിക്കാൻ പോകുന്നത്. 2016-ൽ ഉണ്ടായ താപനിലയെക്കാൾ കടുത്ത താപനിലയാണ് 2023ന്റെ രണ്ടാംപകുതിയിലും 2024ലും ഉണ്ടാവാൻ പോകുന്നത്. ഈ താപവർദ്ധന കടുത്ത വരൾച്ച, ഉഷ്ണതരംഗം, കാട്ടുതീ എന്നിവ സൃഷ്ടിക്കാൻ തികച്ചും പര്യാപ്തമാണുതാനും. ആയിരക്കണക്കിന് ഏക്കർ വനങ്ങളാണ് കാട്ടുതീ കൊണ്ട് നശിപ്പിക്കപ്പെടുക. ഓസ്ട്രേലിയ, ഇന്തോനേഷ്യ, മധ്യഅമേരിക്ക, തെക്കെ അമേരിക്ക, ഏഷ്യൻ രാജ്യങ്ങൾ എന്നിവയെയാണ് കൂടുതലായി ബാധിക്കുക.

കൊടുംചൂടിൽ ഉരുകികൊണ്ടിരിക്കുന്ന യൂറോപ്പ്, ഏഷ്യ, അമേരിക്ക, ഓസ്ട്രേലിയ എന്നിവിടങ്ങളിൽ എൽനിനോ കൂടി എത്തിയാലുണ്ടാകുന്ന പ്രതിസന്ധികൾ വളരെയാണ്. 2023 ജൂലൈ മൂന്നാം വാരത്തിലെ ഞായറാഴ്ച മുതൽ താപക്കാറ്റുകൾ വീശാൻ തുടങ്ങിയിട്ടുണ്ട്. വരും ദിവസങ്ങളിൽ ഇത് കൂടിവരുന്നതാണ്. ഏഷ്യയുടെ കിഴക്കൻ ഭാഗങ്ങൾ, അമേരിക്ക, യൂറോപ്പ് എന്നിവിടങ്ങളിൽ താപനിലയിൽ വൻവർദ്ധനവാണ് ഉണ്ടായിരിക്കുന്നത്. ഇവ കൃഷിനാ ശം, കാട്ടുതീ എന്നിവ സൃഷ്ടിക്കുന്നതാണ്. ജപ്പാനിൽ രേഖപ്പെടുത്തിയ താപനില 40 ഡിഗ്രി സെൽഷ്യസാണ്. എന്നാൽ യൂറോപ്പിലെ വിവിധ നഗരങ്ങളിൽ 40 ഡിഗ്രി സെൽഷ്യസിന് മുകളിലാണ്. എൽനിനോ കൂടി വന്നു കഴിഞ്ഞാൽ താപനില വീണ്ടും കുതിച്ചുയരുന്നതാണ്. റോമിലെ താപനില 42നും 43നും മദ്ധ്യേയാണ്. അമേരിക്കയിലെ കാൽഫോർണിയായിൽ 54 ഡിഗ്രി സെൽഷ്യസാണ്. അമേരിക്കയിലെ പടിഞ്ഞാറൻ മേഖലയിലും, തെക്കൻ മേഖലയിലും കൊടും ചൂടാണ്. എന്നാൽ വടക്ക് കിഴക്കൻ മേഖലകളിലാകട്ടെ കൊടും മഴയും വെള്ളപ്പൊക്കവുമാണ്. ചൈനയിലെ വടക്ക് പടിഞ്ഞാറൻ ഗ്രാമങ്ങളിൽ താപനില 52.3 ഡിഗ്രി സെൽഷ്യസിന് മുകളിലാണ്. എന്തായാലും അസഹനീയ ചൂട്കൊണ്ടും ഉരുകുന്ന യൂറോപ്പിലെ പല രാജ്യങ്ങളിലെയും അവസ്ഥ കുറെ കൂടി വിശദമായി നോക്കാം. യൂറോപ്പിലെ ഏതാണ്ട് മുഴുവൻ രാജ്യങ്ങളിലെയും താപനില 40 ഡിഗ്രി സെൽഷസിനു മുകളിലാണ്. ഇപ്രാവശ്യം മഞ്ഞ് കാലത്ത് പോലും തണുപ്പ് ഉണ്ടായില്ല എന്നതും ഒരു പ്രത്യേകതയാണ്. തന്നെയുമല്ല ജനുവരി മാസം മുതൽ തന്നെ ഉഷ്ണതരംഗത്തിന്റെ പിടിയിലാവുകയും ചെയ്തു. ഇതോടെ ടൂറിസം കേന്ദ്രങ്ങളാകെ അടച്ചുപൂട്ടിക്കൊണ്ടിരിക്കുകയാണ്. തന്നെയുമല്ല വിനോദ സഞ്ചാരികൾക്ക് കാലാവസ്ഥാ മാറ്റങ്ങളെപ്പറ്റി മുന്നറിയിപ്പു നൽകി കഴിഞ്ഞു. വരാനിരിക്കുന്ന നാളുകളിൽ ചൂട് ഉയരാനാണ് സാധ്യതയെന്ന് കാലാവസ്ഥാ വിദഗ്ധ്ൻ ചൂണ്ടി കാണിക്കുന്നു. സെർബറസ് എന്ന ഉഷ്ണതരംഗമാണ് കഴിഞ്ഞ ആഴ്ച യൂറോപ്പിനെ പൊള്ളിച്ചിരുന്നതെങ്കിൽ ഈ ആഴ്ച അതിനെക്കാൾ ശക്തമായ കെയ്റോൺ തരംഗമാണ് എത്തിയിരിക്കുന്നത്. കഴിഞ്ഞ വർഷം ഉഷ്ണതരംഗത്താൽ യൂറോപ്പിൽ മരണമടഞ്ഞത്. 61,672 പേരാണ്. കൂടാതെ കാനറി ദ്വീപ് സമൂഹത്തിൽ ലാപാൽമെയിൽ എന്നിടത്ത് കാട്ടുതീ പടരുകയാണ്. ഇപ്പോൾ നാലായിരത്തിലധികം, ആളുകളെ മാറ്റി താമസിപ്പിച്ച് കഴിഞ്ഞു. ഇറ്റലി, ഫ്രാൻസ്, പോളണ്ട് എന്നീ രാജ്യങ്ങളിൽ ചൂട് അതിരുക്കുമായി

തുടരുകയാണ്. ഇറ്റലിയിൽ, നേരിട്ട് സൂര്യപ്രകാശം ഏൽക്കുന്നത് കർശനമായി ഒഴിവാക്കണമെന്ന് അധികാരികൾ മുന്നറിയിപ്പ് നൽകി കഴിഞ്ഞു. എല്ലാ ടൂർ ഏജൻസികളും ടൂർ പാക്കേജുകൾ പിൻവലിച്ചു കഴിഞ്ഞു.

ലോകത്ത് ഏറ്റവുമധികം ഹരിതഗൃഹവാതകങ്ങൾ പുറന്തള്ളുന്നതിൽ പ്രധാനികളായ അമേരിക്കയും, ചൈനയും ആഗോള താപനത്തെ നിയന്ത്രിക്കാനാവശ്യമായ മാർഗ്ഗങ്ങളെപ്പറ്റി ചർച്ച ചെയ്യാൻ സംയുക്തയോഗം ചേരുന്നു എന്നത് വളരെ ആശ്വാസപ്രദമാണ്. വൈകി വന്ന വിവേകമാണെങ്കിലും ഈ നടപടികളെ സ്വാഗതം ചെയ്യാതെ കഴിയില്ല. പാരീസ് ഉച്ചകോടികളുടെ തീരുമാനങ്ങളെയും അതിന് ശേഷം നടന്ന യു.എൻ. കാലാവസ്ഥാ ഉച്ചകോടികളുടെ തീരുമാനങ്ങളെയുമെല്ലാം വെറും പ്രഹസനമാക്കിയത് ഹരിത ഗൃഹവാതകങ്ങൾ ക്രമാതീതമായി പുറം തള്ളുന്ന വികസിത രാജ്യങ്ങളാണെന്ന് ഓർക്കേണ്ടതുണ്ട്. നിർണ്ണായകമായ 1.5 ഡിഗ്രി സെൽഷ്യസ് എന്ന അളവ് ഇങ്ങനെ പോയാൽ, അടുത്ത അഞ്ച് വർഷം കൊണ്ട് പിന്നിടുമെന്നതിൽ സംശയിക്കേണ്ടതില്ല. ആഗോള സമുദ്രനിരപ്പിലെ താപവർദ്ധനവ് മനസ്സാക്ഷിയുള്ളവരെ ഞെട്ടിപ്പിക്കുന്നതാണ്. അമേരിക്ക, യൂറോപ്പ് എന്നിവിടങ്ങളിലെ മിക്കരാജ്യങ്ങളും, ചൈനയും ആഗോള താപവർദ്ധന 2 ഡിഗ്രി സെൽഷ്യസിനു മുകളിലേക്ക് പോകാതെ തടയണമെന്നുള്ള കാലാവസ്ഥാ ഉച്ചകോടി തീരുമാനങ്ങൾ പ്രാവർത്തികമാക്കാനുള്ള പ്രവർത്തനങ്ങളിൽ നിന്നും പിന്മാറിയതും ഈ അവസരത്തിൽ ഓർക്കേണ്ടതുണ്ട്.

ആഗോളതാപനം മൂലം ധ്രുവപ്രദേശത്തിലെ മഞ്ഞ് അതിവേഗത്തിൽ ഉരുകുന്നത് സമുദ്രനിരപ്പ് കൂട്ടുന്നതിൽ സുപ്രധാന പങ്ക് വഹിക്കുന്നുണ്ട്. ഇങ്ങനെ പോയാൽ ആർട്ടിക്ക് ഉരുകി ഒലിച്ച് എട്ടു വർഷത്തിനുള്ളിൽ മഹാസമുദ്രമായേക്കും. മറ്റൊരു ഞെട്ടിപ്പിക്കുന്ന കണ്ടെത്തൽ അന്തരീക്ഷത്തിൽ കാർബൺ ഡൈഓക്സൈഡിനെക്കാൾ 86 മടങ്ങ് ശക്തിയുള്ള മീഥെൻ വാതകത്തിന്റെ വളരെ കൂടിയ അളവിലുള്ള സാന്നിദ്ധ്യമാണ്.

കാലാവസ്ഥാ ഉച്ചകോടി (കോപ്പ് - 28)

ഇതിനിടയിൽ കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ച് സമഗ്രചർച്ചയ്ക്ക് യു.എൻ. കാലാവസ്ഥ ഉച്ചകോടി (കോപ്പ്-28) 2023 നവംബർ 30ന് യു.എ.ഈ യിൽ നടക്കുകയാണ്. 12 ദിവസങ്ങൾ നീണ്ടുനിൽക്കുന്ന ഉച്ചകോടിയിൽ ലോകനേതാക്കൾ, പരിസ്ഥിതിക്ക് വേണ്ടി പോരാടുന്ന പ്രവർത്തകർ, കാലാവസ്ഥാ നിരീക്ഷകർ അടക്കം 70000 പ്രതിനിധികൾ പങ്കെടുക്കുമെന്ന് കരുതുന്നു. ദുബൈ എക്സ്പോ സിറ്റിയിലാണ് ഉച്ചകോടി നടക്കുക. 2015ൽ നടന്ന പാരീസ് ഉച്ചകോടി മുതൽ കഴിഞ്ഞ ഉച്ചകോടിയിൽ വരെ എടുത്ത തീരുമാനങ്ങളും അവ എത്രത്തോളം പ്രാർത്തികമാക്കി എന്നതും അവലോകനം ചെയ്യുമെന്ന് കരുതുന്നു.

*****

പൂർണ്ണേ ഗർഭേ സമസ്ര ത്രിഭുവനശുഭക-
ർമ്മങ്ങളേകത്രകൂടി-
പ്പൂർണ്ണാനന്ദം വിളങ്ങീടിന ഘനപടല-
ശ്യാമധാമാഭിരാമൻ
മംഗല്യേ സന്മുഹൂർത്തേ മഹിതഗുണമിയ-
ന്നഷ്ടമീ രോഹിണീഭ്യാം
സംഗേ ഭംഗ്യാ ജനിച്ചാ നഴകൊടു ജഗതീ-
മൂലകന്ദം മുകുന്ദൻ

– ശ്രീകൃഷ്ണചരിതം മണിപ്രവാളം 1. 72.

*ലോകങ്ങൾക്ക് ആദികാരണനായ മഹാവിഷ്ണു, ദേവകിയുടെ ഗർഭം പൂർണ്ണമായപ്പോൾ, മൂന്നു ലോകത്തിലെയും സകലശുഭകർമ്മങ്ങളുടേയും മൂർത്തീഭാവം പോലെ, മേഘപാളികളുടെ നീലശോഭയുള്ളവനായി, അഷ്ടമിയും രോഹിണിയും ചേരുന്ന സന്മുഹൂർത്തത്തിൽ ആ ദേവിയുടെ ഉദരത്തിൽ നിന്നു പിറന്നു.*

## ചൈത്രം നല്കിയ ആത്മവിശ്വാസം - ഒരു അനുഭവസ്ഥന്റെ കത്ത്

എറണാകുളം കരയോഗത്തിന്റെ വൈകാരിക പിന്തുണനാകേന്ദ്രമായ ചൈത്രം, പതിനാറു വർഷം ആയി ടി.ഡി.എം. ഹാളിൽ പ്രവർത്തിച്ചു വരുന്നു. ഏകാന്തത, മാനസിക പിരിമുറുക്കം, ആത്മഹത്യ ചിന്ത തുടങ്ങിയ പ്രശ്നങ്ങൾ ഉള്ളവർക്ക് സാന്ത്വനം നൽകുക എന്നതാണ് ചൈത്രത്തിന്റെ ലക്ഷ്യം.

ഇത്രയും വർഷത്തെ സേവനത്തിലൂടെ ആയിരകണക്കിന് വ്യക്തികൾക്ക് മാനസിക പിന്തുണ നൽകാൻ ചൈത്രത്തിനു കഴിഞ്ഞു. ഇതിൽ പലരും ഞങ്ങളെ വീണ്ടും വന്നു കാണുകയോ വിളിക്കുകയോ ചെയ്തിട്ടുണ്ട്; അവർക്കു ലഭിച്ച ആശ്വാസത്തിനും സാന്ത്വനത്തിനും നന്ദി അറിയിക്കാൻ. അങ്ങനെ ലഭിച്ച അനേകം കത്തുകളിൽ ഒരു നന്ദികുറിപ്പാണ് താഴെ ചേർത്തിരിക്കുന്നത്. ചൈത്രത്തിലെ ഓരോ സന്നദ്ധ പ്രവർത്തകർക്കും ഏറെ സന്തോഷം നൽകിയ ഒരു കത്താണ് ഇത്......

'ഞാൻ .......... (പേര് വെളിപ്പെടുത്തുന്നില്ല) എന്റെ പേരിന്റെ അർത്ഥം, ദു:ഖങ്ങളെ കീഴടക്കിയവൻ എന്നാണ്. ജീവിതത്തിൽ അങ്ങിനെയുള്ള നേട്ടങ്ങൾ നേടിയത് ബുദ്ധനെപ്പോലെയോ, ക്രിസ്തുവിനെപ്പോലെയോ, നബിയെപ്പോലെയോ ഉള്ളവർ മാത്രമല്ലേ?

എന്റെ കാര്യത്തിൽ ഞാൻ എന്റെ ഏകാന്തതയും, ഡിപ്രെഷനും ചാക്ക് കണക്ക് ചുമന്നു നടക്കുന്ന സമയത്താണ് ചൈത്രത്തിൽ എത്തിപ്പെടുന്നത്. അവിടെയുള്ളവരുടെ കരുതലും സംഭാഷണവും എനിക്ക് ചില്ലറ മനോധൈര്യമല്ല തന്നത്. പിന്നെ അത് ഒരു അഡിക്ഷൻ ആയി മാറി, ഞാൻ പോലും അറിയാതെ. അവിടെ ഉള്ള ചിലർ എന്റെ ജീവിതത്തിന്റെ ഭാഗമായി മാറി.

ഒരു അഡിക്ഷന്റെ കാലയളവ് പത്തു വർഷം നീണ്ടുനിൽക്കണമെങ്കിൽ അത് ചെറിയൊരു സംഗതിയല്ല.അതെ, ഞാൻ പത്തു വർഷത്തോളം ആയി ചൈത്രത്തിന്റെ സേവനങ്ങൾ ഉപയോഗിക്കാൻ തുടങ്ങിയിട്ട്. ഈ അഡിക്ഷൻ എനിക്ക് ജീവിതത്തെ നേരിടാനുള്ള ധൈര്യം പകർന്നു തന്നു. മനസ്സിനെ പിടിയിൽ നിർത്താനുള്ള ഊർജ്ജം തന്നു. ഇനി എന്ത് മഹാമാരി വന്നാലും തടുക്കാൻ ഉള്ള ആത്മവിശ്വാസം തന്നു. ജീവിതം എന്ന ലഹരി തന്നു.

നിങ്ങൾ ഇല്ലായിരുന്നെങ്കിൽ എന്റെ ജീവിതത്തിൽ നല്ലൊരു ഉയർച്ച സാധ്യമാകില്ലായിരുന്നു. ഇന്നോളവും ഇനിയും എന്റെ പ്രാർഥനകളിൽ നിങ്ങൾ ഓരോരുത്തരും ഉണ്ടാകും.
നിങ്ങൾ എനിക്ക് സമ്മാനിച്ചത് മനഃസമാധാനവും, ആത്മവിശ്വാസവും മാത്രമല്ല, ഈ ലോകത്ത് ഇങ്ങനെയും ചിലരുണ്ട് എന്ന് പ്രത്യാശയുമാണ്.

ഇനിയും തുടരുന്ന ഈ അഡിക്ഷൻ കാരണമാണ് എന്റെ പേരിനോട് എനിക്ക് നീതി പുലർത്താൻ സാധിക്കുന്നത്. അതിന് കാരണം നിങ്ങൾ ഓരോരുത്തരുമാണ്.

നിങ്ങളെ പോലുള്ളവർ ഈ ലോകത്തിന് നൽകുന്ന സംഭാവന ചെറുതല്ല. അത് കൈപ്പറ്റിയവർക്ക് നിങ്ങൾ സമ്മാനിച്ചത് നല്ലൊരു ജീവിതമാണ്. അതിന് ഒരു നന്ദി പറഞ്ഞാൽ തീരുമോ? പക്ഷെ മനസ്സിൽ നിന്ന് വരുന്ന നന്ദിക്ക് ആക്കം കൂടുമത്രേ.

എന്റെ പ്രിയപ്പെട്ട എല്ലാ ചൈത്രം ഭാരവാഹികൾക്കും, എന്റെ മനസ്സിൽ തൊട്ട നന്ദി.

(ചൈത്രം)

**ചൈത്രം**

- **മാനസിക സംഘർഷമനുഭവിക്കുന്നവർ**
- **ഏകാന്തതയനുഭവിക്കുന്നവർ**
- **ജീവിതം അവസാനിപ്പിക്കണമെന്ന് തോന്നുന്നവർ**
- **നിങ്ങളുടെ വിഷമംപങ്കുവയ്ക്കാൻ ഫോണിൽ ബന്ധപ്പെടുക:**

**0484 2361161**

**ചൈത്രത്തിലെ സേവനം തികച്ചും സൗജന്യവും സ്വകാര്യവുമാണ്**
**ഉച്ചയ്ക്ക് 2 മണി മുതൽ 5 മണി വരെ**

# പ്രകൃതിയും മനുഷ്യരും

വി.കെ വേണുഗോപാൽ – 9287349876

മനുഷ്യൻ പ്രകൃതിയുടെ ഒരംശവും സമുദായത്തിലെ ഒരംഗവുമാണ്. പ്രകൃതിയുടെയും സമുദായത്തിന്റെയും എഴുതപ്പെടാത്ത നിയമങ്ങളും രാഷ്ട്രത്തിന്റെ എഴുതപ്പെട്ട നിയമങ്ങളും അനുസരിച്ച് മാത്രമെ ഒരു മനുഷ്യന് ജീവിക്കാനാകൂ. രാഷ്ട്രത്തിന്റെയും സമുദായത്തിന്റെയും നിയമങ്ങൾ പ്രകൃതിക്കനുസരിച്ച് മൂല്യാധിഷ്ഠിതമാണെങ്കിൽ മാത്രമെ നിലനിൽക്കുകയും നടപ്പിലാവുകയും ചെയ്യുകയുള്ളൂ.

പ്രകൃതി തരുന്ന വെള്ളം കുടിച്ചും ഭക്ഷണം കഴിച്ചും ജീവിക്കുന്ന മനുഷ്യന് നന്മ ഉണ്ടാകണമെങ്കിൽ പ്രകൃതിയെ സ്നേഹിച്ച് പ്രകൃതിക്കനുസരിച്ച് ജീവിച്ചേ മതിയാകൂ. ഹിന്ദുക്കൾ പല ദൈവങ്ങളെ ആരാധിക്കുന്നു എന്ന് പറയാൻ കാരണം അവർ പ്രകൃതിയിലെ ഓരോ ശക്തിയെയും ദേവനായിട്ടും ദേവതയായിട്ടും ആരാധിച്ച് ജീവിക്കുന്നതുകൊണ്ടാണ്. ഹിന്ദുക്കളെ സംബന്ധിച്ചിടത്തോളം ഈ പ്രപഞ്ചത്തിന് മുഴുവൻ പ്രകാശവും ഊർജ്ജവും തരുന്ന സൂര്യൻ സുര്യഭഗവാനാണ്. നാം വസിക്കുന്ന ഭൂമി ഭൂമിദേവതയാണ്. ഹിന്ദുക്കൾക്ക് വായുഭഗവാൻ ഹനുമാനാണ്. ശാന്തിസാഗരത്തിന്റെ ദേവൻ പരമശിവനാണ്. മഹാലക്ഷ്മി സകല ഐശ്വരത്തിന്റെയും ധനത്തിന്റെയും ദേവതയയാണ്, സരസ്വതി അറിവിന്റെ ദേവതയാണ്, മഹാഗണപതി വിഘ്നങ്ങൾ മാറ്റിത്തരുന്ന വിഘ്നേശ്വരനാണ്. ഈ പ്രപഞ്ചത്തിലെ സകല സൃഷ്ടികളുടെയും ദേവൻ ബ്രഹ്മാവാണ്, സമുദ്രത്തിന്റെ ദേവൻ വരുണനാണ്, പ്രകൃതിയിലെ സംഹാരത്തിന്റെ ദേവത ഭദ്രകാളിയാണ്. ഭദ്രകാളിക്കു പ്രിയം രക്തമോ അതിന് തുല്യമായ ഗുരുതിയോ ആണ്. ഒരു ക്ഷേത്രത്തിൽ തന്നെ പല ദൈവങ്ങളെയും പ്രതിഷ്ഠിക്കുന്നത് എല്ലാ ദൈവങ്ങളുടെയും പ്രീതി കിട്ടാൻ വേണ്ടിയാകാനാണ് സാദ്ധ്യത. പ്രകൃതിയിലെ എല്ലാ ശക്തികളിലും ഉൾക്കൊണ്ടിട്ടുള്ളത് പരമാത്മാവ് ആണ്.

പഞ്ചഭൂതങ്ങൾ കൊണ്ട് നിർമ്മിക്കപ്പെട്ട ശരീരം ധരിച്ചിട്ടുള്ള ആത്മാക്കളായ മനുഷ്യർ പരമാത്മാവിൽ നിന്ന് വന്ന് പരമാത്മാവിലേക്ക് തിരിച്ചു പോകാനുള്ളവരാണ്. പരമാത്മാവിനും ആത്മാക്കൾക്കും ചില സാഹചര്യങ്ങളിൽ സങ്കൽപശക്തി ഉപയോഗിച്ച് ശരീരത്തെ ധരിക്കാനും ശരീരത്തെ ഉപേക്ഷിക്കാനും സാധിക്കുമെന്ന് കണ്ടെത്തിയിട്ടുണ്ട്. മനുഷ്യൻ നിർമ്മിക്കുന്ന സകല വസ്തുക്കളും ആദ്യം നിർമ്മിക്കുന്നത് സ്വന്തം സങ്കൽപ്പത്തിലാണ്. കാലത്തെയും ദേശത്തെയും അതിജീവിക്കുന്ന എണ്ണമറ്റ ഹിന്ദുപുരാണകഥകൾ വായിക്കുന്ന ആളിന്റെ യുക്തിക്കനുസരിച്ച് വ്യാഖ്യാനിക്കപ്പെടുക്കയാണ് ചെയ്യുന്നത്. വളരെ വലിയ ആശയങ്ങളും സന്ദേശങ്ങളും കഥകളിലൂടെ മനുഷ്യരെ അറിയിക്കുകയാണ് പുരാണങ്ങൾ ചെയ്യുന്നത്. അവയിലെ ആശയങ്ങളും സന്ദേശങ്ങളും നമ്മൾ സ്വയം കണ്ടെത്താൻ ശ്രമിക്കേണ്ടതുണ്ട്.

അതിരാവിലെ ബ്രാഹ്മമുഹൂർത്തത്തിൽ ഈശ്വരനെ ധ്യാനിക്കുന്ന സമയത്ത് പരമാത്മാവിൽ നിന്നുള്ള മെസ്സേജ് ആത്മാക്കളായ നമ്മളിലേക്ക് വരിക തന്നെ ചെയ്യും. പ്രകൃതിയിൽ നിന്നും മറ്റുള്ളവരിൽ നിന്നും കിട്ടുന്ന ഈശ്വരീയ അനുഗ്രഹങ്ങളാണ് നമ്മെ നില

(ശേഷം പേജ് 42)

# കർമ്മവും ജ്യോതിശ്ശാസ്ത്രവും

ഡോ. കെ. ഹരിഹരൻ - 9847313322

**പ്രായശ്ചിത്തവിധികൾ**

**പാ**പപ്രതിവിധികളെപ്പറ്റി സാമാന്യമായ അഭിപ്രായം രണ്ടുതരത്തിലുണ്ട്. ജ്യോതിഷികന്മാരും വൈദികന്മാരും ശ്ലോകം ചൊല്ലി വിധിക്കുന്ന ദാനങ്ങളും പൂജകളും മാത്രം ചെയ്താൽ പാപമോചനം സാധിച്ചു കഴിഞ്ഞു എന്ന് വിശ്വസിക്കുന്നവരാണ് ചിലർ. ഈ വക പ്രതിവിധികൾ വൈദികന്മാർ മൂഢവിശ്വാസമുള്ള ജനങ്ങളെ ചൂഷണം ചെയ്യുന്നതിന് എഴുതി ഉണ്ടാക്കിയിട്ടുള്ള കള്ള പ്രമാണങ്ങളാണെന്നും, അതുകൊണ്ട് ജാതകഫലം വ്യത്യാസപ്പെടുത്തുവാനുള്ള ഈ ശ്രമം വെറുതെയാണെന്നും വിശ്വസിക്കുന്നവരാണ് മറ്റൊരു കൂട്ടർ. ദുഷ്കർമ്മത്തിനുള്ള പ്രതിവിധികളെപ്പറ്റി ഇമ്മാതിരി അവജ്ഞ ഉണ്ടായിത്തീരുവാൻ കാരണവുമുണ്ട്. പ്രായശ്ചിതവിധികളിൽ സ്വാർത്ഥലാഭമുദ്ദേശിച്ചുള്ള കുതന്ത്രങ്ങൾ ധാരാളമുണ്ടെന്നും പ്രത്യക്ഷമായി കാണാം. അതുകൊണ്ട് അവയുടെ അടിസ്ഥാനമായ തത്ത്വങ്ങളും അവയുടെ യുക്തിഭാഗവും തീരെ വിസ്മരിക്കപ്പെട്ടുപോകുന്നു. എന്നാൽ ദുഷ്കർമ്മഫലങ്ങളുടെ അധീതനതയിൽ നിന്ന് വിമോചനത്തിന് യുക്തിയുക്തമായ മാർഗ്ഗങ്ങൾ നാം ഉപേക്ഷിക്കാൻ പാടുള്ളതല്ല. ഓരോ ദുഷ്കർമ്മത്തിനും പരിഹാരമായ പ്രത്യേക ദേവഭജനം, വ്രതാനുഷ്ടാനം, മന്ത്രോപാസന, ലോകസേവനം, സുഖത്യാഗം മുതലായവയാണ് പ്രധാനമായി ഉത്തമ ശാസ്ത്രഗ്രന്ഥങ്ങളിൽ പറഞ്ഞിട്ടുള്ളത്. ആ കൂട്ടത്തിൽ ചിലതിനുപകാരമായി സ്വർണ്ണ പ്രതിമാദാനം, ബ്രാഹ്മണഭോജനം മുതലായതും പറഞ്ഞ് കാണുന്നു. എന്നാൽ ഇന്നത്തെ ജ്യോതിഷികൾ പ്രതിവിധികൾ നിശ്ചയിക്കുമ്പോൾ പൂജ, ദാനം, ഊട്ട് മുതലായവയ്ക്കാണ് പ്രധാനസ്ഥാനം കൽപ്പിച്ച് കാണുന്നത്. തപശ്ശക്തിയുള്ള കർമ്മികൾ ഉണ്ടായിരുന്ന കാലത്ത് ഇതിന് ഒരു ശരിയായ സ്ഥാനം ഉണ്ടായിരുന്നിരിക്കാം. എന്നാൽ ഇന്നത്തെ സ്ഥിതിയ്ക്ക് അവരവർ തന്നെ ചെയ്യേണ്ടതായി വിധിച്ചിട്ടുള്ള സൂചനകളെ അതനുസരിച്ച് പ്രവർത്തിക്കുന്നതാണ് ബുദ്ധിപൂർവ്വമായിരിക്കുക. ഈ തരത്തിലുള്ള പ്രതിവിധികളിൽ അന്തർഭവിച്ചിരിക്കുന്ന തത്ത്വം എന്താണെന്നാലോചിക്കേണ്ടതുണ്ട്. ശരീരത്തിലുള്ള പോരായ്മകൾ തീർക്കാൻ, പോരാത്ത ധാതുക്കൾ ചേർന്നിട്ടുള്ള ഔഷധങ്ങൾ വിധിക്കപ്പെടുന്നതുപോലെ, നമ്മുടെ മാനസികവും ആത്മീയവുമായ ദൗർബല്യം തീർക്കാൻ എന്തുപ്രയത്നമാണ് ചെയ്യേണ്ടത് എന്നാണ് ഈ വിധികളിലെ യുക്തിഭാഗം. ചന്ദ്രന്റെ നിചസ്ഥിതികൊണ്ട് ദേഹബലം കുറവാണെന്ന് കാണുമ്പോൾ ആരോഗ്യത്തിന് ഔഷധം കഴിയ്ക്കണമെന്ന് പറയുന്ന കൂട്ടത്തിൽ പ്രാണശക്തിയുടെ ഉത്ഭവസ്ഥാനമായ സൂര്യനെ ഭജിക്കണമെന്നും കൂടി പറയുന്നതിൽ യുക്തിയുണ്ട്. 'കൽസാന' കഴിച്ച് കാൽസ്യകുറവ് തീർക്കണമെന്നും പറയുന്നതിന്റെ അർത്ഥം കൽസാനയുടെ അനുഗ്രഹം കൊണ്ട് ദേഹം നന്നാകുമെന്നല്ല. അതുപോലെ ക്ഷയരോഗികൾ മദനപ്പള്ളിയിൽ താമസിക്കണമെന്ന് പറയുന്നത് ആ പ്രദേശം ഒരു പുണ്യസ്ഥലമായതുകൊണ്ടല്ല. അതുപോലെ സൂര്യഭജനം ചെയ്ത് സൂര്യദേവന്റെ അനുഗ്രഹം സമ്പാദിക്കുന്നു എന്നുപറയുന്നത് മാനസികമായി സൂര്യനെ സമീപിച്ചിട്ട് ചില ആന്തരിക ശക്തികളെ (വിദ്യുച്ഛക്തി, റേഡിയേഷൻ) നാം

ഗ്രസിക്കുന്നു എന്നാണ്. സൂര്യൻ മുതലായ ഗ്രഹങ്ങളിൽ നിന്ന് വിവിധ ശക്തികൾ ഗ്രസിക്കാവുന്നതുപോലെ, ഈശ്വരന്റെ ഓരോ പ്രത്യേക ഭാവങ്ങളായ ദേവന്മാരെ (ദേവി, കൃഷ്ണൻ, ഗണപതി, ശാസ്താവ്) ഭജിക്കുന്നതുകൊണ്ടും, മേൽ പറഞ്ഞ യുക്തി അനുസരിച്ചും, ഈ വക ദോഷങ്ങൾ തീർക്കാവുന്നതാണെന്നും പ്രതിവിധികൾ കാണാം.

പ്രാരബ്ധത്തിലെ ദോഷഭാഗങ്ങൾ ഇന്നതാണെന്ന് ജാതകം പറയുന്നു. കർമ്മദോഷങ്ങളെ പ്രധാനമായിട്ടും രണ്ടായി തരംതിരിക്കാം. ആദ്യത്തേത് നമ്മുടെ ആത്മവികാസത്തിനും സുഖത്തിനും വിഘ്നങ്ങളായി വന്നിട്ടുള്ള മാനസികവും കായികവുമായ ദൗർബ്ബല്യങ്ങളാണ്. നമ്മൾ പൂർവ്വജന്മങ്ങളിൽ അന്യർക്കുണ്ടാക്കയിട്ടുള്ള ഉപദ്രവങ്ങളുടെഫലമായി അവർ കടക്കാരെപ്പോലെ നമ്മുടെ ഉൽഗതിക്ക് പ്രതിബന്ധങ്ങളായി വന്നിട്ടുള്ളതാണ് രണ്ടാമത്തേത്. ഈ രണ്ടിനും ഉള്ളതായ പരിഹാരമാർഗ്ഗങ്ങളാണ് പ്രായശ്ചിത വിധിയിലെ ആന്തര നിബന്ധനകൾ. ജാതകവശാൽ അധികം സന്താനങ്ങൾക്ക് യോഗമുണ്ടെന്ന് കാണുന്ന് എന്ന് വിചാരിക്കുക. ദമ്പതികൾ ഇന്ദ്രിയസുഖാസക്തിക്കു വശംവദരായി ജീവിക്കുന്ന പക്ഷം ആ യോഗം തികച്ചും ഫലിക്കുന്നതാണ്. അതുകൊണ്ട് സാമ്പത്തികമായും കായികമായ പല ക്ലേശങ്ങളും അനുഭവിക്കേണ്ടി വരികയും ചെയ്യും. എന്നാൽ അത് മുൻകൂട്ടി അറിഞ്ഞിട്ട് ബ്രഹ്മചര്യം കൊണ്ട് ആത്മനിയന്ത്രണം സാധിക്കുന്ന പക്ഷം, കുടുംബക്ലേശം കുറയുന്നതിനോടൊപ്പം കാമചാപല്യത്തെ എതിർക്കുന്നതിൽ നിന്നും ആത്മശക്തി വർദ്ധിക്കുകകൂടി ചെയ്യും. ഇതുപോലെ ക്രോധശിലം ജാതകത്തിൽ ബലവത്തായി കാണുന്നുണ്ടെങ്കിൽ അതിന്റെ ഫലമായി പല ആപത്തുകളും നമുക്കു വരാനിടയുണ്ടെന്ന് മനസ്സിലാക്കാം. അതിനെ കരുതി, ക്ഷമാവ്രതം എടുക്കുന്ന പക്ഷം മുൻ പറഞ്ഞമാതിരി ക്രോധം കൊണ്ടുണ്ടാകുന്ന നാശങ്ങളിൽ നിന്നും രക്ഷ നേടാം. അതിന് പുറമെ അതിന്റെ വിപരീതമായ സത്വബലം സമ്പാദിക്കുവാനും കഴിയും. മേൽപ്പറഞ്ഞ ഉദാഹരണങ്ങളിൽ പാപവിമോചന വിഷയത്തിൽ ആത്മപരിശുദ്ധിയുടെ ഭാഗമാണ് പ്രധാനമാക്കിയിരിക്കുന്നത്. എന്നാൽ മറ്റുള്ളവരുമായിട്ടുള്ള കർമ്മകടം ഇതുകൊണ്ടെങ്ങിനെ വീടും എന്നൊരു ചോദ്യം ഉണ്ടാകാം. അതിന് ശരിയായ സമാധനമുണ്ട്. സന്തതിയുടെ കാര്യം എടുക്കുക. ആത്മസംസ്കാരത്തെ മാത്രം മുൻനിറുത്തി ഇന്ദ്രീയ നിഗ്രഹം ചെയ്യുമ്പോൾ സന്താനങ്ങളുമായി വരേണ്ടവരോടുള്ളള കടം വേറെ വിധത്തിൽ തീർക്കാവുന്നതാണ്. സ്വന്തം മക്കളില്ലാത്തവർ അന്യന്മാരുടെ കുട്ടികളെ സ്വപുത്രരെപ്പോലെ സ്നേഹിച്ച് വളർത്താറുണ്ട്. ഒരു അനാഥ മന്ദിരത്തിന്റെ രക്ഷാകർത്താവായി ഒരാൾക്ക് അനവധി കുട്ടികളോടുള്ള കർമ്മബന്ധം തീർത്തുകളയുവാൻ സാധിക്കും. ആശ്രമാധിപതിയായ ഒരു സന്യാസിയുടെ നില ഇതുതന്നെയാണ്. ഇങ്ങനെ കർമ്മകടങ്ങൾ നേരിട്ടുള്ള ബന്ധംകൊണ്ടു തന്നെ തീർക്കണമെന്നില്ല. സമുചിതങ്ങളായ സൽക്കർമ്മങ്ങൾ ഈശ്വരാർപ്പണമായി ചെയ്യുന്നതുകൊണ്ട് ഏതുതരത്തിലുള്ള ദുഷ്കർമ്മത്തിനും പരിഹാരമുണ്ടാക്കാവുന്നതാണ്.

**പശ്ചാത്താപം**

കർമ്മവിമോചന വിഷയത്തിൽ പശ്ചാത്താപത്തിന് ഒരു പ്രധാനസ്ഥാനമുണ്ടെന്ന് മനസ്സിലാക്കണം. ക്രിസ്തുമതത്തിലെ – Confession – കുമ്പസാരം – പാപം സമ്മതിക്കലും, പ്രായശ്ചിത്ത പ്രതിവിധികളിലെ 'വിളിച്ചു ചൊല്ലി പ്രായശ്ചിത്ത'വും ഇതിൽ ഉൾപ്പെടുന്നതാണ്. അവരവർ ചെയ്തിട്ടുള്ള ദുഷ്ക്കർമ്മങ്ങളെ മഹാജനപക്ഷം നിർലജ്ജംവിളിച്ചു

പറയുന്നത് ഒരു പാപവിമോചന മാർഗ്ഗമായി മനു വിധിച്ചിട്ടുണ്ട്. അതിൻ പ്രകാരമാണ്, പാപം ചെയ്തവൻ, താൻ ചെയ്ത പാപത്തെ സമസ്ത ജനങ്ങളും അറിയത്തക്കവണ്ണം വിളിച്ചുപറയുന്നതുകൊണ്ടും, പശ്ചാത്താപം കൊണ്ടും, തപസ്സ് കൊണ്ടും, അദ്ധ്യായനം കൊണ്ടും, ദാനം കൊണ്ടും അതിൽ നിന്ന് മോചിക്കപ്പെടുന്നു. മൂന്ന് വിധത്തിലാണ് ഇത് ഫലിക്കുന്നത്. മനസ്സിൽ തട്ടിയുള്ള താപം കൊണ്ടും, ആത്മ ശുദ്ധീകരണവും ആത്മ വികാസവും കൊണ്ടും ഇത് സാധിക്കാം.

'പ്രായോ നാമതപഃ പ്രോക്തം ചിത്തം നിശ്ചയ ഉച്യതേ

തപോനിശ്ചയ സംയോഗാൽ പ്രായശ്ചിത്തമിതീര്യതെ! - എന്ന ഹേമാദ്രിയുടെ നിർവ്വചനം ഇവിടെ പ്രസ്താവ്യമാണ്.

"വെള്ളത്തിൽ കഴുകിയാൽ തുണി വൃത്തിയാവുന്നു. അതുപോലെ പശ്ചാത്താപത്താൽ തപിക്കുന്ന മനുഷ്യൻ വിഹിതമായ തപോവൃത്തികൾ കൊണ്ട് നിർമ്മലനാകുന്നു. "

മറ്റൊന്ന്, നാം ഒരാൾക്ക് ഒരു ദോഷം ചെയ്താൽ, അയാളോട് തെറ്റു ഏറ്റുപറയുന്നതുകൊണ്ട് അയാൾക്ക് നമ്മളോടുള്ള വിദ്വേഷത്തിന്റെ ശക്തി കുറയും. എന്നാൽ നേരിട്ട് പറഞ്ഞ് തീർക്കാൻ സാധിക്കാത്ത സന്ദർഭങ്ങളിൽ ആ ആളെ സങ്കൽപ്പിച്ച് മനസ്സു കൊണ്ട് തെറ്റു ഏറ്റുപറയുന്നതായാലും ഈ ഫലം കിട്ടുന്നതാണ്. പൂർവ്വജന്മങ്ങളിലെ കർമ്മങ്ങളെ സംബന്ധിച്ചും പശ്ചാത്താപത്തിന് ഈ തരത്തിൽ ഒരു സാദ്ധ്യതയുണ്ട്. മൂന്നാമത്, മനുഷ്യർക്ക് സംസ്കാരം കൂടുംതോറും സുഖദുഃഖങ്ങൾ ശരീരത്തിനെ ബാധിക്കുന്നതിൽ കൂടുതലായി മനസ്സിനെയാണ് ബാധിക്കുന്നത്. ഒരു നല്ല സദ്യ ഉപേക്ഷിച്ചൊരാൾ ഒരു പാട്ട് കച്ചേരിക്ക് പോയെന്നുവരും. അപമാനം സഹിക്കുന്നതിനേക്കാൾ നല്ലത് അടി കൊള്ളുന്നതാണെന്ന് പറഞ്ഞ് കേട്ടിട്ടുണ്ട്. ഈ തത്ത്വം അനുസരിച്ച് മനഃസംസ്കാരം സിദ്ധിച്ചിട്ടുള്ള ഒരുവന് പൂർവ്വജന്മങ്ങളിൽ ചെയ്തിട്ടുള്ള കായീകമായ ദുഷ്ക്കർമ്മങ്ങളിൽ നിന്നും മോചനം കിട്ടുവാൻ ഈ ജന്മത്തിൽ കുറച്ചുകാലത്തെ ഉൽക്കടമായ മനോവ്യാകുലത മതിയാകുന്നതാണ്.

ഒരു കാരണം കൊണ്ടു ചെയ്യുന്ന കർമ്മങ്ങളുടെ ഫലം പിന്നീടുള്ള ജന്മങ്ങളിൽ അതേ കാരണം വഴിയ്ക്കുതന്നെ അനുഭവിക്കണമെന്നൊരു നിയമം ഉണ്ട് . ദേഹം കൊണ്ട് ചെയ്തത് ദേഹം കൊണ്ടും, മനസ്സ് കൊണ്ട് ചെയ്തത് മനസ്സ് കൊണ്ടും അനുഭവിക്കണമെന്ന് സാരം. കർമ്മബന്ധത്തിൽ നിന്നും വിമോചനം സിദ്ധിക്കണമെന്നുള്ള ഉൽക്കണ്ഠയോടു കൂടി ആത്മോദ്ധാരണത്തിന് പ്രയത്നിച്ചു തുടങ്ങിയിട്ടുള്ള ഒരാളുടെ കാര്യത്തിൽ ഈ നിയമം വ്യത്യാസപ്പെട്ടിരിക്കും.

"ജ്ഞാനാഗ്നി: സർവ്വകർമ്മാണി ഭസ്മസാൽ കരുതെ"

സർവ്വധർമ്മാൽ പരിത്യജ്യമാമേക ശരണം വ്രജ

അഹം ത്വാ സർവ്വപാപേഭ്രോ മോക്ഷയിഷ്യാമിമാശുച"

'ജ്ഞാനാഗ്നി സർവ്വകർമ്മങ്ങളേയും ഭസ്മമാക്കുന്നു. എല്ലാ ധർമ്മങ്ങളേയും ഉപേക്ഷിച്ച് എന്നെത്തന്നെ ശരണം പ്രാപിക്കുക ഞാൻ നിന്നെ സർവ്വ പാപങ്ങളിൽ നിന്നും വിമുക്തനാക്കും, വ്യസനിക്കേണ്ട' എന്ന് തുടങ്ങിയ ഭഗവത് വാക്യങ്ങൾക്ക് പ്രാധാന്യം കൽപ്പിക്കേണ്ടതാണ്. പ്രായശ്ചിത്ത വിധികളെപ്പറ്റി ജ്യോതിശാസ്ത്ര വിധികൾക്കനുസൃതമായി പറഞ്ഞിട്ടുള്ളതിനെ നാം മേൽ പ്രസ്താവിച്ചിട്ടുള്ള തരത്തിൽ ബുദ്ധിപൂർവ്വമായി മനസ്സിലാക്കേണ്ടതാണ്.

മനുഷ്യജന്മോദ്ദേശം പരമപുരുഷാർത്ഥമായ മോക്ഷമാണ് എന്ന് പറയാം. എന്നാൽ മോക്ഷം എന്നത് പലരും തെറ്റിദ്ധരിക്കുന്നതുപോലെ ബോധരഹിതവും കർമ്മവിഹീ

നവുമായ ഒരു ലയാവസ്ഥയല്ല. മുക്തൻ സർവ്വജ്ഞനും കർമ്മനിരതനുമാണ്.അതുകൊണ്ട് മുമുക്ഷു ലോകത്തിലെ ഓരോ അനുഭവങ്ങളിൽ നിന്നും അൽപാൽപ്പമായി ജ്ഞാനം സമ്പാദിക്കുന്നു. സർവ്വജ്ഞനായ ഈശ്വരനാൽ നടത്തപ്പെടുന്ന ഈ ലോകത്തിലെ ഏതൊരു ചെറിയ ചലനത്തിനും ഒരു ഉദ്ദേശവവും അർത്ഥവുമുണ്ട്. ബുദ്ധിയുള്ള മനുഷ്യൻ തന്റെ അനുഭവങ്ങളെ ഈ സാമാന്യതത്ത്വത്തെ ഉള്ളിൽവെച്ചുകൊണ്ട് സ്വീകരിക്കുകയും തന്റെ ജീവിതോദ്ദേശം സാധിക്കുവാൻ വിനിയോഗിക്കുകയും ചെയ്യണം. ഈ ലക്ഷ്യത്തെ മുൻനിർത്തിക്കൊണ്ട് കർമ്മാനുഭവങ്ങളുടെ അർത്ഥം ഒന്ന് ചിന്തിക്കാം. അന്നമോഷണത്തിന്റെ ഫലം ദാരിദ്രമാണെന്ന് പറയപ്പെടുന്നു, അതങ്ങിനെ വരുന്നതിന്റെ ആവശ്യം എന്ത്? അന്നമോഷണം മറ്റുള്ളവർക്ക് പട്ടിണിക്കുകാരണമായി തീരുന്നു. വിശക്കുന്നവന്റെ കഷ്ടപ്പാട് നമുക്ക് അനുഭവമാകണമെങ്കിൽ നാം വിശപ്പനുഭവിക്കണം. അപ്പോൾ അതിൽ നിന്നൊരു പാഠം കിട്ടും. അതവന്റെ അന്തരാത്മാവിൽ ഒരു മായാത്ത മുദ്ര കുത്തും. ഭാവി ജന്മങ്ങളിൽ അത് ഒരു സ്വഭാവമായി പരിണമിക്കും. അപ്പോൾ വിശപ്പുള്ള ആരെക്കണ്ടാലും അവന് താനെ മനസ്സലിവുതോന്നും. ആ മനസ്സലിവ് കഴിഞ്ഞ ജന്മത്തിൽ താൻ വിശപ്പനുഭവിച്ചിട്ടുള്ളതിന്റെ ഫലമാണ്. ഇങ്ങനെ ഓരോ അനുഭവത്തിൽ നിന്നും എനിക്കെന്താണ് പഠിക്കാനുള്ളത് എന്നാണ് മനുഷ്യൻ തന്നോടുതന്നെ ചോദിക്കേണ്ടത്. നല്ലത് ചെയ്യാനുള്ള അവസരങ്ങളെ വ്യഥാ കളഞ്ഞതിന്റെ ഫലമാണ്, ഉള്ള സാമർത്ഥ്യത്തെ പ്രയോഗിക്കാൻ അവസരം കിട്ടാതിരിക്കൽ. പഠിക്കുമ്പോൾ പഠിക്കാത്തവൻ ഭാവി ജന്മങ്ങളിൽ, പഠിക്കാനാഗ്രഹവും സാമർത്ഥ്യവും ഉണ്ടായിട്ടും, അതിന് സൗകര്യം കിട്ടാതെ കുഴങ്ങും. സ്വപുത്രനെ വേണ്ടതുപോലെ പരിപാലിക്കാത്തവൻ പുത്രദുഃഖം അനുഭവിക്കേണ്ടി വരും. നമുക്ക് വരുന്ന ഓരോ ദുഃഖവും നമ്മുടെ ഉൽകർഷത്തിന് അത്യാവശമായ ഓരോ പാഠമാണ്. ഇങ്ങനെ ഓരോ ദുഃഖാനുഭവവും തന്റെ കർമ്മത്തിന്റെ ഫലമാണ് എന്ന് മനസ്സിലാക്കി, മേലിൽ അത് വരാതിരിക്കാൻ പ്രയത്നം ചെയ്യുന്നവനാണ് ബുദ്ധിമാൻ. അല്ലാതെ തന്റെ ദുരിതാനുഭവത്തിന് ഈശ്വരനേയും, ആ കർമ്മാനുഭവത്തിൽ ഒരു നിമിത്തം മാത്രമായി വരുന്ന ജനങ്ങളേയും കുറ്റം പറയുന്നവൻ, ആ കുറ്റം പറയൽകൊണ്ടു തന്നെ പുതുതായ ദുഷ്ക്കർമ്മം ചെയ്ത് കൂട്ടുന്നു.

*****

---

*(പേജ് 38 തുടർച്ച)*

നിർത്തുന്നതും ഉയരങ്ങളിലെത്തിക്കുന്നതും. എന്ത് ആവർത്തിച്ചു പറയുന്നുവോ അതാണ് മന്ത്രം. നാം നമുക്ക് വേണ്ടത് ആവർത്തിച്ചു പറയുമ്പോൾ അത് നമ്മളിലെ ഉപബോധമനസ്സ് (ആത്മാവ്) കേൾക്കുകയും നമ്മുടെ ഉപബോധമനസ്സ് അത് ഓട്ടോമാറ്റിക്കായി നടപ്പിലാക്കി തരികയും ചെയ്യും. അതാണ് മന്ത്രത്തിന്റെ ശക്തി. നാം ആവർത്തിച്ചു പറയുന്നത് അതേപടി നടപ്പിലാക്കുന്ന രീതിയാണ് നമ്മുടെ ഉപബോധമനസ്സിനുള്ളത്.

നാം ചീത്തക്കാര്യം പറഞ്ഞാൽ അത് നമുക്ക് ദോഷമായി തീരുകയും ചെയ്യും. ആരോഗ്യം, സന്തോഷം, ധനം അങ്ങനെ എന്തുവേണമെങ്കിലും നമുക്ക് നേടിയെടുക്കാം. നമ്മുടെ സകല പ്രവൃത്തികളുടെയും ലക്ഷ്യം സന്തോഷമായിരിക്കണം. നമ്മുടെ ജീവിതത്തിന്റെ ലക്ഷ്യവും സന്തോഷമായിരിക്കണം. നമുക്ക് സന്തോഷിക്കാൻ വേണ്ടതെല്ലാം ഈ പ്രപഞ്ചത്തിലുണ്ട്. അവയെ സ്വീകരിക്കുന്ന ശീലം നമുക്ക് വേണമെന്ന് മാത്രം.

*****

# ചതികൾ – വിരലറ്റത്ത്

യു.എസ്. രവീന്ദ്രൻ - 9496120978

(തുടർച്ച)

**ക്രി**പ്റ്റോ കറൻസി, ഗിഫ്റ്റ് കാർഡ്, മണി ഓർഡർ തുടങ്ങിയ വാഗ്ദാനങ്ങൾ ഈ ചതിയന്മാരുടെ ഇടയിൽ നിന്നും സാധാരണയായി ലഭിക്കാറുണ്ടത്രെ. ഇവരെ കണ്ടുപിടിച്ച് ശിക്ഷിക്കാൻ വളരെ പ്രയാസമാണ്.

വ്യക്തിഗത വിവരങ്ങൾ ചോദിച്ചു കൊണ്ടുള്ള ഇമെയിലിൽ ഉള്ള അറ്റാച്ച്മെന്റ്കളും ലിങ്കുകളും ഒരിക്കലും ക്ലിക്ക് ചെയ്യരുത്. എന്തെങ്കിലും സംശയമുണ്ടെങ്കിൽ സ്ഥാപനവുമായി നേരിട്ട് ബന്ധപ്പെടുക മാത്രം ചെയ്യുക. ഇമെയിലിൽ വരുന്ന ഫോൺ നമ്പറുകളുമായി ബന്ധപ്പെടാതിരിക്കുക.

ടാക്സ് ഡിപ്പാർട്ട്മെന്റിൽ നിന്നാണ് ഇന്റർനെറ്റ് സർവ്വീസ് പ്രോവൈഡറിൽ നിന്നാണ് എന്ന് അറിയിച്ചുകൊണ്ട് ചിലർ ഫോൺ ചെയ്തേക്കാം. ഇതൊന്നും കണ്ണും പൂട്ടി വിശ്വസിച്ചേക്കരുത്. വോയിസ് മെസ്സേജിലൂടെ ഫിഷിംഗ് നടത്തു ന്നതിനെ വിഷിംഗ് എന്നു പറയുന്നു. തികച്ചും വിശ്വസനീയം എന്നു തോന്നാം. ചിലപ്പോൾ ഭീഷണി സ്വരത്തിലും ആയേക്കാം.

വളരെ പ്രചാരമുള്ള ഒരു തട്ടിപ്പാണ് താഴെ ചേർത്തിരിക്കുന്നത്. 'ഞങ്ങൾ മൈക്രോസോഫ്റ്റിൽ നിന്നാണ്, നിങ്ങളുടെ കമ്പ്യൂട്ടർ സിസ്റ്റത്തിൽ വൈറസ് പ്രശ്നങ്ങൾ ഉണ്ടെന്ന്. നിങ്ങളുടെ ഇൻർനെറ്റ് സർവ്വീസ് സ്ഥാപനം ഞങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിങ്ങളെ സഹായിക്കാനാണ് ഇപ്പോൾ വിളിക്കുന്നത്.' വൈറസിനെ ഡിലീറ്റ് ചെയ്യുവാൻ നിങ്ങളുടെ സിസ്റ്റത്തിലേക്ക് കയറാനുള്ള അനുമതി ചോദിക്കും. അനുമതി നൽകുകയാണെങ്കിൽ നിങ്ങളുടെ കമ്പ്യൂട്ടറിൻെറ ചാര സോഫ്റ്റ്വെയർ സ്ഥാപിച്ച് എല്ലാ വിവരങ്ങളും ബാങ്ക് ഡിപ്പോസിറ്റും ചോർത്തിയെടുത്തേക്കാം.

എന്റെ സുഹൃത്തിന് കിട്ടിയ വേറൊരു തട്ടിപ്പ് ഇങ്ങനെയാണ്. ഇമെയിലിൽ, സുഹൃത്തെ നിങ്ങളുടെ പാസ്‌വേർഡ് എന്റെ കൈവശമുണ്ട്. അത് ഇതല്ലേ പാസ്‌വേർഡ് കാണിക്കുന്നു. അടുത്ത 24 മണിക്കൂറിനുള്ളിൽ 2900 ഡോളർ ബിറ്റ്കോയിൻ അയച്ചില്ലെങ്കിൽ നിങ്ങളുടെ ബാങ്ക് അക്കൗണ്ട് ആക്രമിക്കപ്പെടും. ഏതായാലും ഒന്നും നടന്നില്ല. ഭീഷണി വെറും വാക്കായിരുന്നു.

ചില പ്രത്യേക ദിവസങ്ങളിലേയ്ക്കും അവസരങ്ങളിലേയ്ക്കും ഉപയോഗിക്കാൻ റെഡിമേയ്ഡ് തട്ടിപ്പുകളും ഉണ്ട്.

വാലന്റൈൻസ്ഡേയ്ക്ക് വേണ്ടി - സുഹൃത്തെ ഒരു ഡേറ്റിങ്ങിന് ക്ഷണിക്കുന്നു. ഇവിടെ ക്ലിക്ക് ചെയ്യുക.

ഇൻകം ടാക്സ് റീഫണ്ടിനുവേണ്ടി - നിങ്ങൾക്ക് 10000 രൂപ ഇൻകം ടാക്സ് റീഫണ്ട് ഉണ്ട്. അത് ലഭിക്കാൻ ഇവിടെ ക്ലിക്ക് ചെയ്യുക.

കോവിഡ് കാലത്ത് - നിങ്ങൾക്ക് ഫ്രീയായി കോവിഡ് ടെസ്റ്റ് കിറ്റുകൾ നൽകുന്നു. ഇവിടെ ക്ലിക്ക് ചെയ്യുക. "തിരഞ്ഞെടുക്കപ്പെട്ട ദമ്പതിമാർക്ക് യൂറോപ്പിലേയ്ക്ക് എയർടിക്കറ്റ് നൽകുന്നു. ഇവിടെ ക്ലിക്ക് ചെയ്യുക.

ഉക്രൈനിലെ ദുരിതമനുഭവിക്കുന്നവർക്ക് സംഭാവന നൽകുക - ഇവിടെ ക്ലിക്ക് ചെയ്യുക. ഇതിലെല്ലാം പെടുന്നവർ സൈബർ കുറ്റവാളികളുടെ കീശ വീർപ്പിക്കുന്നു.

പ്രായമായവരുടെ പേരക്കുട്ടികളോടുള്ള സ്നേഹം മുതലെടുത്തുകൊണ്ട് ചിലർ തട്ടിപ്പ് നടത്താറുണ്ട്. ആദ്യം എല്ലാ വിവരങ്ങളും ചോർത്തിയെടുത്തശേഷം മെസ്സേജ്

അയക്കും. "മുത്തച്ഛാ ലാപ്ടോപ്പ് കേടുവന്നു. അച്ഛൻ അറിയണ്ട, വഴക്കുപറയും. പുതിയ തൊരെണ്ണം വാങ്ങാൻ 45000 രൂപ വേണം.' പാവം മുത്തച്ഛൻ ഉടനെ രൂപ അയയ്ക്കും. കൊച്ചുമോനോ വീട്ടുകാരോ അറിയാതെ മുത്തച്ഛന്റെ 45000 രൂപ എത്തുന്നത് സൈബർ കുറ്റവാളികളുടെ കയ്യിൽ ആയിരിക്കും.

ചിലപ്പോൾ സുന്ദരികളായ സ്ത്രീകൾ ആരുടെയെങ്കിലുമൊക്കെ ഫോട്ടോ ഫെയ്സ്ബുക്ക് അക്കൗണ്ടിൽ കാണിച്ച് പ്രേമവും വിശ്വാസവും ആർജ്ജജിച്ച് രൂപയ്ക്ക് വേണ്ടി ആവശ്യപ്പെടും.

**ഡേറ്റിങ് ട്രാപ്പ്**

ഓർലാന്റോവിലെ വിധവയായ റെബേക്ക ഡി ആന്റോണിയോക്ക് ഒരു പറ്റുപറ്റി. വിഭാര്യനായ ഒരു സുമുഖനെ ഡേറ്റിങ് സൈറ്റ് വഴി പരിചയപ്പെട്ടതാണ്. ഒറ്റ മകനുള്ള അയാൾ വീണ്ടും വിവാഹം കഴിക്കാൻ ആഗ്രഹിക്കുന്നു. ഡേറ്റിങ് സൈറ്റിലൂടെ സൗഹൃദം വളർന്നു. വിവാഹ സമ്മതം വരെയെത്തി. ഈ സുമുഖൻ കുറച്ച് കടം വീട്ടാൻ ഒരു ലക്ഷം ഡോളർ ആവശ്യപ്പെട്ടു. ഭാവി ഭർത്താവല്ലേ എന്നുകരുതി റെബേക്കമാഡം ഒരു ലക്ഷം ഡോളർ അയച്ചുകൊടുത്തു. പിന്നെ സുമുഖനായ ഭാവി ഭർത്താവിന്റെ ഒരു അഡ്രസ്സും ഇല്ല.

**ഹണിട്രാപ്പ്**

ബോംബേയിലെ ബിസിനസ്സുകാരനായ 71 കാരൻ രാജേഷ് പാണ്ടേക്ക് ഒരു ദിവസം ഒരു അപരിചിതരിൽ നിന്നും ഒരു വീഡിയോ കോൾ വന്നു. ഫോൺ എടുത്തു. ചെറുപ്പക്കാരിയായ ഒരു യുവതിയാണ്. "ആരാണ് എന്താണ് വിളിച്ചത് " എന്ന് ചോദിച്ചുകൊണ്ടിരിക്കെ മറുപടി ഒന്നും ലഭിച്ചില്ലെങ്കിലും ആ യുവതി സ്വന്തം വസ്ത്രങ്ങൾ അഴിച്ചുമാറ്റാൻ തുടങ്ങി. രാജേഷ് പാണ്ടേ നടുങ്ങി ഉറച്ചുപോയി. എന്തസംബന്ധമാണ് ചെയ്യുന്നതെന്ന് ചോദിച്ചെങ്കിലും മറുപടി ഒന്നും ഉണ്ടായില്ല. കുറച്ച് സെക്കന്റുകൾക്കുശേഷം ഫോൺ ഓഫാക്കി, എന്താണ് സംഭവിച്ചതെന്ന് ആലോചിച്ച് തീരും മുൻപ് വേറൊരു കോൾ വന്നു. രാജേഷ് ഫോൺ എടുത്തു. ഫോണിന്റെ മറ്റേ അറ്റത്ത് നിന്ന് വന്നത് പുരുഷ ശബ്ദമാണ്. 'മിസ്റ്റർ രാജേഷ് നിങ്ങൾ ഓൺലൈൻ അവിഹിതബന്ധങ്ങൾ പുലർത്തുന്ന വീഡിയോ എന്റെ കൈവശമുണ്ട്. ഞാനിത് നിങ്ങളുടെ ഫേസ്ബുക്കിൽ പോസ്റ്റ് ചെയ്യാൻ പോവുകയാണ്. 50000 രൂപ തന്നില്ലെങ്കിൽ സമൂഹത്തിൽ നിങ്ങൾ അപമാനിതനാകും. ഭയന്നു വിറച്ച രാജേഷ് ഉടനടി ഫോണിൽ നിന്നും സിം കാർഡ് ഊരി മാറ്റി. ഫേസ്ബുക്ക് പ്രൊഫൈൽ ഡിലീറ്റ് ചെയ്തു. വേറൊരു നമ്പറിൽ പുതിയ കണക്ഷൻ എടുത്തു. ഡിജിറ്റൽ ഹണിട്രാപ്പിൽ നിന്നും രക്ഷപ്പെട്ടു.

എന്നാൽ അഹമ്മദാബാദിലെ 68 വയസ്സുള്ള ഒരു വ്യവസായിക്ക് രണ്ടരകോടി രൂപയും, ഒരു റിട്ടയേഡ് ബാങ്ക് ഉദ്യോഗസ്ഥന് 17 ലക്ഷം രൂപയും ഇതുപോലുള്ള ഡിജിറ്റൾ ഹണിട്രാപ്പിലൂടെ നഷ്ടമായ യാഥാർത്ഥ്യങ്ങളുണ്ട്.

**മദ്യക്കെണി**

മദ്യം ഓർഡർ ചെയ്യുന്നവരുടെ വിശദവിവരങ്ങൾ മദ്യഷാപ്പുകളിൽ നിന്നും ചോർത്തി ഇല്ലാത്ത മദ്യഷാപ്പിന്റെ പേരിൽ ഒരിക്കലും സപ്ലൈ ചെയ്യാൻ ഉദ്ദേശിക്കാത്ത മദ്യത്തിനുവേണ്ടി ഓർഡർ സ്വീകരിക്കുകയും പണമടിക്കുകയും ചെയ്യുന്ന സമ്പ്രദായമാണിത്. ബാംഗ്ലൂർ, ബോംബൈ എന്നിവടങ്ങളിലുള്ള പല രഹസ്യ മദ്യപാനികൾക്കും ഇതുപോലെ പറ്റ് പറ്റിയതായി റിപ്പോർട്ട് ഉണ്ട്.

**എങ്ങനെ ചതിയിൽ വീഴാതിരിക്കാം**

ഇങ്ങിനെയുള്ള ചതികളിൽ വീഴാതിരിക്കാൻ പണമിടപാടുകളിൽ പഴയ സമ്പ്രദായങ്ങളിലേയ്ക്ക് തിരിച്ചുപോകലാണ് എളുപ്പ

മാർഗ്ഗം. എന്നാൽ ഡിജിറ്റൽ യുഗമായ ഇക്കാലത്ത് അത് പ്രായോഗികമല്ല. ഗവൺമെന്റും ക്രെഡിറ്റ് കാർഡ് കമ്പനികളും ഇങ്ങനെയുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ പുതിയ പുതിയ സാങ്കേതിക വിദ്യകൾ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. ഡിജിറ്റൽ ഇടപാടുകളിൽ പ്രാവീണ്യം ഇല്ലെങ്കിലും ചില മുൻ കരുതലുകൾ എടുക്കുകയാണെങ്കിൽ ചതിക്കപ്പെടാതെ കാര്യങ്ങൾ കൈകാര്യം ചെയ്യാനാകും.

1. ശക്തമായ പാസ്‌വേർഡ് ഉപയോഗിക്കുക ഏറ്റവും കുറഞ്ഞത് 8 അക്ക പാസ്‌വേർഡുകൾ ഉപയോഗിക്കുക. അക്ഷരങ്ങളും അക്കങ്ങളും ചേർന്ന മിശ്രിതങ്ങളാവാം. ജനനത്തീയതി, കുട്ടികളുടെ പേര്, വളർത്തുമൃഗങ്ങളുടെ ഓമനപ്പേര് എന്നിവ ഒഴിവാക്കുക. ഒരു വാചകത്തിന്റെ ചില അക്ഷരങ്ങൾ ചേർത്ത് ഒരു പാസ്‌വേർഡിന് പകരം ഒരു പാസ് വാചകം സൃഷ്ടിക്കുക. (myb@ps# my bird named paru sings no 1) ഒരു ഉദാഹരണമാണ്.) എല്ലാ ഓൺലൈൻ ഇടപാടുകൾക്കും ഒരേ പാസ്‌വേർഡ് ഉപയോഗിക്കാതിരിക്കുക.
2. ഇന്റർനെറ്റിൽ വരുന്ന സന്ദേശങ്ങൾ കണ്ണുമടച്ച് വിശ്വസിക്കാതിരിക്കുക. ധൃതികൂട്ടി പണമിടപാടുകകൾ ചെയ്യാതിരിക്കുക. വീഡിയോ കോൾവഴിയോ മറ്റോ ആരെങ്കിലും വിളിക്കുകയാണെങ്കിൽ അവരേയും കണ്ണുമടച്ച് വിശ്വസിക്കാതിരിക്കുക. ജനങ്ങളുടെ ഭയത്തേയും, വിശ്വാസത്തേയും, ദുരാഗ്രഹത്തെയും ഉപയോഗിച്ച് സൈബർ ക്രിമിനലുകൾ മുതലെടുക്കുന്നു.
3. പരിചയമില്ലാത്തവരിൽ നിന്നും വീഡിയോകോൾ വരികയാണെങ്കിൽ കഴിയുന്നതും മറുപടി പറയാതെ ഇരിക്കുക. മൊബൈൽ ഫോണിന്റെ ക്യാമറ വിരൽതുമ്പുകൊണ്ട് മറച്ചു പിടിച്ചു കൊണ്ടു മാത്രം മറുപടി പറയുകയാണെങ്കിൽ പറയുക.
4. ഓൺലൈനിൽ കാണുന്ന വിവരങ്ങൾ എല്ലാം ശരിയാകണമെന്നില്ല. ഇന്റർനെറ്റ് സുഹൃത്തുക്കളെ വിശ്വസിക്കരുത്. ഗൂഗിളിൽ കാണുന്ന വിവരങ്ങൾ മുഴുവൻ യഥാർത്ഥ്യമാകേണ്ടതില്ല.
5. നിങ്ങളുടെ തൊഴിൽ സ്ഥാപനം എന്തെങ്കിലും കാരണം പറഞ്ഞ് പണമടയ്ക്കാൻ പറഞ്ഞാൽ വിശ്വസിക്കേണ്ടതില്ല. ഇത്ര പണമടച്ചാൽ നിങ്ങളുടെ കുടിശ്ശിക ശമ്പളം വിട്ടുതരാം എന്നൊക്കെയാവാം മെസ്സേജ്.
6. പരിചയമില്ലാത്ത സാമൂഹിക സുഹൃത്തുക്കൾ ഉണ്ടെങ്കിൽ ബ്ലോക്ക് ചെയ്യുക.
7. ബാങ്കിങ് ഇടപാടുകളിൽ ഇരട്ട സുരക്ഷത ഉറപ്പാക്കുക. പാസ്‌വേർഡ് കൂടാതെ സ്വന്തം മൊബൈലിൽ വരുന്ന ഒ.ടി.പി (one time password) ക്കു ശേഷം മാത്രം ഇടപാട് നടത്തുക.
8. ഇടപാടുകൾക്കുശേഷം ആ രേഖകൾ വേറൊരാൾ ഉപയോഗിക്കാതിരിക്കാൻ വെർചൽ പ്രൈവറ്റ് നെറ്റുവർക്ക് സോഫ്റ്റ്‌വെയർ ലഭ്യമാണ്.
9. ബാങ്കിങ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന ഇമെയിൽ മറ്റു സാമൂഹിക ഇടപാടുകൾക്ക് ഉപയോഗിക്കാതിരിക്കുക. അല്ലാത്തപക്ഷം കച്ചവട സ്ഥാപനങ്ങൾ വേറെ വാണിജ്യ ആവശ്യങ്ങൾക്ക് ഈ ഇമെയിൽ അക്കൗണ്ട് ഉപയോഗിച്ചേക്കാം.
10. വീട്ടിലുള്ള വൈഫൈ സംവിധാനം മാത്രം ഉപയോഗിച്ച് ഓൺലൈൻ ഓർഡറുകൾ ചെയ്യുക. പബ്ലിക് വൈഫൈ ഉപയോഗിച്ച് ഒരിക്കലും സാധനങ്ങൾ ഓർഡർ ചെയ്യരുത്.
11. സ്വന്തം സിസ്റ്റത്തിൽ ഒരു ആന്റിമാൽവെയർ സോഫ്റ്റ്‌വെയർ സ്ഥാപിക്കുക. സ്വന്തം സിസ്റ്റത്തിൽ ആരും ഇടിച്ചു കയറി ആക്രമിക്കാതിരിക്കാനുള്ള ഒരു സൂത്രമാണ്.

*****

# മറക്കില്ലൊരിക്കലും

കെ. എസ്. ഹരികുമാർ

*തുടർച്ച*

**ഏ**തായാലും, ആദ്യമായി വിളിച്ച ഈ ഇന്റർവ്യൂവിനു ഒന്ന് പോകുക തന്നെ എന്ന് തീരുമാനിച്ചു. വീട്ടിലും പുറത്തും എം എസ് സിക്ക് പഠിക്കുന്നതിനെപ്പറ്റി കാര്യമായ ചർച്ച നടന്നിരുന്നു. ഞാൻ എന്തായാലും വീണു കിട്ടിയ ഭാഗ്യം പരീക്ഷിക്കാൻ തന്നെ തീരുമാനിച്ചു എതിർപ്പുകൾക്ക് നടുവിലും.

ഇന്റർവ്യൂ ബാങ്കിന്റെ സിറ്റിയിലുള്ള ഓഫീസിൽ, പതിവുപോലെ, ഒരു ഞായറാഴ്ച തന്നെ. പക്ഷേ, സമയം ഒരു മണി. ടെസ്റ്റിന് പോയ അനുഭവം മനസ്സിൽ വച്ച്, ഇത്തവണ വീട്ടിൽ നിന്നു 9 മണിക്ക് തന്നെ പുറപ്പെട്ടു. വിയർത്തു കുളിച്ച് ഡ്രസ്സ് മോശമാകാതിരിക്കാൻ, സൈക്കിൾ ഒഴിവാക്കി. ഞങ്ങളുടെ വില്ലേജിന്റെ കുറച്ചകലെയുള്ള, ബസ് സ്റ്റോപ്പിൽ നിന്ന് ബസ് കയറി ടൗണിൽ എത്തി. 11 മണിക്ക് സിറ്റിയിലെ ഓഫീസിൽ എത്തി. ഇനിയും രണ്ട് മണിക്കൂർ ഉണ്ട് ഇന്റർവ്യൂവിന്. ആശ്വാസം... കഴിഞ്ഞ ടെസ്റ്റിന് പോയ പോലെ ആയില്ലല്ലോ. നല്ല സമാധാനത്തോടെ കാത്തിരുന്നു. ഉദ്യോഗാർഥികൾ ഓരോരുത്തരായി വന്ന് ഇന്റർവ്യൂ കഴിഞ്ഞ് മടങ്ങി പോകുന്നു. ആരെയും പരിചയമില്ല. കോളേജിൽ ഒരുമിച്ചു പഠിച്ച ആരെങ്കിലും ഉണ്ടോ എന്ന് നോക്കി. മിക്കവരും പാന്റ്സ് ധരിച്ചിരിക്കുന്നു. എനിക്ക് ആകെ ഒരു ചമ്മൽ. എന്റെ ഫാമിലിയിൽ പാന്റ്സ് ഉള്ളത് ഒരു കസിന് മാത്രമാണ്. അയാളാണെങ്കിൽ, ഞാൻ മുണ്ട് ഉടുത്തു തന്നെ പോയാൽ മതി എന്നാണ് പറഞ്ഞത്. വെറും ഇന്റർവ്യൂ അല്ലേ? കിട്ടണമെന്ന് ഇല്ലല്ലോ?

ഏതാണ്ട്, ഒരുമണിയോടെ, പത്തിൽ കൂടുതൽ കാൻഡിഡേറ്റസ് ഇന്റർവ്യൂ കഴിഞ്ഞ് പോയി. എന്റെ സമയം ആകാറായി. വിശപ്പും, ദാഹവും അതിന്റെ കൂടെ പേടിയും. ഇപ്പോൾ വിളിക്കുമല്ലോ....ഒരു ഗ്ലാസ് തണുത്ത വെള്ളം വാരി വലിച്ചു കുടിച്ചു. ഒരു മണി കഴിഞ്ഞു. ഒന്നര ആയി. രണ്ട് കഴിഞ്ഞു. എന്നിട്ടും എന്നെ വിളിച്ചില്ല. എനിക്ക് ശേഷം വന്ന പലരും ഇന്റർവ്യൂ കഴിഞ്ഞു മടങ്ങി പോയി. ഹാളിലിപ്പോൾ വളരെ കുറച്ച് പേരെ ഒള്ളു. മൂന്ന് മണി കഴിഞ്ഞപ്പോൾ, പേടിയും വിശപ്പും ഉള്ളിലൊതുക്കി ഞാൻ പേര് വിളിക്കുന്ന ഓഫീസറുടെ മുറിയുടെ മുന്നിൽ പോയി നിന്നു. അദ്ദേഹം ഒന്ന് നോക്കുന്നു പോലുമില്ല.

നാലു മണി ആയതോടെ, ബാക്കിയുള്ള എല്ലാവരും പോയി. ആ വലിയ ഹാളിൽ ഞാൻ മാത്രം. ടെസ്റ്റിന് പോയ ഓർമ്മ മനസ്സിൽ മായാതെ കിടക്കുന്നു. അന്ന് എങ്ങിനെയോ രക്ഷപെട്ടു., ശരിക്കും മണി സാറിന്റെ നല്ല മനസ്സുകൊണ്ട്.

ഇന്റർവ്യൂ കഴിഞ്ഞ് അവസാന ഉദ്യോഗാർഥിയും ഇറങ്ങിയതിനു പിന്നാലെ, മെലിഞ്ഞു പൊക്കത്തിലുള്ള ഒരു ഉയർന്ന ഉദ്യോഗസ്ഥൻ ഇന്റർവ്യൂ നടത്തിയിരുന്ന റൂമിൽ നിന്നും ഇറങ്ങി വന്നു സിഗരട്ടു വലിക്കാനാണെന്നു തോന്നുന്നു. വന്നപാടെ അദ്ദേഹം, പുറത്തെ റൂമിൽ ഇരുന്ന ഓഫീസറുടെ അടുത്ത് ചെന്ന് ഉച്ചത്തിൽ ചോദിക്കുന്നത് കേട്ടു 'ഇനി ആരുമില്ലല്ലോ.'

'ലിസ്റ്റിലുള്ള എല്ലാവരും കഴിഞ്ഞു സാർ ' ഉള്ളിൽ നിന്ന് ഓഫിസിറുടെ മറുപടിയും കേട്ടു. അദ്ദേഹം സിഗററ്റെടുത്ത് വലിക്കാൻ തുടങ്ങുമ്പോൾ, മുറിവേറ്റ ഒരു മൃഗം കണക്കെ, ഞാൻ പെട്ടെന്ന് എഴുന്നേൽക്കുന്നത് അദ്ദേഹത്തിന്റെ ശ്രദ്ധയിൽ പെട്ടു. ഉടനെ അദ്ദേഹം എന്റെ അടുത്തേക്ക് വന്ന് ചോദിച്ചു 'എന്താ ഇവിടെ ഇരിക്കുന്നത്'?

'ഇന്റർവ്യൂവിന് വന്നതാണ്' വിഷമിച്ച് ഞാൻ പറഞ്ഞൊപ്പിച്ചു.

'ഇന്റർവ്യൂ എല്ലാം കഴിഞ്ഞല്ലോ' അദ്ദേഹത്തിന്റെ വാക്കുകൾ ശരിക്കും എന്നെ ഭയപ്പെടുത്തി. എന്റെ കാർഡ് വാങ്ങി നോക്കി.

അദ്ദേഹം ഉള്ളിലെ ഓഫീസറെ വിളിച്ച് ശരിക്കും അട്ടഹസിച്ചു 'എടൊ രവീന്ദ്രാ, താനെന്താടോ ഈ പയ്യനെ വിളിക്കാഞ്ഞത്?' 'എന്നെയും കൂട്ടി ഉള്ളിൽ ചെന്ന് രവീന്ദ്രനെ വീണ്ടും എന്തൊക്കെയോ പറഞ്ഞു, എന്റെ ഇന്റർവ്യൂ കാർഡ് കാണിച്ചു.

അയാൾ എന്റെ ഫയൽ തപ്പാൻ തുടങ്ങി. പരിഭ്രമം കൊണ്ടാകും, ആ ധൃതിയിൽ എന്റെ ഫയൽ അയാൾ കണ്ടില്ല. ഒരു പഴയ ഉപയോഗിച്ച ഫയൽ പൊടിതട്ടിയെടുത്തു, അതിന്റെ മുൻവശം മടക്കി ഉള്ളിലാക്കി. എന്നിട്ട് ഒന്നും എഴുതാത്ത ഉൾവശം, പുറം ചട്ടയാക്കി, അവിടെ എന്റെ പേരെഴുതി, ഫയലിനുള്ളിൽ ഇന്റർവ്യൂ കാർഡ് തിരുകി വച്ച്, അതിൽ ഒരു പ്ലെയിൻ പേപ്പർ കൂടി അടക്കം ചെയ്ത് ഉള്ളിൽ കൊടുത്തു.

മനസ്സില്ലാ മനസ്സോടെ, രവീന്ദ്രൻ എന്നെ ഇന്റർവ്യൂ റൂമിലേക്ക് കടത്തിവിട്ടു ഇന്റർവ്യൂ ബോർഡിൽ, നേരത്തെ കണ്ട ഉയരം കൂടിയ സാറും, പ്രായം ചെന്ന, വെളുത്തു തടിച്ച ഒരു മാന്യദേഹവും ഉണ്ടായിരുന്നു. എന്നെ നേരത്തെ കണ്ട് സംസാരിച്ച സാർ, ട്രെയിനിങ് കോളേജ് പ്രിൻസിപ്പലും, കൂടെ ഉള്ളത് ബാങ്കിന്റെ ജനറൽ മാനേജറും ആയിരുന്നു.

ഇന്റർവ്യൂ വളരെ സൗമ്യമായിരുന്നു.എല്ലാ ചോദ്യങ്ങൾക്കും ഒരുവിധം നന്നായി ഉത്തരം പറഞ്ഞു.

ചിലപ്പോൾ, ഫയൽ പോലും ഇല്ലാത്ത ഈ പയ്യനോട്, എന്തിനാണ് കൂടുതൽ ചോദ്യങ്ങൾ ചോദിക്കുന്നത്, എന്ന് തോന്നികാണാം, അവർക്ക്.

ഇന്റർവ്യൂ സ്ഥലത്ത് നിന്നും ഏകദേശം അരമണിക്കൂർ നടന്ന് ഞാൻ ബസ് സ്റ്റാൻഡിലെത്തി. വഴിയിലെ റെയിൽ ക്രോസ്സ് കടക്കുമ്പോൾ പോലും, ഞാൻ ട്രെയിൻ വരുന്നോ എന്നല്ല നോക്കിയത്. എന്റെ ചിന്ത മുഴുവൻ എന്തിനാണ് ദൈവം എന്നെ ഇങ്ങനെ പരീക്ഷിക്കുന്നത് എന്നായിരുന്നു. ടെസ്റ്റ് എഴുതാൻ വൈകി ചെന്നു, നേരത്തെ പുറപ്പെട്ടിട്ടും. ഇന്റർവ്യൂവിന് നേരത്തെ പുറപ്പെട്ടു, സമയത്തിന് മുന്നേ എത്തി. പക്ഷെ, പേരുമില്ല, വിളിച്ചതുമില്ല. രണ്ട് സന്ദർഭത്തിലും, ദൈവദൂതരെപോലെ രണ്ടുപേർ, മാലാഖകളായി വന്നു, സഹായിച്ചു.

രക്ഷപ്പെടുമോ ആവോ?

വർഷങ്ങൾ കടന്നു പോയി. ബാങ്ക് വളർന്നു. ശാഖകൾ വളർന്നു പന്തലിച്ച് രാജ്യം മുഴുവൻ വ്യാപിച്ചു. വിദേശരാജ്യങ്ങളിൽ ഓഫീസ് തുറന്നു. അന്ന് ഇന്റർവ്യൂ നടന്ന കെട്ടിടം സ്റ്റാഫ് ട്രെയിനിങ് കോളേജ് ആയി മാറി.

ഏകദേശം മുപ്പത് വർഷങ്ങൾക്ക് ശേഷം, എനിക്ക് അതേ ഓഫീസിൽ പോകേണ്ട ഒരവസരം വന്നു. അവിടെ എത്തിയപ്പോൾ പഴയ രവീന്ദ്രൻ ഇരിക്കുന്നു. പക്ഷെ, അദ്ദേഹം ഇപ്പോൾ ഒരു നല്ല ഏ സീ റൂമിൽ ആണ്. മുന്നിലെ ബോർഡിൽ അദ്ദേഹത്തിന്റെ പേരും, ചീഫ് മാനേജർ എന്ന പുതിയ പദവിയും എഴുതി വച്ചിരിക്കുന്നു.

അയാൾ എന്നെ വലിയ ഒരു ക്ലാസ് റൂമിലേക്ക് നയിച്ചു. അവിടെ, രാജ്യത്തെ പല സ്റ്റേറ്റകളിൽ നിന്നുള്ള മാനേജർ മാർ അച്ചടക്കത്തോടെ ഇരിക്കുന്നു. അവരുടെ ഒരു ട്രെയിനിങ് പ്രോഗ്രാം ഉദ്ഘാടനം ചെയ്യുകയാണ് എന്റെ ജോലി.

രവീന്ദ്രൻ എന്നെ സദസ്സിന് പരിചയപ്പെടുത്തി 'ഇദ്ദേഹം നിങ്ങളെ ഒക്കെ കാണുന്നതിനും, ഈ പ്രോഗ്രാം ഉദ്ഘാടനം ചെയ്‌വാനുമായി എയർപോർട്ടിൽ നിന്നും നേരെ ഇങ്ങോട്ട് വന്നതാണ്. നമ്മുടെ ബാങ്കിന്റെ ഏറ്റവും വലിയ ഡൽഹി സോണിന്റെ ജനറൽ മാനേജർ ആയ ഇദ്ദേഹത്തിന്റെ അനുഭവങ്ങൾ തന്നെയായിരിക്കും,വളർന്നുവരുന്ന നിങ്ങൾക്ക്, ഏറ്റവും പ്രയോജനപ്പെടുക എന്ന് ഞാൻ മാത്രമല്ലാ ബാങ്കിന്റെ മാനേജ്മെന്റും വിശ്വസിക്കുന്നു.'

എനിക്ക് എത്രയും പ്രിയപ്പെട്ട മണി സാറിനെയും, പ്രിൻസിപ്പൽ പിള്ള സാറിനെയും മനസ്സുകൊണ്ട് നമിക്കാതെ എനിക്കിതു മുഴുമിക്കാൻ സാധിക്കില്ല!

*****

# ബ്ലാവേലി പാട്ട്

കല്പകം സോമരാജൻ

നാശോന്മുഖമായികൊണ്ടിരിക്കുന്ന ഒരു പ്രാചീന കലാരൂപമാണ് ബ്ലാവേലി പാട്ട്. ശിവമാഹാത്മ്യമാണ് അടിസ്ഥാനമായി ഈ പാട്ടുരീതിയിൽ വർണ്ണിച്ചു കേൾപ്പിക്കുന്നത്. ചുരുൾ ചിത്രരൂപമായ ബ്ലാവേലിവായനയെ പ്രദേശ ഭേദമനുസരിച്ച് പല പേരുകളിലാണ് അറിയപ്പെടുന്നത്. മഞ്ഞൾപ്പൊടിയും അരിപ്പൊടിയും ചേർത്ത മിശ്രിതം കൊണ്ട് പരുത്തി തുണിയിലാണ് ബ്ലാവേലി വായനയ്ക്കുള്ള ചിത്രങ്ങൾ വരച്ചു തയ്യാറാക്കുന്നത്. ഇത് വെയിലത്ത് നന്നായി ഉണങ്ങിയശേഷം ചുരുട്ടിക്കൊണ്ടു നടക്കുകയാണ് വായനക്കാരൻ ചെയ്യുന്നത്. നൂറിനുമേൽ ചിത്രങ്ങൾ കഥാരീതിക്കനുസരിച്ച് ഈ തുണികളിൽ ആലേഖനം ചെയ്തിരിക്കും. വായനക്കെത്തുന്ന വീടുകളിൽ ഈ ചിത്രപടം നൂർത്ത് എവിടെയെങ്കിലും തൂക്കി തന്റെ കൈയിലുള്ള ചെറുവടി ഈ ചിത്രപടത്തിൽ തൊട്ടുതൊട്ട് ഒരു പ്രത്യേക ഈണത്തിൽ കഥ പാടുകയാണ് വായനക്കാരൻ ചെയ്യുന്നത്. ഈ പാട്ടുരൂപത്തെ ബ്ലാവേലി വായന, ബ്രാവേലി വായന, ഡാവേലി വായന, മ്ലാവേലി വായന എന്നിങ്ങനെ പല പേരുകളിലും പരാമർശിക്കപ്പെടുന്നുണ്ട്. മ്ലാന്തോലിൽ ചിത്രപടം തീർത്തിരുന്നതിനാൽ മ്ലാവേലി എന്നും കിടാവിനെ ബലിക്കൊടുക്കുന്നതാണ് കഥയുടെ മുഖ്യധാര എന്നതിനാൽ ക്ലാവേലി പാട്ടെന്നും ഈ പാട്ടുരീതിയെ വിവക്ഷിക്കാറുണ്ട്. പേരുകൾ ഏതുരീതിയിലൊക്കെ ആയാലും ചിത്രപടത്തിലും കഥാതന്തുക്കളിലും മാറ്റമൊന്നും കാണുന്നില്ല.

വീരശൈവസമുദായക്കാരാണ് ബ്ലാവേലി വായന നടത്തുന്നത്. പപ്പടം ഉണ്ടാക്കലാണ് ഇവരുടെ കുലത്തൊഴിൽ. ഭഗവാൻ പരമേശ്വരനാണ് ഇവരുടെ കുലദൈവം. ഇവർ വീടുകളിൽ ശിവലിംഗം വച്ചുപൂജിക്കുന്നു. മഹാദേവന്റെ ലീലകൾ വർണ്ണിച്ച് സാമാന്യ ജനങ്ങളെ നമ്മുടെ വഴിയിലേക്ക് നയിക്കുന്നതാണ് ഇവരുടെ പാട്ടുകളുടെ ഉള്ളടക്കം. ഈ പാട്ടുകളിൽ ശിവ മഹാത്മാവ് പരദേശി വേഷത്തിൽ എത്തുന്നു എന്ന പരാമർശമുള്ളതിനാൽ വായനക്കാരെയും ഭക്തി ബഹുമാനങ്ങളോടെയാണ് പഴയകാല ജനത തങ്ങളുടെ വീടുകളിലേക്ക് സ്വീകരിച്ചിരുന്നത്. ഈശ്വര ഭജനം സാമാന്യരീതിയിൽ നാം സ്വീകരിക്കേണ്ട ദൈനംദിന കാര്യങ്ങൾ വിശ്വാസത്തിന്റെ ദൃഢത, ദാനത്തിന്റെ മഹത്വം തുടങ്ങിയ അനേകനന്മകളുടെ വിളനിലങ്ങളായിരുന്നു ഈ പാട്ടുകൾ. ഭഗവാൻ ശ്രീപരമേശ്വരൻ ഒരു വീട്ടിൽ പരീക്ഷണാർത്ഥം എത്തുന്നതാണ് പ്രധാന കഥാതന്തു. പിന്നെ മൂവന്തി മയങ്ങുന്ന നേരം സന്ധ്യാനാമം ചൊല്ലണം, ഒറ്റക്കാലിൽ നിൽക്കരുത്, ഉമ്മറപ്പടിയിൽ ഇരിക്കരുത് തുടങ്ങിയ പരാമർശങ്ങളും ഈ പാട്ടുകളിൽ കാണാം. കർക്കിടകമാസം, ശിവരാത്രി, മരിച്ചു പുല വീടുന്ന സമയം തുടങ്ങിയ സന്ദർഭങ്ങളിൽ ബ്ലാവേലി വായന പണ്ടുകാലങ്ങളിൽ പതിവായിരുന്നു. കാലിവളർത്തൽ, കൃഷിപ്പണി എന്നിവയുടെ പ്രാധാന്യം സൂചിപ്പിക്കാനും ഈ പാട്ടുകളിൽ ഇടം കണ്ടെത്തുന്നു. ചുരുക്കത്തിൽ ചിന്തിച്ചാൽ മലയാളിയുടെ സ്വന്തം ലളിത ഗ്രാമ്യഭാഷയിലാണ് ഈ പാട്ടുകൾ അവതരിപ്പിക്കുന്നത്.

*****

**അഹിംസയുടെ അർത്ഥം സമസ്ത ചരാചരങ്ങളേയും സ്നേഹിക്കുക എന്നാണ്.**

*– ഗാന്ധിജി*

**17/08/23 മുതൽ 16/09/23 വരെ**

# മാസഫലം

ചിങ്ങമാസഫലം

## ഓം

ഹരി ശ്രീ ഗണപതയെ നമഃ അവിഘ്നമസ്തു

Tel : TDM -2361160, Mob : 8848036518, 9645683491

**ജ്യോതിഷാചാര്യൻ: ജി.കെ. മേനോൻ**

മേടക്കൂർ (അശ്വതി ഭരണി, കാർത്തിക ആദ്യപാദം) വിദ്യാർത്ഥികൾക്ക് കാലം അനുകൂലമാണ്. ഭൗതിക നിപുണത വർദ്ധിക്കും. മത്സരപരീക്ഷകളിൽ മികവ് പുലർത്താൻ സാധിക്കും. സ്വയാർജിത ധനം മന്ദഗതിയിലാണെങ്കിലും കൈവശം വന്നു ചേരും. ആഗസ്റ്റ് 25,26 തീയതികൾ അഷ്ടമ രാശി നക്ഷത്രങ്ങളായതിനാൽ പുതിയ സംരംഭങ്ങളുടെ ആരംഭം ഒഴിവാക്കുന്നതാണ് നല്ലത്. ഭഗവതി, വിഘ്നേശ്വര പ്രീതികരമായ വഴിപാടുകളും നവഗ്രഹക്ഷേത്രത്തിൽ രാഹു ഗ്രഹദോഷ നിവാരണ അർച്ചനയും നടത്തുക.



ഇടവക്കൂർ (കാർത്തിക അവസാന മൂന്നു ഭാഗം, രോഹിണി, മകീര്യം ആദ്യപകുതി) വാക്കുകൊണ്ട് നേട്ടമുണ്ടാകും. സന്താനങ്ങളിൽ നിന്നും, സർക്കാറിൽ നിന്നും ധന ലഭ്യത ഉണ്ടാകും. കർമ്മരംഗത്തെ മന്ദത തുടരും. ചെലവ് അധികരിക്കും. ഉദരസംബന്ധമായ പ്രശ്നങ്ങൾ കരുതിയിരിക്കുക.. ആഗസ്റ്റ് 27,28 തീയതികൾ അത്ര അനുകൂലമായിരിക്കില്ല. ആയതിനാൽ മാറ്റി വെക്കാൻ പറ്റുന്ന പ്രധാന കാര്യങ്ങൾ ഈ ദിവസങ്ങളിൽ ഒഴിവാക്കുന്നത് നല്ലതാണ്. സർപ്പ പ്രീതിയും, വിഷ്ണുക്ഷേത്രദർശനവും നടത്തുക.



മിഥുനക്കൂർ (മകീര്യം രണ്ടാം പകുതി തിരുവാതിര, പുണർതം അവസാന മൂന്ന് പാദം) സ്വയാർജിതവും പൂർവ്വികവുമായ ധന ധാന്യാദി ലാഭം പ്രതീക്ഷം. ഭൂമിയിൽ നിന്നും, വസ്തുവകകളിൽ നിന്നും നേട്ടം ലഭിക്കും. ലൗകിക വിഷയങ്ങളോടുള്ള താൽപര്യം വിദ്യാർത്ഥികളിൽ പഠനത്തിൽ മടി സൃഷ്ടിക്കും. ആഗസ്റ്റ് 28,29 ദിവസങ്ങൾ പുതിയ കാര്യങ്ങൾക്ക് സ്വീകരിക്കാതിരിക്കുന്നതാണ് നല്ലത്. ശിവക്ഷേത്ര ദർശനവും പഞ്ചാക്ഷരി മന്ത്രജപവും നടത്തുക.



കർക്കിടകക്കൂർ (പുണർതം അവസാന പാദം, പൂയ്യം, ആയില്യം) വീട്, വാഹനം എന്നിവ വാങ്ങുവാൻ ആഗ്രഹിക്കുന്നവർക്ക് അനുകൂല സാഹചര്യം ഉണ്ടാകും. പൊതുവേ ലൗകീക സുഖങ്ങളോട് ആസക്തി വർദ്ധിക്കും. തൊണ്ട, തോൾ മുതലായ ഭാഗങ്ങളിൽ രോഗസാധ്യത ഉള്ളതിനാൽ ശ്രദ്ധിക്കുക. ആഗസ്റ്റ് 30,31 ദിവസങ്ങൾ ശുഭകരമായിരിക്കില്ല. ഒരു ക്ഷേത്രത്തിൽ ഗണപതി ഹോമം നടത്തുകയും ദേവീക്ഷേത്രത്തിൽ ഐക്യമത്യ അർച്ചന നടത്തുന്നതും യഥാശക്തി വഴിപാടുകൾ നടത്തുന്നതും നല്ലതാണ്.



ചിങ്ങക്കൂർ (മകം, പൂരം, ഉത്രം ആദ്യപാദം ) ഏത് രംഗത്തും കഴിവ് തെളിയിച്ച് ആദരവ് നേടാൻ സാധിക്കും. അശ്രദ്ധ മൂലം ഭാഗ്യപരീക്ഷണങ്ങളിലൂടെയും ധനനഷ്ട സാധ്യത ഉള്ളതിനാൽ ശ്രദ്ധിക്കണം. സെപ്തംബർ 1,2 തീയതികൾ അഷ്ടമരാശിക്കൂറിലെ നക്ഷത്രങ്ങളായതിനാൽ നല്ല സംരഭങ്ങൾക്ക് സ്വീകരിക്കാതിരിക്കുക. ദേവീക്ഷേത്ര ദർശ്ശനം നടത്തി പ്രാർത്ഥിക്കുകയും ഒരു ഭഗവതി സേവ നടത്തുകയും ചെയ്യുക.



കന്നിക്കൂർ (ഉത്രം അവസാന മൂന്ന് പാദം, അത്തം, ചിത്തിര ആദ്യപകുതി) അപ്രതീക്ഷിതമായി ധന ലാഭവും, ദുർവ്യയവും ഉണ്ടാകും. ധന വിനിയോഗവും, രേഖാമൂലമുള്ള കരാറുകളും വളരെ ശ്രദ്ധയോടെ കൈകാര്യം ചെയ്തില്ലെങ്കിൽ ചില നഷ്ടങ്ങൾക്ക് സാധ്യതയുണ്ട് . മറവി, അസ്ഥി രോഗം എന്നിവ വർദ്ധിക്കാതിരിക്കാൻ ആവശ്യമായ വ്യായാമങ്ങൾ ചെയ്യുക. സെപ്തംബർ 3,4 ദിവസങ്ങൾ അനുകൂലമല്ല. വിഷ്ണു പ്രീതികരങ്ങളായ ജപങ്ങൾ നടത്തുക.



തുലാക്കൂറ് (ചിത്തിര രണ്ടാം പകുതി, ചോതി, വിശാഖം അവസാന മൂന്ന് പാദം) വിവാഹിതരാകാൻ ശ്രമിക്കുന്നവർക്ക് കാലം അനുകൂലമാണ്. സർക്കാരിൽ നിന്നോ മേലധികാരികളിൽ നിന്നോ അംഗീകാരവും ആദരവും ലഭിക്കും. സാഹിത്യ കലാരംഗത്ത് പ്രവൃത്തി ചെയ്യുന്നവർക്ക് ഗുണകരമായ സാഹചര്യങ്ങൾ സംജാതമാകും. പാദത്തിന് പുകച്ചിലും, വിണ്ടു കീറലും മൂലം അസ്വസ്ഥത തോന്നും. സെപ്തംബർ 5,6 ദിവസങ്ങൾ പ്രായേണ ഗുണം കുറഞ്ഞതായിരിക്കും. ദേവപ്രീതി വരത്തുക



വൃശ്ചികക്കൂർ (വിശാഖം അവസാന പാദം അനിഴം, തൃക്കേട്ട) കർമ്മരംഗത്ത് നിപുണത തെളിയിക്കാൻ സാധിക്കും. മേലധികാരികൾ അനുകൂലമായി പ്രവർത്തിക്കും. ജീവിത പങ്കാളി നിമിത്തം ചില ഭാഗ്യാനുഭവങ്ങൾ ഉണ്ടാകും. ചില ഭക്ഷണങ്ങൾ അലർജിക്ക് കാരണമാകുന്നതിനാൽ ഉദരരോഗ സാധ്യതയുണ്ട് . സെപ്തംബർ 8,9 തീയതികൾ ശുഭകരമല്ല. വൈഷ്ണവ ക്ഷേത്രത്തിൽ ലക്ഷ്മി നാരായണ പൂജ നടത്തുന്നത് അഭിഷ്ടഫലസിദ്ധിക്ക് കാരണമാകും.



ധനുക്കൂർ (മൂലം, പൂരാടം, ഉത്രാടം ഒന്നാം പാദം ) വിവാഹിതരാകാൻ ശ്രമിക്കുന്നവർക്ക് ആഗ്രഹസാഫല്യം ലഭിക്കും. ഉന്നത വിദ്യാഭ്യാസത്തിന് വിദേശത്ത് പോകാൻ ശ്രമിക്കുന്നവർക്ക് പ്രതീക്ഷയ്ക്ക് വകയുണ്ട്. സെപ്തംബർ 11,12 തീയതികളിൽ ശുഭകാര്യാരംഭത്തിന് സ്വീകാര്യമല്ല. ദുർഗ്ഗാ ദേവീ ക്ഷഷേത്ര ദർശ്ശനം നടത്തി ജയ ദുർഗ്ഗാ ശൂലിനി ദുർഗ്ഗാ മന്ത്രങ്ങളാൽ അർച്ചന നടത്തുന്നത് പരീക്ഷാവിജയത്തിനും, ശത്രുത മൂലമുള്ള പരാജയത്തിനും പരിഹാരമാകും.



മകരക്കൂർ ഉത്രാടം അവസാന മൂന്ന് പാദം തിരുവോണം, അവിട്ടം ആദ്യപകുതി) വാഹനം, വീട് എന്നിവ വാങ്ങാൻ ഉദ്ദേശിക്കുന്നവർക്ക് അനുകൂല സാഹചര്യമാണ്. മുടങ്ങിപ്പോയ വിവാഹാലോചനകൾ പുനർചിന്തനത്തിലൂടെ നടക്കാൻ സാധ്യതയുണ്ട്. പഠന കാര്യത്തിൽ അലസത ഉണ്ടെങ്കിലും പരിശ്രമം വിജയിക്കും. സെപ്തംബർ 13,14 ദിവസങ്ങൾ അനുകൂലമായിരിക്കില്ല. മഹാലക്ഷ്മി പ്രീതികരമായ ജപവും ദേവീക്ഷേത്ര ദർശ്ശനവും നടത്തുന്നത് വിദ്യാ ലാഭത്തിനും സാമ്പത്തിക പ്രശ്നങ്ങൾക്കും ഒരു പരിധി വരെ നല്ലതാണ്.



കുംഭക്കൂർ (അവിട്ടം അവസാന പകുതി, ചതയം, പൂരൂരുട്ടാതി ആദ്യ മൂന്ന് പാദം) അനുകൂലമായ വിവാഹാലോചനകൾ വന്ന് ചേരും. അലസത പല കാര്യങ്ങൾക്കും തടസ്സങ്ങൾ സൃഷ്ടിക്കും. കർമ്മരംഗത്ത് അസ്വസ്ഥത അനുഭവപ്പെടാം. മൂത്രാശയ രോഗങ്ങൾ വരാതിരിക്കാൻ മുൻകരുതൽ എടുക്കുന്നത് നല്ലതാണ്. സെപ്തംബർ 6, 17 തീയതികൾ പ്രായേണ ഗുണം കുറയും. ഭദ്രകാളി ക്ഷേത്ര ദർശ്ശനവും ദേവീപ്രീതികരങ്ങളായ വഴിപാടുകളും നടത്തുക.



മീനക്കൂർ (പൂരൂരുട്ടാതി അവസാന പാദം, ഉത്രട്ടാതി, രേവതി) പൊതുവെ കാലം അനുകൂലമാണ്. വസ്തുവകകളിൽ നിന്നും വിദേശത്തു നിന്നും പ്രതീക്ഷിക്കുന്ന ധന ലാഭം ഉണ്ടാകും. കാലിന് മരവിപ്പ് അനുഭവപ്പെടാം. ആഗസ്റ്റ് 23,24 തീയതികൾ പൊതുവെ അനുകൂലമായിരിക്കില്ല. വിഷ്ണു പ്രീതീയും സർപ്പപ്രീതിയും വരുത്തുക. ക്ഷേത്ര ദർശ്ശനം നടത്തി കണ്ണന് തുളസിമാല ചാർത്തുകയും സർപ്പത്തിന് പാട്ട് നടത്തുകയും ചെയ്യുന്നത് ദൃഷ്ടി ദോഷം മാറുന്നതിനും കാര്യവിഘ്നം മാറുന്നതിനും നല്ലതാണ്.



*ശുഭമസ്തു ശംഭോമഹാദേവ! എറണാകുളത്തപ്പൻ തുണ!*


# MANGALYAM MATRIMONIAL

## വധുവിനെ ആവശ്യമുണ്ട്



Nair Boy, 31/186cm,(6ft 1inch), Pooradam, Fair, B.Tech,(Mechanical Engineer), Executive Engineer, MRF Ltd, Pref: Minimum Graduation, Professionally qualified,preferably employed,Kerala/India/ Abroad,Mob:8754582646, 9895658431

Email:krpneelima@yahoo.co.in
Date of Birth:17-09-1991(3.02pm)
Sishta Dasa:Sukra-15-6-9





Contact Address:
MR. RAJASEKHARAN PILLAI
FLAT.NO.7B,
TRANS AVENUE APARTMENTS
MAVELIPURAM HOUSING COLONY
KAKKANAD P.O
KOCHI 682030

---

Nair Boy, 33/167cm, Moolam, Mechanical Diploma, Worked in MPI Distribution, Mob:- 9447797717

Email:jinshnurajmr@gmail.com
Date of Birth:20-03-1990 (12.00 am)
Sishta Dasa:Ketu - 03-03-22





Contact Address:
MR. M.R. RAJAN
N R NIVAS, THENGAMAM P.O
ADOOR
PATHANAMTHITTA - 690522

---

Pisharody Boy, 32/177cm, Pooradam, Software Engineer, Pursuing MBA in Germany, Vegetarian, Mob:-8281993545, 9995564469

Email:gokulamek@yahoo.com
Date of Birth:04-05-1991(6.00.02pm)
Sishta Dasa: Venus -06-06-26





Contact Address:
MR. GOKULAN E.K
PISHARAM, TEMPLE ROAD
KADAVANTHRA P.O
KOCHI - 682020

---

Nambiar-Nair Boy, 33/ 170cm, Karthika 3/4 (Edavam) B.Tech - MBA, Territory Manager - Sales Marketing with an MNC Electrical Industry, Placed at Ernakulam, Pref: Girls from Nambiar Family, Professionally qualified and preferably employed Mob:+91 09449596908

Email:ppcnambiar@gmail.com
Date of Birth:23-8-1989(2.04pm)
Sishta Dasa:Ravi:4-1-29




Contact Address:
Parents Originally from Kannur and Presently living in Bangalore

---

**മാംഗല്യത്തിൽ രജിസ്റ്റർ ചെയ്യൂ**

**ഉത്തമ പങ്കാളിയെ കണ്ടെത്തൂ.**

For matrimony registration on KarayogamMangalyam visit

https://karayogammangalyam.com/free/a1

**കൂടുതൽ വിവരങ്ങൾക്ക്:-**


**Ph: 9447171160**

---

## വരനെ ആവശ്യമുണ്ട്

Nair Girl, 32/157cm, Uthrattathi, Masters in International Business, Flipkart Manager, Bangalore, Mob:- 8137891225, +971 559175249

Email:balanknair@gmail.com
Date of Birth:21-01-1991 (2.02 pm)
Sishta Dasa:10-10-09




Contact Address:
MR. BALACHANDRAN NAIR
FLAT NO. E-802
CONFIDENT CYGNUS III
POOKATTUPADI
ERNAKULAM - 683561

# 2023-2024 ലെ എറണാകുളം കരയോഗം ഭരണസമിതി അംഗങ്ങൾ



**President**
A. Muraleedharan
Ph: 9447060693



**Gen. Secretary**
P. Ramachandran (Venu)
Ph: 9447053940



**Treasurer**
CA. K.T. Mohanan
Ph: 9947134381



**Vice President**
Adv. A. Balagopalan
Ph: 9847039205



**Vice President**
S. Sreekumar
Ph: 9446517644



**Asst. Secretary**
K. Janardhanan
Ph: 9745007187



**Asst. Secretary**
P. Girijavallabhan
Ph: 9447818431



**M. Sreevallabhan Nair**
Ph: 9947736071



**CA. Anil K Nayar**
Ph: 9447080703



**Sajeevkumar Palazhi**
Ph: 9447170198



**Manoj B Nair**
Ph: 9847273927



**Manoj Alappat**
Ph: 9447061888



**Rajagopal. K**
Ph: 9447665607



**Balachandran. M**
Ph: 9349843097



**Sarathkumar. S**
Ph: 9847049542



**Prof. C. Sumangaladevi**
Ph: 9447785214



**Sudha Krishnakumar**
Ph: 9544629588



**N.T. Saralakumari**
Ph: 9446207177



**Subha Vijayakumar**
Ph: 9446357315



**T.P. Sreekumar**
Ph: 9847911377



**Mukundan Mullooth**
Ph: 9446095026

DATE OF PUBLICATION: 10-08-2023

RNI NO. KERMAL/2008/23515
REGISTERED NEWSPAPER

REGISTERED NO. KL/EKM/761/2022-24
LICENSE NO. KL/CR/EKM/WPP-7/2022-24
LICENSED TO POST WITHOUT PREPAYMENT

Volume No. 15 AUGUST 2023 Issue No. 8

## എറണാകുളം കരയോഗം സാംസ്ക്കാരിക വിഭാഗം

# സംഗീത സായാഹ്നം

ആഗസ്റ്റ് 13 ഞായറാഴ്ച
വൈകുന്നേരം 4 മണിക്ക്

## ബീം ആഗസ്റ്റ് മാസ പരിപാടി

മാംഗോസ്റ്റിൻ ക്ലബ്ബ് കോഴിക്കോട്
അവതരിപ്പിക്കുന്ന

# സംഗീത വിരുന്ന്

ആഗസ്റ്റ് 22 ചൊവ്വാഴ്ച വൈകുന്നേരം
6.30ന് ടി.ഡി.എം. ഹാളിൽ

# ഗജപുരാണം



എറണാകുളം കരയോഗം ഹെറിറ്റേജ് ഗ്രൂപ്പിന്റെ ആഭിമുഖ്യത്തിൽ കേരളത്തിലെ പഴയകാല കൊമ്പനാനകൾ മുതൽ ഇന്നത്തെ സൂപ്പർ സ്റ്റാർ ഗജേന്ദ്രന്മാരുടെയും പാപ്പാന്മാരുടെയും വീര കഥകളും പടങ്ങളും ആനമർമ്മങ്ങളും ചികിത്സാരീതികളും ആനപകയും പൂരപറമ്പിലെ ആനച്ചന്തവും എല്ലാം വിവരിച്ചുകൊണ്ട് ആനപ്രേമി എം. ബാലചന്ദ്രൻ സംസാരിക്കുന്നു.

**2023 ആഗസ്റ്റ് 19 ശനിയാഴ്ച വൈകീട്ട് 5ന് ടിഡിഎം ഹാളിൽ.**
**ഏവർക്കും സ്വാഗതം.**

*If undelivered please return to:*
Karayoga Souhridam
T.D.M Hall Complex, D.H. Road,
Kochi 682016, Kerala

The Views expressed in this journal are those of the authors and need not necessarily reflect the policies and views of Ernakulam Karayogam

Printed by M. Sreevallabhan nair Published by M. Sreevallabhan Nair on behalf of Ernakulam Karayogam, TDM Hall complex, Durbar Hall Road, Kochi-682016, Ph : 0484 -2361160, E mail : ekmkgm@gmail.com, Website : www.ernakulamkarayogam.com and Printed at Sterling Print House (P) Ltd., Door.No.49/1849, AIMS Ponekkara P.O, Kochi-682041, Ph: 0484-2802522, 2800406 for Murali Industries, Babu Cottage, Alappat extn.Road, Behind Ravipuram Temple, Kochi-682016 and Published at Ernakulam Karayogam, TDM Hall Complex, Durbar Hall Road, Kochi-682016. Editor: M. Sreevallabhan Nair- Mob: 9947736071.

**സേവനം ജീവിതസാഫല്യം**